يا باغي الخير اقب

Come On For Charity

# അൽ ഇസ്തിഗാസ:

കെ. പി.
മുഹമ്മദുബ്നു അഹ്മദ്

# الاستغاثة

ك. بي. محمد بن أحمد

e Cooperative Office For Call & Guidance to Communities at Rawdhah Area
Under the Supervision of Ministry of Islamic Affairs and Endowment and
Call and Guidance - Riyadh - Rawdhah
Tel. 4918051 Fax 4970561 - P.O. Box 87299 Riyadh 11642

المليبارية

١٠٠

إِذْ قَالَ لِأَبِيهِ وَقَوْمِهِ مَا هَٰذِهِ
التَّمَاثِيلُ الَّتِي أَنْتُمْ لَهَا عَاكِفُونَ ۝
قَالُوا وَجَدْنَا آبَاءَنَا لَهَا عَاكِفِينَ ۝
قَالَ لَقَدْ كُنْتُمْ أَنْتُمْ وَآبَاؤُكُمْ
فِي ضَلَالٍ مُبِينٍ ۝ ( ٢١ - ٥١، ٥٢، ٥٣ )

ك. بى. محمد بن احمد
( امين العام لندوة المجاهدين - كيرالا )

# الاستغاثة

ناشر — كيرالا ندوة المجاهدين
( مجلة المنار )
مركز المجاهدين . كاليكوت - ٢

بمساعدة : احياء التراث الاسلامي - الكويت

കെ. പി.

മുഹമ്മദുബ്നു അഹ്മദ്

# അൽ ഇസ്തിഗാസ:

# AL ISTHIGASATHU

( MALAYALAM )

K. P. MUHAMMED BIN AHMAD

( General Secretary
Nadvathul Mujahideen - Kerala )

Printed at:

Mujahid Printery, Calicut - I

Published by :

Kerala Nadvathul Mujahideen
( Al Manar Monthly )
Mujahid Centre, Calicut - 2.

( Copy Right Reserved )

Copies 3000/'87

# വിഷയ വിവരം


| | വിഷയങ്ങൾ | പേജ് |
|---|---|---|
| 1 | ആമുഖം | 1 |
| 2 | അഭ്യർത്ഥനയും പ്രാർത്ഥനയും | 7 |
| 3 | പ്രാർത്ഥന തന്നെ ആരാധന | 15 |
| 4 | ഒരു തെററിദ്ധരിപ്പിക്കലും മറുപടിയും | 31 |
| 5 | മരിച്ചവരും ജീവിച്ചിരിക്കുന്നവരും | 34 |
| 6 | 'ഖലീബ്'' സംഭവം | 43 |
| 7 | 'അയ്യുഹന്നബി'യ്യിലെ ഇസ്തിഗാസ: | 53 |
| 8 | ശുഹദാക്കളുടെ ജീവിതം | 60 |
| 9 | മരിച്ച മൂസാ നബി (അ) യും ജീവിക്കുന്ന മുഹമ്മദ് നബി (സ) യും | 69 |
| 10 | പണ്ഡിതൻമാർ എന്തു പറയുന്നു? | 80 |
| 11 | ഖുർആൻ വചനത്തിന്നു ഒരു ദുർവ്യാഖ്യാനം | 85 |
| 12 | അവിശ്വാസികളുടെ നിരാശ | 95 |
| 13 | സത്യവിശ്വാസികളുടെ സഹായം | 101 |
| 14 | ഈസാ നബിയുടെ സഹായാഭ്യർത്ഥന | 113 |
| 15 | മുഴുവൻ കഴിവും അല്ലാഹുവിന്ന് | 118 |
| 16 | വസ്അൽ മൻ അർസൽനാ | 142 |

# രണ്ടു വാക്ക്

കേരള മുസ്ലിംകൾക്കിടയിൽ കോളിളക്കം സൃഷ്ടിച്ച വിവാദവിഷയമാണ് അൽ ഇസ്തിഗാസഃ. ഇസ്ലാമിന്റെ മൂലശിലയായ തൗഹീദുമായി ബന്ധപ്പെട്ട വിഷയമെന്ന നിലക്ക് മുസ്ലിം പണ്ഡിതന്മാരും പാമരൻമാരും ഒരുപോലെ അതിൽ താൽപര്യം കാണിക്കുന്നു.

അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കാമോ; മരിച്ചവർ കേൾക്കുമോ; അവർക്ക്, മററുള്ളവരെ സഹായിക്കാനും ആപത്തുകളിൽ രക്ഷിക്കാനും കഴിയുമോ?

''അല്ലാഹുവല്ലാത്തവരേയും വിളിച്ചു പ്രാർത്ഥിക്കാം; അവരോടു സഹായത്തിന്നും രക്ഷക്കും അപേക്ഷിക്കാം; മരിച്ചവർ കേൾക്കും; അവർക്കു മററുള്ളവരെ സഹായിക്കാനും ആപത്തുകളിൽരക്ഷിക്കാനും കഴിയും.... കേരളത്തിലെ ഒരു വലിയ വിഭാഗം പണ്ഡിതന്മാർ ഇങ്ങനെയെല്ലാം വാദിക്കുന്നു. തെളിവുകളും ന്യായീകരണങ്ങളും നൽകുന്നു!

''പ്രാർത്ഥന അല്ലാഹുവിന്നുമാത്രം അവകാശപ്പെട്ടതാകുന്നു. എന്തുകൊണ്ടെന്നാൽ, പ്രാർത്ഥന ഇബാദത്താണ്; ഇബാദത്തിന്റെ മജ്ജയാണ്. അതുകൊണ്ടു

അല്ലാഹുവല്ലാത്ത ആരെവിളിച്ചു പ്രാർത്ഥിക്കുന്നതും തൗഹീദിനു നിരക്കാത്ത മഹാപാപമാകുന്നു. മരിച്ചവർ കേൾക്കുകയില്ല അവർക്ക് ആരെയും സഹായിക്കാനോ രക്ഷപ്പെടുത്താനോ കഴിയുകയില്ല......'' എന്നിങ്ങനെ മറെറാരു വിഭാഗം പണ്ഡിതന്മാരും സമർത്ഥിക്കുന്നു. തെളിവുകളും പ്രമാണങ്ങളും അവതരിപ്പിക്കുന്നു.

ഇങ്ങനെ ഇസ്തിഗാസയെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വിരുദ്ധ വാദങ്ങളും തെളിവുകളും പരിശുദ്ധ ഖുർആനിൻേറയും നബിചര്യയുടേയും, പൂർവ്വകാല പണ്ഡിതന്മാരുടെ അഭിപ്രായങ്ങളുടേയും വെളിച്ചത്തിൽ വിലയിരുത്തുകയും വസ്തുനിഷ്ടമായി പഠിക്കുകയും ചെയ്ത ഒരമൂല്യകൃതിയാണു അൽ ഇസ്തിഗാസ: സത്യം കണ്ടെത്താനും ഉൾകൊള്ളാനും സന്മനസ്സുള്ളവരെ സഹായിക്കുന്ന വിജ്ഞാനപ്രദമായ കൃതി.

കേരളനദ്വത്തുൽ മുജാഹിദീൻ ജനറൽ സിക്രട്ടറി ജ: ***കെ. പി. മുഹമ്മദു മൗലവി*** എഴുതിയതും, അൽ മനാർ മാസികയിൽ ഖണ്ഡ:ശ പ്രസിദ്ധീകരിക്കപ്പെട്ടതുമായ ലേഖനപരമ്പരയുടെ സമാഹാരമാണ് ഈ കൃതി. ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ സസന്തോഷം സമ്മതമേകിയ ഗ്രൻഥകർത്താവിനേയും, ഇതിൻെറ പ്രസിദ്ധീകരണത്തിൽ സാമ്പത്തികസഹായം നൽകിയ 'ഇഹ്യാഉ - ത്തുറാസിൽ ഇസ്ലാമി (കുവൈത്ത്) യേയും കൃതജ്ഞതാപൂർവ്വം ഞങ്ങളിവിടെ അനുസ്മരിക്കട്ടെ. കടലാസിൻെറ വിലയും അച്ചടിക്കൂലിയും എല്ലാം വളരെ വർദ്ധിച്ച ഈ പരിതസ്ഥി

തിയിലും, ആപേക്ഷികമായി ചുരുങ്ങിയ വിലക്ക് ഇതു ഞങ്ങൾക്ക് വിൽക്കാൻ കഴിയുന്നതു ഗ്രന്ഥകർത്താവിന്റേയും ഇഹ്യാഉത്തുറാസിൽ ഇസ്ലാമിയുടേയും സഹായംകൊണ്ടാണ്. തക്ക പ്രതിഫലം നൽകി അല്ലാഹു അവരെ അനുഗ്രഹിക്കുമാറാകട്ടെ.

ഇസ്ലാമിന്നും മുസ്ലിംകൾക്കും ഉപകാരപ്രദമായ ഒരു കൃതി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ അൽ മനാർ ഇതു സാദരം സമർപ്പിക്കുന്നു. അല്ലാഹു അക്ബർ.

— മൂസാ, വാണിമേൽ.
പത്രാധിപർ.
അൽ മനാർ മാസിക,
മുജാഹിദ് സെന്റർ
കോഴിക്കോട്—2

# അൽ ഇസ്തിഗാസ

**ആമുഖം**

**കേരള മുസ്ലിംകൾക്കിടയിൽ പരക്കെ അറിയപ്പെടുന്ന രണ്ടു അറബിപദങ്ങളാണു തവസ്സുലും ഇസ്തിഗാസയും. (التوسل والاستغاثة) ഇതിൽ തവസ്സുലിനെ കുറിച്ചു സാമന്യം സമഗ്രമായി നടത്തിയ പഠനം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു. തുടർന്നു ഇസ്തിഗാസയെക്കുറിച്ചും സമഗ്രമായി നടത്തിയ ഒരു പഠനമാണ് ഈ പുസ്തകം. മുസ്ലിംകളുടെ വിശ്വാസവുമായി അഗാധ ബന്ധംപുലർത്തുന്ന ഈ വിഷയവും മനസ്സിരുത്തി പഠിക്കുകയും, മുൻ തീരുമാനങ്ങളൊന്നുമില്ലാതെ കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്യണമെന്നു ആദ്യംതന്നെ ഉണർത്തട്ടെ. ഇസ്തിഗാസയുടെ അർത്ഥവും ആശയവും അതിലെ അനുവദനീയവും അല്ലാത്തതുമായ വശങ്ങളും എല്ലാം ഗൗരവപൂർവ്വം ഗ്രഹിക്കേണ്ടിയിരിക്കുന്നു.**

ഇസ്തിഗാസ എന്നപദം, 'സഹായം' എന്നർത്ഥമുള്ള 'ഗൗസി' (غوث) ത് നിന്നും, 'മഴ' എന്നർത്ഥമുള്ള 'ഗൈസി' (غيث)ൽ നിന്നും ഉത്ഭവിക്കാം. അപ്പോൾ, 'സഹായം തേടൽ', 'മഴ തേടൽ' എന്നിങ്ങനെ ഇസ്തിഗാസക്ക് രണ്ടർത്ഥം വരുന്നു. മഴ തേടുന്ന നമസ്കാരത്തിനു صلاة الاستسقاء എന്നും പറയാറുണ്ട്. പക്ഷെ

സാധാരണയായി صلاة الاستسقاء എന്നും പ്രയോഗിക്കുന്നു. 'അൽറാഗിബുൽ ഇസ്ഫഹാനി' തന്റെ 'അൽമുഫ്റദാത്ത്' എന്ന നിഘണ്ടുവിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

استغثته؛ طلبت الغوث والغيث فاغاثني من الغوث وغاثني
من الغيث - ( المفردات )

'ഞാൻ അദ്ദേഹത്തോടു ഇസ്തിഗാസ ചെയ്തു എന്നുപറഞ്ഞാൽ ഞാൻ സഹായം തേടിയെന്നോ മഴ തേടി എന്നോ അർത്ഥം വരാവുന്നതാകുന്നു. സഹായം നല്കി എന്നർത്ഥത്തിലാണെങ്കിൽ 'അഗ സാനി' ( اغاثني ) എന്നും മഴ നല്കി എന്ന അർത്ഥത്തിലാണെങ്കിൽ 'ഗാസനീ' ( غاثني ) എന്നും പ്രയോഗിക്കുന്നു. എന്നിരുന്നാലും മഴ തേടി എന്നർത്ഥത്തിൽ ഇസ്തിഗാസയുടെ പ്രയോഗം വളരെ വിരളമാകുന്നു. ഇനി മഴ തേടലും ഒരു നിലക്ക് സഹായം തേടൽ തന്നെയാണെന്ന അർത്ഥത്തിൽ അങ്ങനെ പ്രയോഗിക്കുന്നതു ഭാഷാപരമായി തെററല്ല. ഏതായാലും, സഹായം തേടുകയെന്ന അർത്ഥത്തിലാണ് ഇസ്തിഗാസയെക്കുറിച്ച് നാം ഇവിടെ ചർച്ചചെയ്യാനുദ്ദേശിക്കുന്നത്.

മനുഷ്യൻ, തന്റെ സൃഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്നു പുറമെ മററുപലരോടും പ്രാർത്ഥിക്കുകയും സഹായം തേടുകയും ചെയ്തുവരുന്നു. 'ഇസ്തിഗാസ' എന്ന പേരു്നല്കി ഇതിനെ ന്യായീകരിക്കാനുള്ള ശ്രമവും നടന്നുവരുന്നു. മുമ്പുകാലങ്ങളിൽ, അല്ലാഹു അല്ലാത്തവരോടു ''സഹായംതേടൽ'' എന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ചുകൊണ്ടായി

രുന്നു ഇസ്തിഗാസയെ ന്യായീകരിച്ചിരുന്നതു. അല്ലാഹു അല്ലാത്തവരോട് ''പ്രാർത്ഥിക്കുക'' എന്ന അർത്ഥത്തിൽ അതിനെ ന്യായീകരിക്കാനുള്ള 'ധൈര്യം' ആരും കാണിച്ചിരുന്നില്ല. അല്ലാഹുവിനെകുറിച്ചും പരലോകജീവിതത്തെക്കുറിച്ചുമുള്ള വിശ്വാസത്തിൽ പ്രത്യക്ഷത്തിൽ തന്നെയുണ്ടായമാററമാണു ഈ 'ധൈര്യ'ത്തിന്നു പ്രധാനകാരണം.

22 കൊല്ലങ്ങൾക്ക് മുമ്പ്—1964ൽ-സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സിക്രട്ടറി ജ: ഇ കെ. അബൂബക്കർ മുസല്യർ വളവന്നൂരിൽവെച്ച് നടത്തിയ ഒരു 'വയസ്' പരമ്പരയിൽ ഇസ്തിഗാസയെ ശക്തിയായി ന്യായീകരിക്കുകയുണ്ടായി. മുസ്ല്യാരുടെ ന്യായീകരണം അങ്ങേയററം തെററാണെന്നും, അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ 'ശിർക്കും' കുഫ്റുമാണെന്നും മുസ്ല്യാരുടെ സാന്നിദ്ധ്യത്തിൽതന്നെ അതു തെളിയിക്കാൻ ഞാൻ സന്നദ്ധമാണെന്നും വിനീതനായ ഈ ഗ്രന്ഥകർത്താവ് 'വയസ്' കമ്മിററിയെ അറിയിച്ചു. അതിനെതുടർന്ന് 'വയസ്കമ്മിററി' അങ്ങേയററം ശ്രമിച്ചിട്ടും ''അല്ലാഹുവല്ലാത്തവരെ വിളിച്ച്സഹായം തേടാ''മെന്നല്ലാതെ, 'പ്രാർത്ഥിക്കാമെന്നു' സമ്മതിക്കാൻ മുസ്ല്യാർ തയ്യാററായില്ല. അബൂബക്കർ മുസ്ല്യാർ മാത്രമല്ല; അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുകയെന്ന അർത്ഥത്തിൽ ഇസ്തിഗാസയെ ന്യായീകരിക്കാൻ അന്നു ഒരു മുസ്ല്യാരും ധൈര്യം കാണിച്ചിരുന്നില്ല. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ; ഇന്നിതാ പ്രാർത്ഥിക്കുകയെന്ന അർത്ഥത്തിൽ തന്നെ ഇസ്തിഗാസയെ ന്യായീകരിക്കാനും, ഇസ്ലാമിൽ അതു അനുവദനീയം മാത്രമല്ല: ആവശ്യമാണെന്നുകൂടി സ്ഥാപി

ക്കാനും അതേ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിലെ എല്ലാ പണ്ഡിതൻമാരും വെമ്പൽ കാണിക്കുകയാണ്! യാതൊരു മടിയോ മനസ്സാക്ഷിക്കുത്തോ ഇല്ലാതെ വള രെ പരസ്യമായും ഉറക്കെയും അവരങ്ങിനെ വാദിച്ചു നടക്കുകയും ചെയ്യുന്നു. ഏകദേശം എട്ടുപത്ത് കൊല്ല ങ്ങൾക്ക്മുമ്പ് കോഴിക്കോടു (കുററിച്ചിറ)വെച്ചുനടന്ന വാദപ്രതിവാദത്തിലും അനന്തരം കൊട്ടപ്പുറത്ത് വെ ച്ചു നടന്ന വാദപ്രതിവാദത്തിലുമെല്ലാം സമസ്ത കേരള ജംഇയ്യത്തുൽ ഉലമയെ പ്രതിനിധീകരിച്ചു സംസാരിച്ച പണ്ഡിതന്മാരെല്ലാം മുഖ്യമായും വാദിച്ചതു അല്ലാ ഹുവല്ലാത്തവരേയും വിളിച്ചു പ്രാർത്ഥിക്കാമെന്നു ത ന്നെയായിരുന്നു. രണ്ടു സദസ്സുകളിലും ആദ്യന്തം പ ങ്കെടുത്ത പരലക്ഷം മുസ്ലിംകൾ ഇതിനുസാക്ഷിക ളായി. വിവരമില്ലാത്ത ബഹുജനങ്ങൾ പിന്നിലുണ്ടെ ന്ന ഏക അടിസ്ഥാനത്തിൽ, ഇസ്ലാമിൻെറ കരളും കാ തലുമായ തൗഹീദിനു നേരെ നടത്തുന്ന പരസ്യമായ ഈ അക്രമണം എന്തുമാത്രം ധിക്കാരമല്ല.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ വാദത്തിൽ വന്ന പ്രകടമായ ഈ മാററത്തിൻെറ ആരംഭം, ഏകദേശം പതിനാലു കൊല്ലങ്ങൾക്ക് മുമ്പ് - 1974ൽ ഒരു വാദ പ്രതിവാദത്തിൻെറ വ്യവസ്ഥ നിശ്ചയിക്കാൻ തലശ്ശേ രി ടി. ബി. യിൽ ചേർന്ന സംയുക്ത യോഗത്തിൽ അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ ശിർ ക്കാണെന്നു മുജാഹിദ് പക്ഷം പ്രസ്താവിക്കുകയും, അതെക്കുറിച്ചുള്ള മറുപക്ഷത്തിൻെറ വാദം എന്താണെ ന്നു വ്യക്തമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ, നമുക്കിടയിലുള്ള അഭിപ്രായ വ്യത്യാസം പ്രാർത്ഥിക്കുന്നതിനെക്കുറിച്ചല്ല, സഹായം തേടലി

നെക്കുറിച്ചാണെന്നു അവർ പറഞ്ഞു. അങ്ങനെയാണെങ്കിൽ അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ ശിർക്കാണെന്നു നിങ്ങൾ തുറന്നു സമ്മതിക്കുക, അനന്തരം, സഹായം തേടലിനെക്കുറിച്ചു നമുക്ക് ചർച്ച ചെയ്യാമെന്നു മുജാഹിദു പക്ഷം ആവശ്യപ്പെട്ടു. ഒന്നുകിൽ അല്ലാഹുവല്ലാത്തവരോടു പ്രാർത്ഥിക്കൽ ശിർക്കാണെന്നു തുറന്നു സമ്മതിക്കുക, അല്ലെങ്കിൽ അനുവദനീയമാണെന്നു ഏറ്റു പറയുക - രണ്ടിലൊന്നിന്നു സമസ്തയിലെ പണ്ഡിതൻമാർ നിർബ്ബന്ധിതരായിത്തീർന്നു. ശിർക്കാണെന്നു സമ്മതിക്കുകയാണെങ്കിൽ അതോടെ സമസ്തയുടെ കാററുപോകുമെന്നു അവർക്കറിയാം. അനുവദനീയമാണെന്നു പറയുകയാണെങ്കിൽ അത് വ്യക്തമായ ഒരു ശിർക്കിന്ന് പരസ്യമായ അംഗീകാരം നൽകുന്ന കഠിന വൃത്തിയായിത്തീരുകയും ചെയ്യും. ഈ നിർണ്ണായക ഘട്ടത്തിൽ എ. പി. അബൂബക്കർ മുസല്യാർ (കാന്തപുരം) പ്രാർത്ഥനയെന്നാൽ 'പ്രാ' കൂടിച്ചേർന്ന അർത്ഥനയും, 'അർത്ഥന' യെന്നാൽ സഹായം തേടലുമാണെന്നും, അപ്പോൾ പ്രാർത്ഥനയെന്നു പറഞ്ഞാലും സഹായം തേടൽ തന്നെയാണെന്നും ദുർവ്യാഖ്യാനിച്ചു, അങ്ങനെ പരേതനായ ഇ. കെ. അസ്സൻ മുസല്യാരുടേയും മററും സമ്മതത്തോടെ അല്ലാഹുവല്ലാത്തവരോടു പ്രാർത്ഥിക്കലും അനുവദനീയമാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. അപ്പോഴും, വലിയൊരു മന:ക്ലേശം അവരിൽ പലരും അനുഭവിക്കുന്നുണ്ടെന്നു വ്യക്തമായിരുന്നു, ഇതു കഴിഞ്ഞു, കൊല്ലങ്ങൾക്ക് ശേഷം നടന്ന ചില വാദ പ്രതിവാദങ്ങളിലും പ്രാർത്ഥനയെ പ്രാ + അർത്ഥനയെന്ന നിലക്ക് 'പ്ലാസ്ററിക്ക് സർജ്ജറി' നടത്തിയിട്ടു വേണ്ടിവന്നു അതനുവദനീയമാണെന്നു അവർക്ക് വാദിക്കാൻ,

ഇങ്ങനെ തലശ്ശേരി സംഭവത്തിന്നു ശേഷം മാത്രമാണു അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ അനുവദനീയമാണെന്നു സമസ്ത കേരള ജം ഇയ്യത്തുൽ ഉലമാ പരസ്യമായി പ്രഖ്യാപിച്ചു തുടങ്ങിയത്. എന്നിരുന്നാലും, ഒരു കാര്യം വളരെ വ്യക്തമായി ഇതിൽ നിന്നു മനസ്സിലാക്കാം. അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതു അനുവദനീയമാണെന്നു തുറന്നു പ്രഖ്യാപിക്കാൻ, സമസ്ത കേരള ജം ഇയ്യത്തുൽ ഉലമയിലെ പല പണ്ഡിതൻമാരും ആദ്യം ധൈര്യം കാണിക്കാതിരിക്കുകയും; പിൽകാലത്തു, എന്തുചെയ്യാനും എന്തു പറയാനും മടിതോന്നാത്ത പണ്ഡിതന്മാർ രംഗത്തു വന്നിട്ടുകൂടി, അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന അനുവദനീയമാണെന്നു നേർക്കുനേരെ പ്രഖ്യാപിക്കാൻ ധൈര്യം കാണിക്കാതിരിക്കുന്നതും ചെയ്യുമ്പോൾ അതിന്നുമാത്രമുള്ള ഒരാപത്ത് അതിൽ ഒളിഞ്ഞു കിടക്കുന്നുണ്ടു. അത് തൗഹീദിൻെറ അടിവേര് നശിപ്പിക്കുന്നതാകുന്നു.

'' അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ എന്ന അർത്ഥത്തിൽ ഇസ്തിഗാസ: ശിർക്കും കുഫ്റുമാണെ''ന്നത്രെ നമ്മുടെ വാദം. അതു അനുവദനീയമാണെന്നു മറുപക്ഷവും വാദിക്കുന്നു. അനുവദനീയമെന്നല്ലാതെ വാജിബാണെന്നോ സുന്നത്താണെന്നോ ഇപ്പോൾ അവർക്കും വാദമില്ല. അനുവദനീയമെന്നനിലക്ക് അല്ലാഹുവിൽനിന്നു പ്രതിഫലം കിട്ടുമെന്ന നിലക്ക് അല്ലാഹുവിൽനിന്നു പ്രതിഫലം കിട്ടുന്ന കാര്യമാണെന്നു കൂടി അവരും വാദിക്കുന്നില്ല. (ഇനിയും ഈ വാദങ്ങളിൽ അവർക്ക് മാററമുണ്ടായിക്കൂടെന്നു പറയാവതല്ല.) ഏതായാലും ഇസ്തിഗാസ ചെയ്യു

തിരിക്കുന്നതു തെററോ കുററമോ അല്ല. ഒരാളുടെ ഇസ്ലാമിലോ ഈമാനിലോ വല്ല കുറവും അതു മുഖേനെയുണ്ടാകുന്നുമില്ല. എങ്കിൽ, ബുദ്ധിയും വിവേകവും ആവശ്യപ്പെടുന്നതു വിഷമുണ്ടായാലും ഇല്ലെങ്കിലും പാമ്പിൻെറ മടയിൽ കയ്യിടാതിരിക്കണമെന്നാണു.

## അഭ്യർത്ഥനയും പ്രാർത്ഥനയും

ബുദ്ധിയും വിവേകവുമുള്ള സാമൂഹ്യ ജീവിയാണ് മനുഷ്യൻ. തൻെറ ബുദ്ധിപരമായ കഴിവും വിവേചന ശക്തിയുമുപയോഗിച്ചു അവൻ വളരുകയും വിവിധ തലങ്ങളിൽ പുരോഗതിപ്പെടുകയും ചെയ്യുന്നു. വളർച്ചയുടേയും പുരോഗതിയുടേയും ഈ എല്ലാഘട്ടങ്ങളിലും പലരുടേയും സഹായങ്ങളും സഹകരണങ്ങളും അവനു ആവശ്യമായി വരുന്നു. മാതാപിതാക്കൾ, സഹോദരസഹോദരികൾ, ഭാര്യാ സന്താനങ്ങൾ, തുടങ്ങി അയൽവാസികൾ, നാട്ടുകാർ, വിവിധതരം തൊഴിലാളികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ഭരണകർത്താക്കൾ ......... ഇങ്ങിനെ പതിനായിരങ്ങളുടെ നേരിട്ടും അല്ലാതെയുമുള്ള സഹായ സഹകരണങ്ങൾ അനുഭവിച്ചു കൊണ്ടാണ് അവൻ ജനിക്കുന്നതും വളരുന്നതും പുരോഗതി പ്രാപിക്കുന്നതുമെല്ലാം. ഈ നിലകളിലെല്ലാം അന്യരുടെ സഹായവും സഹകരണവും ആവശ്യമായതു കൊണ്ടാണ് അന്യോന്യം സഹായിക്കണമെന്നും സഹകരിക്കണമെന്നും പരിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നതും.

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى

الإِثْمِ وَالْعُدْوَانِ وَاتَّقُوا اللَّهَ - ( المائدة )

'' പുണ്യത്തിന്റെയും ഭക്തിയുടെയും കാര്യങ്ങളിൽ നിങ്ങൾ അന്യോന്യം സഹായിക്കുക; പാപത്തിന്റെയും അധിക്രമത്തിന്റേയും കാര്യങ്ങളിൽ അന്യോന്യം സഹായിക്കാതിരിക്കുകയും ചെയ്യുക - അല്ലാഹുവിനെ സൂക്ഷിക്കുക.'' അപ്പോൾ മനുഷ്യരിൽ ഓരോരുത്തർക്കും മററുള്ളവരെ സഹായിക്കുകയും, മററുള്ളവരുടെ സഹായം സ്വീകരിക്കുകയും ചെയ്യാതെ ഇവിടെ ജനിക്കാനും വളരാനും പുരോഗതിപ്പെടാനും ആർക്കും സാധ്യമല്ല. കുററകരവും നാശകരവുമല്ലാത്ത മാർഗ്ഗങ്ങളിലല്ലെങ്കിൽ, അന്യരെ സഹായിക്കുന്നതും അന്യരിൽനിന്നു സഹായം സ്വീകരിക്കുന്നതും ഇസ്ലാമിൽ വിരോധിക്കപ്പെടുന്നില്ല. എന്നല്ല, പ്രോത്സാഹിപ്പിക്കുകയാണ് ഇസ്ലാം ചെയ്യുന്നതെന്നു മേലുദ്ധരിച്ച ഖുർആൻ വചനത്തിൽ നിന്നു തന്നെ മനസ്സിലാക്കാം.

സാധാരണഗതിയിൽ സമൂഹത്തിൽ അനസ്യൂതം നടന്നുകൊണ്ടിരിക്കുന്ന ഈ സഹായ സഹകരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരാൾ, മററുവല്ലവരോടും എന്തെങ്കിലും സഹായമാവശ്യപ്പെടുന്നതിന്നു അറബിഭാഷയിൽ ' ഇസ്തിഗാസത്ത് '( [illegible] ) എന്നു പ്രയോഗിക്കപ്പെടാറുണ്ട്. ഇതേ അർത്ഥത്തിൽതന്നെയുള്ള അതിന്റെ പ്രയോഗം പരിശുദ്ധ ഖുർആനിലും കാണാം. മൂസാ (അ)യോടു അദ്ദേഹത്തിന്റെ ഗോത്രത്തിൽ (ബനൂഇസ്രാഈൽ)പെട്ട ഒരു വ്യക്തി, അദ്ദേഹത്തിന്റെ ശത്രുവിനെതിരിൽ സഹായമഭ്യർത്ഥിച്ച ഒരു സംഭവം വിവരിക്കുമ്പോൾ ഇസ്തഗാസ ( [illegible] )

എന്ന പദമാണ് ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു. ' സൂറത്തുൽഖസസി 'ൽ ആഭാഗം ഇങ്ങിനെ കാണാം'

وَدَخَلَ الْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِنْ أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَٰذَا مِنْ شِيعَتِهِ وَهَٰذَا مِنْ عَدُوِّهِ فَاسْتَغَاثَهُ الَّذِي مِنْ شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ .... الآية

'' ആ പട്ടണത്തിലെ (ഈജിപ്ത്) ആൾക്കാർ അശ്രദ്ധയിലായിരുന്ന സമയത്ത് അദ്ദേഹം(മൂസാ.അ) അവിടെ പ്രവേശിച്ചു. തദവസരത്തിൽ രണ്ടുപേർ ശണ്ഠം കൂടുന്നതു അദ്ദേഹം കണ്ടു. ഒരാൾ തൻെറ കക്ഷിയിൽ (ബനൂ ഇസ്രാഈൽ) പെട്ടവനും അപരൻ ശത്രുകക്ഷിയിൽ (ഖിബ്ത്തി) പെട്ടവനുമായിരുന്നു. ആ നിലക്ക് അദ്ദേഹത്തിൻെറ കക്ഷിക്കാരൻ ശത്രുകക്ഷിയിൽ പെട്ടവനെതിരിൽ മൂസാ(അ)നോടു സഹായമഭ്യർത്ഥിച്ചു...''

ശത്രുക്കളുമായി ഏററുമുട്ടുമ്പോൾ സ്വന്തക്കാരിൽ നിന്ന് ആരും ആവശ്യപ്പെടുന്ന സാധാരണ സഹായം തന്നെയാണ് ഇവിടെ മൂസാ (അ)യോട് അദ്ദേഹത്തിൻെറ കക്ഷിയിൽപെട്ടവനും ആവശ്യപ്പെട്ടിരുന്നത്. ആ നിലക്കുള്ള സഹായാഭ്യർത്ഥനക്കാണ് ഖുർആനിൽ 'ഇസ്തിഗാസത്ത്' എന്ന പദം പ്രയോഗിച്ചിരിക്കുന്നതും. ഈ അർത്ഥത്തിൽ, അതായത് സാധാരണയായി മനുഷ്യർ നടത്തിവരുന്ന സഹായാഭ്യർത്ഥ

നയുടെ അർത്ഥത്തിൽ 'ഇസ്തിഗാസ' ഇസ്ലാമിൽ നിഷിദ്ധമല്ല. നിഷിദ്ധമാണെന്ന് ആർക്കും വാദവുമില്ല. എന്നു മാത്രമല്ല, ഈ അർത്ഥത്തിലുള്ള ഇസ്തിഗാസ കൂടാതെ ഒരാൾക്കും ഇവിടെ ജീവിക്കുവാനും സാധ്യമല്ല. മാതാ പിതാക്കളോട് മക്കളും, ഭർത്താവോട് ഭാര്യയും, ഡോക്ടർമാരോട് രോഗികളും, ഭരണകർത്താക്കളോട് ഭരണീയരും.........ഇങ്ങനെ പലരും പലരോടും ഈ അർത്ഥത്തിലുള്ള ഇസ്തിഗാസ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇനി, മറ്റൊരു നിലക്കുള്ള സഹായാഭ്യർത്ഥനക്കും മനുഷ്യർ നിർബ്ബന്ധിതരാകാറുണ്ട്. ഉദാഹരണത്തിന് തൻെറ വാഹനമോടിക്കാൻ ഒരു ഡ്രൈവറുടെ സഹായം ഒരാൾ ആവശ്യപ്പെട്ടു. പക്ഷെ, വഴിക്കു വെച്ച് അതിൻെറ ബ്രൈക്ക് പൊട്ടുകയും വാഹനം നിയന്ത്രിക്കാൻ കഴിയാതെ ഡ്രൈവർ നിസ്സഹായനായിത്തീരുകയും ചെയ്യുമ്പോൾ; അതുപോലെ കുട്ടിയുടെ രോഗശമനത്തിന്ന് ഡോക്ടരുടെ സഹായമാവശ്യപ്പെട്ടു. പക്ഷെ, ഡോക്ടർക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നു പറഞ്ഞു ഒഴിഞ്ഞുനില്ക്കുമ്പോൾ; മകൻ പരീക്ഷയിൽ വിജയിക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുവെച്ചിട്ടുണ്ട്; വമ്പിച്ച ശത്രു സൈന്യത്തെ നേരിടാൻ കഴിവിൻെറ പരമാവധി ആയുധങ്ങളും യോദ്ധാക്കളും ശേഖരിച്ചിട്ടുണ്ട്; കേസിൽ വിജയിക്കാൻ സമർത്ഥനായ അഭിഭാഷകനേയും തെളിവുകളും സാക്ഷികളേയും ഒരുക്കിയിട്ടുണ്ട്.........ഇങ്ങനെയെല്ലാമുള്ള എല്ലാ സന്ദർഭങ്ങളിലും സാധാരണ നിലക്കുള്ള സഹായികളെയും സഹായങ്ങളേയുമാണ് അവലംബിക്കുന്നത്. ഡ്രൈവറോടും ഡോക്ടറോടും യോദ്ധാ

ക്കളോടും അഭിഭാഷകരോടും സാക്ഷികളോടുമെല്ലാം ചെയ്തതു സഹായാഭ്യർത്ഥന തന്നെയാകുന്നു. എന്നിട്ട്, ഇതിനെല്ലാം ശേഷം, നിയന്ത്രണം വിട്ട വാഹനാപകടത്തിൽ നിന്നു രക്ഷപ്പെടാനും, ഡോക്ടർ കയ്യൊഴിഞ്ഞ അവസ്ഥയിൽ മകനെ രക്ഷപ്പെടുത്താനും മകൻ പരീക്ഷയിൽ ജയിക്കാനും, യുദ്ധത്തിൽ പരാജയപ്പെടാതിരിക്കാനും, കേസിൽ വിജയിക്കാനുമൊക്കെ മനുഷ്യർ ചില അദൃശ്യവും അഭൗതികവുമായ ശക്തികളോട് സഹായം തേടുന്നു. ഇത്തരം സന്ദർഭങ്ങളിൽ, അതായത്, അസാധാരണമായ സഹായം അത്യാവശ്യമായിരുന്ന സന്ദർഭങ്ങളിൽ ഏകദൈവ വിശ്വാസികൾ ദൈവത്തോടും (അല്ലാഹുവിനോടും) അല്ലാത്തവർ ദൈവേതര ശക്തികളോടും (അല്ലാഹു അല്ലാത്ത മററു ദൈവങ്ങളോടും) സഹായം തേടുന്നു. യേശു ക്രിസ്തു, കന്യാമറിയം, ഗുരുവായൂരപ്പൻ, ശബരിമല ശാസ്താവ്, മുഹ്‌യിദ്ദീൻ ശൈഖ്, രിഫാഈ ശൈഖ്, ഹുസൈൻ, മമ്പുറത്തെതങ്ങൾ......... തുടങ്ങി പലരേയും വിളിച്ചു പ്രാർത്ഥിക്കുന്നു, അവരുടെ സഹായം അഭ്യർത്ഥിക്കുന്നു. ഇതും സഹായാഭ്യർത്ഥന തന്നെയാണ് എങ്കിലും ആദ്യം വിവരിച്ച നിലക്കുള്ള സഹായാഭ്യർത്ഥനയും (സാധാരണ നിലക്കുള്ള സഹായം) രണ്ടാമതായി വിവരിച്ച നിലക്കുള്ള ഈ സഹായാഭ്യർത്ഥനയും തമ്മിൽ വളരെ പ്രകടമായ വ്യത്യാസമുണ്ടെന്ന് കാണാം. ആദ്യത്തേത്, മനുഷ്യന് നേരിട്ട് ബന്ധപ്പെട്ടു നടത്താൻ കഴിയുന്ന ഭൗതിക മാർഗ്ഗത്തിലൂടെയുള്ള സഹായാഭ്യർത്ഥനയാണ്. രണ്ടാമത്തേത് ആ നിലക്കുള്ള സഹായാഭ്യർത്ഥനയല്ല. നേരിൽ ബന്ധപ്പെടാൻ കഴിയാത്ത ശക്തികളോടും വ്യക്തികളോടും അഭൗതികമായ മാർഗ്ഗത്തിലൂടെ

ചെയ്തു കിട്ടാൻവേണ്ടിയുള്ള സഹായാഭ്യർത്ഥനയാണ്. ഈ വ്യത്യാസം കണക്കിലെടുത്ത് ആദ്യത്തേതിന്നു അഭ്യർത്ഥന എന്നും രണ്ടാമത്തേതിന്നു പ്രാർത്ഥനയെന്നും പ്രയോഗിക്കപ്പെടുന്നു. ആദ്യത്തേത് ആരോടാകുന്നതും അനുവദനീയവും, രണ്ടാമത്തേത് അല്ലാഹുവല്ലാത്ത ആരോടാകുന്നതും ശിർക്കുമായിത്തീരുന്നു. ആദ്യത്തേത് അഭ്യർത്ഥിക്കപ്പെടുന്നവർക്ക് സഹായിക്കുവാൻ സാധിക്കുന്നതും രണ്ടാമത്തേത് അഭ്യർത്ഥിക്കപ്പെടുന്നവർക്ക് (അല്ലാഹു അല്ലാത്ത) സഹായിക്കാൻ കഴിയാത്തതുമാകുന്നു. ഈ വ്യത്യാസം മനസ്സിലാക്കിയതുകൊണ്ടായിരിക്കാം 'ആദ്യകാലത്ത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ' അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതു അനുവദനീയമാണെന്ന് പ്രഖ്യാപിക്കുവാൻ തെല്ലൊക്കെ അറച്ചു നില്ക്കുക സഹായം തേടുന്നത് അനുവദനീയമാണെന്ന് വാദിക്കുകയും ചെയ്തിരുന്നതും. പിൽക്കാലത്ത്, നിലനില്പിന്റെ പ്രശ്നം വന്നപ്പോൾ അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നതും അനുവദനീയമാണെന്നു അവർ പ്രഖ്യാപിച്ചു! ഏതായാലും, ഇസ്തിഗാസയെക്കുറിച്ചുള്ള നമ്മുടെ ചർച്ച, അതിന്റെ ഈ രണ്ടാമത്തെ അർത്ഥത്തിൽ മാത്രമായിരിക്കുമെന്നു ഇവിടെ അനുസ്മരിക്കട്ടെ.

ഇസ്തിഗാസയെന്ന പദം, രണ്ടാമതായി വിവരിച്ച പ്രാർത്ഥനയെന്ന അർത്ഥത്തിലും പരിശുദ്ധ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ

أَنِّي مُمِدُّكُمْ بِأَلْفٍ مِنَ الْمَلَائِكَةِ مُرْدِفِينَ ٥
( انفال - ٩ )

(ബദർ യുദ്ധഘട്ടത്തിൽ) ''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് (അല്ലാഹുവിനോട്) ഇസ്തിഗാസ ചെയ്ത (സഹായത്തിന്നായി പ്രാർത്ഥിച്ച) സന്ദർഭം ഓർക്കുക. അപ്പോൾ, തുടരെത്തുടരെ ഇറങ്ങുന്ന ആയിരം മലക്കുകളെക്കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുമെന്നു നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കുത്തരം നല്കുകയും ചെയ്തു.'' (അൻഫാൽ . 9)

നബി (സ)യും സ്വഹാബത്തും കഴിയുന്ന എല്ലാ ശക്തികളും ആയുധങ്ങളും സംഭരിച്ചു ബദർ യുദ്ധരംഗത്തിറങ്ങിയിരിക്കുകയായിരുന്നു. കയ്യിലുള്ള ആയുധങ്ങളും മററു യുദ്ധോപകരണങ്ങളും സന്ദർഭോചിതം ഉപയോഗിച്ചുകൊണ്ടുമിരുന്നു. എന്നിരുന്നാലും, ശത്രു പക്ഷം എണ്ണത്തിൽ തന്നെ മൂന്നിരട്ടി വരുമായിരുന്നു. ആയുധായോധനങ്ങളുടെ സ്ഥിതിയും തഥൈവ. ഈ സന്നിഗ്ദ്ധ ഘട്ടത്തിലാണ് നബി (സ)ക്കും അനുയായികൾക്കും അല്ലാഹുവിന്റെ സഹായം ആവശ്യമാകുന്നതും അതിനായി അവനോട് പ്രാർത്ഥിക്കുന്നതും. അപ്പോൾ, അഭൗതികവും സാധാരണ മാർഗ്ഗത്തിലൂടെയല്ലാത്തതുമായ സഹായത്തിന്നു വേണ്ടിയുള്ള പ്രാർത്ഥനക്കും 'ഇസ്തിഗാസത്ത്' എന്ന പദം തന്നെയാണ് പരിശുദ്ധ ഖുർആനിൽ പ്രയോഗിച്ചിട്ടുള്ളതെന്ന് കാണാം. ഈ നിലക്കുള്ള ദൈവിക സഹായം ഉദ്ദേശിച്ചുകൊണ്ടാണ് ഓരോ മുസ്ലിമും ദിവസം പതിനേഴ് പ്രാവശ്യമെങ്കിലും അല്ലാഹുവോട്

ആവർത്ഥിച്ചു പ്രാർത്ഥിക്കുന്നത്: وإياك نستعين നിന്നോട് മാത്രം ഞങ്ങൾ സഹായമർത്ഥിക്കുകയും ചെയ്യുന്നു. സാധാരണ നിലക്കുള്ള സഹായാഭ്യർത്ഥനയാണ് ഇവിടെ ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹുവോട് മാത്രമല്ല, ദിവസവും പലരോടും പല സഹായങ്ങൾക്കും നാം ആവശ്യപ്പെടുന്നുണ്ട് ആ നിലക്ക് ''നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു''എന്നു പറയാനുള്ള അവകാശം ആർക്കുമുണ്ടായിരിക്കുകയുമില്ല.

ഇത്രയും വിവരിച്ചതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്. സാധാരണ നിലക്ക് മനുഷ്യർ അന്യോന്യം ചെയ്തുകൊണ്ടിരിക്കുകയും അന്യോന്യം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സഹായങ്ങളും സഹായാഭ്യർത്ഥനകളും അനുപേക്ഷണീയങ്ങളും അനുവദനീയങ്ങളുമാണ് 'സഹായം തേടുക; സഹായത്തിനായി അഭ്യർത്ഥിക്കുക' എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലൂടെയാണ് ആ ആശയം പ്രകടിപ്പിക്കുന്നത്. രോഗശാന്തിക്ക് ഡോക്ടരുടെ സഹായം തേടുന്നതും മേലധികാരികളുടെ സഹായത്തിന്നായി അപേക്ഷകൾ സമർപ്പിക്കുന്നതും മററും മററും ഈ അർത്ഥത്തിലാണ്. എന്നാൽ, അഭൗതികമായ മാർഗ്ഗത്തിലൂടെയുള്ള സഹായാഭ്യർത്ഥനകൾ ''പ്രാർത്ഥന''യെന്ന പദപ്രയോഗത്തിൽ വ്യവഹരിക്കപ്പെടുന്നു. രോഗശാന്തിക്ക്വേണ്ടി ഡോക്ടറോട് പ്രാർത്ഥിച്ചു; അധികാര സ്ഥാനങ്ങളിൽ പ്രാർത്ഥന സമർപ്പിച്ചു എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ നടപ്പിലില്ലാത്തത് പ്രാർത്ഥനയുൾക്കൊള്ളുന്ന ഈ അർത്ഥവും ആശയവും കണക്കിലെടുത്തുമാണ്. അപ്പോൾ, അല്ലാഹു അല്ലാത്തവരോടു സഹായത്തിന്നായി പ്രാർത്ഥിക്കുന്നത് ഇ

സ്സാമിൽ നിഷിദ്ധവും ഏകദൈവ വിശ്വാസത്തിലുള്ള ശിർക്കുമായിത്തീരുന്നു. ഇസ്തിഗാസയെക്കുറിച്ചുള്ള നമ്മുടെ ചർച്ചയിൽ തെററുധാരണയുണ്ടാകാതിരിക്കാൻ അഭ്യർത്ഥനയും പ്രാർത്ഥനയും തമ്മിലുള്ള ഈ വ്യത്യാസം ശരിക്കും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# പ്രാർത്ഥനതന്നെ ആരാധന

പ്രാർത്ഥനയുടെ അർത്ഥകല്പനയിൽ ഇസ്തിഗാസയുടെ പര്യായപദമായി 'ദുആഉ്' ( دعاء ) എന്ന പദവും പ്രയോഗിക്കാറുണ്ട്. 'അൽറാഖിബുൽ - ഇസ്ഫഹാനിയുടെ 'മുഫ്റദാത്തി'ൽ ഇങ്ങനെ അർത്ഥം പറഞ്ഞുകാണാം. دعوته : إذا سألته واستغثته ''നീ അവനോട് ഇസ്തിഗാസ ചെയ്തു ചോദിച്ചു എന്നാൽ നീ അവനോടു 'ദുആ' ചെയ്തുവെന്നർത്ഥം.'' അതായതു, പ്രാർത്ഥന ചെയ്തു എന്ന അർത്ഥത്തിൽ 'ദുആ' യും പ്രധാനമായി ഉപയോഗിക്കപ്പെടുന്നു എന്നു സാരം. അപ്പോൾ, പ്രാർത്ഥനയുടെ അർത്ഥത്തിൽ അല്ലാഹുവല്ലാത്തവരോടു 'ദുആ' ചെയ്യുന്നതും ശിർക്ക് തന്നെയായിത്തീരുന്നു. മറിച്ചു പ്രാർത്ഥനയുടെ അർത്ഥമുൾക്കൊള്ളാത്ത 'ദുആ' അല്ലാഹുവല്ലാത്തവരോടു ചെയ്യുന്നതും ശിർക്കാകുന്നില്ല.

പ്രാർത്ഥന, അപേക്ഷ, വിളി, ക്ഷണം, പ്രബോധനം, പേരിടൽ, പ്രേരണ നൽകൽ തുടങ്ങിയ അർത്ഥങ്ങളിലെല്ലാം ''ദുആഉ്'' ( دعاء ) സന്ദർഭങ്ങളനുസരിച്ചു ഉപയോഗിക്കപ്പെടാറുണ്ടു. സ്വഹീഹുൽ ബുഖാരിയുടെ പ്രസിദ്ധ വ്യാഖ്യാന ഗ്രന്ഥമായ 'ഫത്ഹുൽ ബാരി'യിൽ പ്രസ്താവിക്കുന്നു;

والدعاء الطلب، والدعاء الى شيئ الحث على فعله ودعوت فلانا سألته ودعوته استغثته ويطلق ايضا على رفعة القدر كقوله تعالى لَيْسَ لَهُ دَعْوَةٌ فِي الدُّنْيَا وَلَا فِي الْآخِرَةِ كذا قال الرّاغب ويمكن رده الى الذى قبله ويطلق الدّعاء ايضا على العبادة ـ ( ١١- ٩٤ )

'' ദുആഉ് എന്നാൽ ആവശ്യപ്പെടുക, പ്രേരണ നൽകുക, അപേക്ഷിക്കുക, പ്രാർത്ഥിക്കുക; സ്ഥാനമുയർത്തുക, ആരാധിക്കുക എന്നീ അർത്ഥങ്ങളിലെല്ലാം പ്രയോഗിക്കപ്പെടുന്നു.''

എന്റെ മകനു നാമകരണം ചെയ്തു എന്നതിന്നു دعوت ابنى فلانا എന്നു പ്രയോഗിക്കാറുണ്ടു. (റാഗിബ്) ഇങ്ങനെ, ദുആഉ് എന്ന പദത്തിന്റെ പല അർത്ഥങ്ങളിൽ പ്രാർത്ഥനയുടേയും ആരാധനയുടേയും അർത്ഥം ഉൾക്കൊള്ളുമ്പോഴാണു അതു അല്ലാഹുവല്ലാത്തവരോടു നടത്തുന്നതു ശിർക്കായിത്തീരുന്നത്. അല്ലാഹു പറയുന്നത് കാണുക :

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ٥ (غافر)

''നിങ്ങളുടെ രക്ഷിതാവു പറയുന്നു: നിങ്ങൾ എന്നെ വിളിക്കുക (പ്രാർത്ഥിക്കുക) ഞാൻ നിങ്ങൾ

ക്കുത്തരം ചെയ്യും. എന്നെ ആരാധിക്കുന്നതിൽ(എന്നോടു ദുആചെയ്യുന്നതിൽ നിന്നു, അഥവാ എന്നോടു പ്രാർത്ഥിക്കുന്നതിൽ നിന്നു) ആര് അഹങ്കാരം നടിക്കുന്നുവോ അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാകുന്നു.'' ഈ വചനത്തിൽ 'ദുആഉ്'' എന്ന പദം പ്രാർത്ഥനയുടേയും ആരാധനയുടേയും അർത്ഥങ്ങളിലാണ് പ്രയോഗിക്കപ്പെട്ടത്. പ്രാർത്ഥന ആരാധന തന്നെയാണെന്നും അതിൽനിന്നു മനസ്സിലാക്കാം. സാധാരണാർത്ഥത്തിലുള്ള സഹായാഭ്യർത്ഥനയിൽ നിന്നും വ്യത്യാസപ്പെട്ടതാണ് പ്രാർത്ഥനയെന്നു നാം മുമ്പ് വിവരിച്ചതാണല്ലോ? ഇമാം തുറുമുദി(റ) നിവേദനം ചെയ്യുന്ന ഒരു ഹദീസ് വളരെ ശ്രദ്ധേയമാകുന്നു.

عن النعمان بن بشير رضى الله عنه قال : سمعت النّبى ﷺ يقول الدّعاء هو العبادة ثم قال: وقال ربكم ادعونى أستجب لَكُمْ اِنَّ الَّذِيـنَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلونَ جَهَنَّمَ دَاخِرِينَ وقال هذا حديث حسن صحيح . ( ترمذى ٢ — ١٥٧ )

''നുഉമാനുബ്നു ബശീർ(റ)വിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു: 'പ്രാർത്ഥന—അതുതന്നെയാണ് ആരാധന' എന്നു നബി(സ) പറയുന്നതായി ഞാൻ കേട്ടു. തുടർന്നു നബി(സ) ഈ ഖുർആൻവാക്യം ഓതിക്കേൾപ്പിച്ചു: നിങ്ങളുടെ രക്ഷിതാവ് പറഞ്ഞു, നിങ്ങൾ എന്നെ വിളിച്ചു പ്രാർത്ഥിക്കുക—ഞാൻ നിങ്ങൾക്കുത്തരം ചെയ്യും.........'' അപ്പോൾ, മേലുദ്ധരി

ച്ച ഖുർആൻ വചനത്തിലെ 'ദ് ആഉ്' പ്രാർത്ഥനയുടെ അർത്ഥമാണുൾക്കൊള്ളുന്നതെന്നും, പ്രാർത്ഥന ഇബാദത്താണെന്നും ഈ നബിവചനം നല്ലപോലെ വ്യക്തമാക്കുന്നു.

'ദ ആഉ്' പ്രാർത്ഥനയുടെ അർത്ഥം ഉൾക്കൊള്ളുന്ന പ്രയോഗം 'സൂറത്തുൽ ബഖറ'യിലും കാണാം.

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ أُجِيبُ
دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِى وَلْيُؤْمِنُوا
بِى لَعَلَّهُمْ يَرْشُدُونَ ٥ ( البقرة )

''എന്റെ അടിമകൾ എന്നെക്കുറിച്ചു നിന്നോടന്വേഷിച്ചാൽ നീ പറയുക; ഞാൻ വളരെ അടുത്തുള്ളവൻ തന്നെ, പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക്—അവൻ എന്നോടു പ്രാർത്ഥിച്ചാൽ ഞാൻ ഉത്തരം ചെയ്യും. അതുകൊണ്ട എനിക്ക് എന്റെ ആജ്ഞകൾക്ക്, അവരും ഉത്തരം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അപ്പോൾ അവർ സന്മാർഗ്ഗ പ്രാപിക്കുന്നവരായേക്കാം.'' ഈ വചനത്തിന്റെ വ്യാഖ്യാനമായും ഇമാം തുറുമുദി(റ), 'പ്രാർത്ഥന - അതുതന്നെയാണ് ആരാധന'യെന്ന ഹദീസുദ്ധരിക്കുന്നു. (തുറുമുദി 2-121)

ഇതേ ഹദീസുതന്നെ 'അദ്ദഅവാത്ത്' ( الدعوات ) എന്ന അദ്ധ്യായത്തിലും അദ്ദേഹം ഉദ്ധരിച്ചു കാണാം. പക്ഷെ, അവിടെ, അനസുബ്നു മാലിക്(റ)ൽനിന്നു നിവേദനം ചെയ്യപ്പെട്ട ''പ്രാർത്ഥന ആരാധനയു

ടെ മജ്ജയാകുന്നു'' ( الدعاء مخ العبادة ) എന്ന ഹദീസാണു ദ്ധരിച്ചതെന്നു മാത്രം. ഇതുപോലെ പ്രാർത്ഥനയുടെ അർത്ഥത്തിൽ ഖുർആനിലും ഹദീസിലും ധാരാളം സ്ഥലങ്ങളിൽ 'ദുആഉ്'' എന്നു ഉപയോഗിക്കപ്പെട്ടു കാണാവുന്നതാകുന്നു. അപ്പോൾ ചില കാര്യങ്ങൾ നാം പ്രത്യേകം ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1. പ്രാർത്ഥനയെന്ന അർത്ഥത്തിൽതന്നെ 'ദുആഉ്'' എന്ന പദം ഖുർആനിലും ഹദീസിലും പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

2. പ്രാർത്ഥന ആരാധനയാണ്. എന്നല്ല; ആരാധനയുടെ മജ്ജയാണ് പ്രാർത്ഥന. അപ്പോൾ, പ്രാർത്ഥനാസ്വഭാവമുള്ള എല്ലാം ആരാധനയായിത്തീരുന്നു.

3. ആരാധനകളിൽപ്പെടുന്ന യാതൊന്നും അല്ലാഹുവിന്നല്ലാതെ മററാർക്കും ചെയ്തുകൂടാത്തതാകുന്നു.

4. അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതു ശിർക്കായിത്തീരുന്നതുപോലെതന്നെ അല്ലാഹുവല്ലാത്തവരോടു പ്രാർത്ഥിക്കുന്നതും ശിർക്ക്തന്നെയായിത്തീരുന്നു.

5 പ്രാർത്ഥനക്ക് അറബിയിൽ ദുആഉ് എന്നു പറയപ്പെടുന്നതുപോലെതന്നെ ഇസ്തിഗാസത്ത് എന്നും പറയപ്പെടാറുണ്ട്.

6. അതുകൊണ്ടു പ്രാർത്ഥനയുൾക്കൊള്ളുന്ന ഇസ്തിഗാസയും അല്ലാഹുവല്ലാത്തവരോടാണെങ്കിൽ അതു ശിർക്കായിത്തീരുന്നു എന്തുകൊണ്ടെന്നാൽ, പ്രാർത്ഥനയെന്ന അർത്ഥത്തിൽതന്നെ 'ഇസ്തി

ഗാസ'യേയും പരിശുദ്ധ ഖുർആനിൽ പ്രയോഗം വന്നിട്ടുണ്ട്. അതിനൊരുദാഹരണമാണ് 'സൂറത്തുൽ അഹ്ഖാഫി'ലെ പതിനേഴാം വചനം.

وَالَّذِي قَالَ لِوَالِدَيْهِ أُفٍّ لَكُمَا أَتَعِدَانِنِي أَنْ أُخْرَجَ وَقَدْ خَلَتِ الْقُرُونُ مِنْ قَبْلِي وَهُمَا يَسْتَغِيثَانِ اللَّهَ وَيْلَكَ آمِنْ إِنَّ وَعْدَ اللَّهِ حَقٌّ فَيَقُولُ مَا هَذَا إِلَّا أَسَاطِيرُ الْأَوَّلِينَ ه (احقاف ١٧)

''തന്റെ മാതാപിതാക്കളോടു (ഇങ്ങനെ) പറഞ്ഞ ഒരാറം – ഛെ, നിങ്ങറംക്ക് നാശം - മരണശേഷം ഞാൻ എഴുന്നേല്പിക്കപ്പെടുമെന്നാണോ നിങ്ങറം ഭീഷണിപ്പെടുത്തുന്നത്. എനിക്കുമുമ്പ് പല നൂററാണ്ടു (കാർ) കഴിഞ്ഞുപോയിരിക്കുന്നു. (അവരാരും മരണശേഷം എഴുന്നേൽപ്പിക്കപ്പെട്ടതായി എന്റെ അറിവിലില്ല) അവർ (മാതാപിതാക്കറം) ആകട്ടെ, അല്ലാഹുവിനോടു 'ഇസ്തിഗാസത്ത്' (പ്രാർത്ഥന) ചെയ്യുന്നു. (മകനെ) നിനക്ക് നാശം; നീ വിശ്വസിക്കുക—അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാകുന്നു. (മകൻ പറഞ്ഞു) ഇതെല്ലാം പൂർവ്വികരുടെ കെട്ടുകഥകറം മാത്രമാകുന്നു.''

ഈ വചനത്തിൽ, മാതാപിതാക്കറം അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു എന്ന അർത്ഥത്തിൽ 'ഇസ്തിഗാസ' ചെയ്തു എന്നു പ്രയോഗിച്ചിരിക്കുന്നു.

മുശ്രിക്കുകറം (ബഹുദൈവാരാധകർ) അവരുടെ ആരാധ്യവസ്തുക്കളോടു നടത്തിയ പ്രാർത്ഥനകറംക്ക്

ഇസ്തിഗാസത്ത് എന്നു ഖുർആൻ വ്യാഖ്യാതാക്കളും പ്രയോഗിച്ചതിന്നു ധാരാളം ഉദാഹരണങ്ങളുണ്ട്. ചില തു മാത്രം ഇവിടെ ഉദ്ധരിക്കാം.

وَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ

( العنكبوت )

''അവർ കപ്പലിൽ യാത്ര ചെയ്യുമ്പോൾ നിഷ്കള ങ്കരായി അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു. അങ്ങനെ അല്ലാഹു അവരെ കരയിലേക്ക് രക്ഷപ്പെടു ത്തിയാൽ അവരതാ അല്ലാഹുവിൽ പങ്കു ചേർക്കുക യും ചെയ്യുന്നു.''

ഈ വചനമുൾക്കൊള്ളുന്ന ആശയം വ്യാഖ്യാനിച്ചു കൊണ്ടു ഇബ്നു ജരീറുത്ത്വബ്രീ(റ) ഇങ്ങനെ രേഖ പ്പെടുത്തുന്നു: لم يستغيثوا بآلهتهم - الطبرى അതായതു 'കടൽയാ ത്രയിൽ ഭയങ്കര വിപത്തിലകപ്പെടുന്ന സന്ദർഭങ്ങളിൽ ബഹുദൈവാരാധകരും അല്ലാഹുവല്ലാത്തവരോട് ഇസ്തി ഗാസത്ത് (പ്രാർത്ഥന) നടത്തിയിരുന്നില്ല! അപ്പോൾ പ്രാർത്ഥിക്കുകയെന്ന അർത്ഥത്തിലാണ് ഇസ്തിഗാസ യെന്ന പദം ഇമാം ത്വിബ്രീ(റ) ഇവിടെ പ്രയോഗിച്ചി രിക്കുന്നത് എന്നുവരുന്നു.

മറ്റൊരുദാഹരണം:

وَمَا بِكُمْ مِنْ نِعْمَةٍ فَمِنَ اللَّهِ ثُمَّ إِذَا مَسَّكُمُ الضُّرُّ فَإِلَيْهِ تَجْأَرُونَ ثُمَّ إِذَا كَشَفَ الضُّرَّ

عَنْكُمْ إِذَا فَرِيقٌ مِنْكُمْ بِرَبِّهِمْ يُشْرِكُونَ ۝
(النحل)

''നിങ്ങളിലുള്ള ഏതനുഗ്രഹവും അല്ലാഹുവിൽ നിന്നുള്ളതാകുന്നു. പിന്നെ വല്ല ബുദ്ധിമുട്ടും നിങ്ങളെ ബാധിക്കുമ്പോൾ അവനെതന്നെ നിങ്ങൾ അഭയം പ്രാപിക്കുകയും ചെയ്യുന്നു. എന്നിട്ടു; നിങ്ങളുടെ വിഷമം അവൻ അകററിത്തരുമ്പോൾ നിങ്ങളിലൊരു വിഭാഗം നിങ്ങളുടെ രക്ഷിതാവിൽ പങ്കു ചേർക്കുകയും ചെയ്യുന്നു.''

ഈ വചനത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു കസീർ(റ) എഴുതുന്നു: (٥٧٢-٢) وتسألون وتلحون في الرغبة اليه مستغيثين

'നിങ്ങൾ അല്ലാഹുവിനോടു ഇസ്തിഗാസത്ത് (പ്രാർത്ഥന) നടത്തുന്നവരായി അവനോടു ചോദിക്കുകയും അവനോടുള്ള ആഗ്രഹത്തിൽ താല്പര്യം കാണിക്കുകയും ചെയ്യുന്നു.'' ഇവിടെ പ്രാർത്ഥനയെ ഇസ്തിഗാസയെന്ന പദമുപയോഗിച്ചാണ് ഇബ്നു കസീർ(റ) വ്യവഹരിക്കുന്നത്.

ചുരുക്കത്തിൽ, 'ദുആഉ്', ഇസ്തിഗാസ: എന്നീ രണ്ടു പദങ്ങളും പ്രാർത്ഥനയുടെ അർത്ഥത്തിലും ധാരാളമായി പ്രയോഗിക്കാറുണ്ട്. ഈ അർത്ഥമുൾപ്പെടുന്ന വിധം അല്ലാഹുവല്ലാത്തവരെ വിളിക്കലും (ദുആഉ്) സഹായം തേടലും (ഇസ്തിഗാസത്ത്) ശിർക്കായിത്തീരുമെന്നതിൽ സംശയമില്ല. മറിച്ചു; പ്രാർത്ഥനയുടെ അംശമുൾക്കൊള്ളാത്ത വിധം ആരെയെങ്കിലും വിളിക്കലും (ദുആഉ്) ആരോടെങ്കിലും സഹായ-

തേടലും (ഇസ്തിഗാസ:) ശിർക്കായിത്തീരുകയില്ല. മരിച്ചവരേയും, (അവർ ആരുതന്നെയായിരുന്നാലും) സാധാരണഗതിയിൽ നമ്മുടെ വിളിയും ശബ്ദവും കേൾക്കാൻ കഴിയാത്ത വിധം മറഞ്ഞും ദൂരപ്പെട്ടും നില്ക്കുന്നവരേയും വിളിക്കുന്നതും സഹായം തേടുന്നതും (ദുആയും ഇസ്തിഗാസയും) ആദ്യത്തെ ഇനത്തിലും (ശിർക്ക്) എന്റെ കൈപിടിച്ചുതരൂ, നല്ല മരുന്നു തന്നു രോഗം മാററിത്തരൂ...... എന്നിങ്ങനെയുള്ള സാധാരണ അഭ്യർത്ഥനകളും വിളികളും രണ്ടാമത്തെ ഇനത്തിലും (ശിർക്കല്ലാത്തത്) പെടുന്ന ഉദാഹരണങ്ങളാണ്.

അഭൌതികമായ മാർഗ്ഗങ്ങളിൽ സഹായമെത്തിക്കാനും ആപൽഘട്ടങ്ങളിൽ രക്ഷ നൽകാനും മൺമറഞ്ഞ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുക എന്നതാണ് 'ഇസ്തിഗാസ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. മഹാത്മാക്കളോടുള്ള അതിരുകവിഞ്ഞ ബഹുമാനവും ഭക്തിയും സ്നേഹവും, അതുപോലെ അവരുടെ അറിവിലും കഴിവിലും ഉള്ള വിശ്വാസവുമാണ് ഇതിന്റെ തുടക്കത്തിന് കാരണം. എവിടെ നിന്നും ഏത് ഭാഷയിലും ആര വിളിച്ചാലും ആ വിളി അവർ കേൾക്കുകയും വിളിച്ചവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും വിചാര വികാരങ്ങൾ പോലും വ്യക്തമായി വേർതിരിച്ച് മനസ്സിലാക്കാൻ അവർക്കു കഴിയുമെന്ന് വിശ്വസിക്കുന്നു. ഉറക്കമോ ഉണർച്ചയോ രാത്രിയോ പകലോ ഭാഷയോ ദേശമോ കടലോ കരയോ വ്യത്യാസമില്ലാതെ ഏത് ഭാഷയിലും, ഏതു സമയത്തും ആര് വിളിച്ചാലും അതു കേൾക്കുകയും വിളിക്കുന്നവന്റെ ആവശ്യമറിയുകയും അവന് സഹായമെത്തിക്കാൻ കഴിയുക എന്നത് അല്ലാഹുവിൽ മാത്രം

പരിമിതമായ വിശേഷ ഗുണങ്ങളിൽ പെട്ടതാണെന്ന് ഏതു സത്യവിശ്വാസിയും ഉറച്ചു വിശ്വസിക്കുന്ന കാര്യമാണല്ലോ? അഥവാ അങ്ങനെ വിശ്വസിക്കൽ അവർക്കു നിർബ്ബന്ധവുമാണ് ഈ കഴിവ് ഒരു സൃഷ്ടിയുടെയും വിശേഷ ഗുണമല്ല. ഒരു മഹാത്മാവിന്നും, ജീവിച്ചിരിക്കുമ്പോൾ പോലും മേൽപറഞ്ഞ പോലെ എല്ലാം കേൾക്കുവാനും അറിയുവാനും കഴിയുകയില്ല. എങ്കിൽ മരണ ശേഷമുള്ള സ്ഥിതി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇസ്തിഗാസ ചെയ്യുന്നവർ യഥാർത്ഥത്തിൽ മഹാത്മാക്കളെ, അല്ലാഹുവിൽ മാത്രം പരിമിതമായ ഗുണങ്ങളിൽ പങ്കാളികളാക്കുകയാണ് ചെയ്യുന്നത്. അതായത് അല്ലാഹുവിന്റെ അറിവിന് തുല്യമായ അറിവും കാഴ്ചക്ക് തുല്യമായ കാഴ്ചയും കേൾവിക്ക് തുല്യമായ കേൾവിയും മഹാത്മാക്കൾക്കും ഉണ്ടെന്ന് അവർ വിശ്വസിച്ചു വരികയും ധരിച്ചു വശാവുകയും ചെയ്തിരിക്കുകയാണ്.

അനന്തരം ആ ഗുണങ്ങളുടെ ഏററക്കുറവിന്റെ അടിസ്ഥാനത്തിൽ മഹാത്മാക്കൾക്ക് സ്ഥാനം സങ്കൽപിക്കുകയും ചെയ്യുന്നു.

القطب، الغوث، قطب الاقطاب، الغوث الاعظم، النّجباء،
الخلفاء، النقباء، الابدال، الاوتاد .......

തുടങ്ങിയ സ്ഥാനപ്പേരുകൾ ഇതിനുദാഹരണമാണ്. 'ശാഇറുൽ ബറാറി' (شاعر البراري)യുടെ വരികൾ എത്ര അർത്ഥവത്താണ്.

ما القطب ما الخلفاء ما النجباء :؛ ما الغوث ما الاوتاد ما النقباء

''എന്താണീ ഖുത്തുബെന്നു പറഞ്ഞാൽ? എന്താണീ ഖലീഫമാർ, എന്താണീ നുജബാഉ്. ആരാണീ 'ഗൗസും' 'ഔതാദുമൊക്കെ?

ما هذه الاسماء ماذا خلفها :؛ لا شيئ الا انها اسماء

''ഏതൊക്കെയാണീ നാമങ്ങൾ, ഇതിൻെറയൊക്കെ പിന്നിൽ എന്താണ് സ്ഥിതി ചെയ്യുന്നത്? കുറെ നാമങ്ങൾ എന്നതിൽ കവിഞ്ഞു യാതൊരു പ്രാധാന്യവും ഇതിലൊന്നുമില്ല. ഈ വ്യത്യസ്ഥ പദവികൾ നൽകികൊണ്ടുള്ള യാതൊരു സ്ഥാനപ്പേരുകളും പരിശുദ്ധ ഖുർആനിലോ, തിരുസുന്നത്തിലോ കാണുകയില്ല. ഇസ്തിഗാസ : (الاستغاثة) പ്രേമികളുടെ നിർമ്മിതം തന്നെ.

പൂർവ്വിക കാലങ്ങളിൽ, ബഹുദൈവാരാധകർ അവരുടെ ആരാധ്യ വസ്തുക്കൾക്ക് നല്കിയ സ്ഥാന നാമങ്ങളെക്കുറിച്ചു അല്ലാഹു ഇങ്ങനെ പറഞ്ഞു;

إِنْ هِيَ إِلاَّ أَسْمَاءٌ سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ
مَا أَنْزَلَ اللهُ بِهَا مِنْ سُلْطَانٍ إِنْ يَتَّبِعُونَ إِلاَّ الظَّنَّ
وَمَا تَهْوَى الأَنْفُسُ — النجم

''നിങ്ങളും നിങ്ങളുടെ പൂർവ്വികരും നിർമ്മിച്ചുണ്ടാക്കിയ കുറെ നാമങ്ങൾ മാത്രമാണ് (നിങ്ങൾ ആരാധിക്കുന്ന) ഈ വസ്തുക്കൾ. ഇതിന് യാതൊരു തെ

ളിവും അല്ലാഹു അവതരിപ്പിച്ചിട്ടില്ല.. ദേഹേച്ഛക
ളും ഊഹങ്ങളും മാത്രമാണ് അവർ പിൻപററുന്ന
ത്''' (നജ്മ്)

മൺമറഞ്ഞ മഹാത്മാക്കൾക്ക് സ്ഥാനം കൽപിച്ച്
നൽകുന്ന ഇത്തരം നാമങ്ങൾക്കൊന്നും തന്നെ പരിശുദ്ധ
ഖുർആനിലോ നബി വചനങ്ങളിലോ യാതൊരടിസ്
ഥാനവും അംഗീകാരവുമില്ല. പക്ഷേ, മഹാത്മാ
ക്കൾക്ക് സ്വന്തം മനസ്സിൽ നൽകുന്ന സ്ഥാന പദവി
കൾക്കനുസരിച്ച് ആരാധകർ പല പേരുകളും നൽകി
വരികയാണ്. കൊച്ചുകുട്ടികൾ അവരുടെ കളിപ്പാട്ട
ങ്ങൾക്ക് സങ്കൽപത്തിലുള്ള പല ജീവികളുടെയും വ
സ്തുക്കളുടെയും ആളുകളുടെയും പേരുകൾ നൽകു
ന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നും യഥാർത്ഥത്തിൽ
ഇത്തരം സ്ഥാനപ്പേരുകൾക്കുമില്ല.

പ്രപഞ്ചത്തിൻെറ നടത്തിപ്പിലും സംവിധാനത്തി
ലും പരിപാലനത്തിലും ഈ മഹാത്മാക്കൾക്കും കയ്യു
ണ്ടെന്നും അവരുടെ ഇംഗിതവും ഇഷ്ടവും അനുസരി
ച്ചാണ് അല്ലാഹു കാര്യങ്ങൾ നിയന്ത്രിക്കുന്നതെന്നും വ
രെ ധരിച്ചു വശാകുന്നു. ഈ ധാരണയിൽ രചിക്കപ്പെട്ട
ഗ്രന്ഥങ്ങളും മദ്ഹ് ഗാനങ്ങളും മത ഗ്രന്ഥങ്ങളായി
കണക്കാക്കുകയും ചെയ്തു വരുന്നു. അങ്ങനെ, മഹാത്മാ
ക്കളുടെ ജാറങ്ങളും മഖ്ബറകളും പുണ്യ സ്ഥലങ്ങളും
അഭയകേന്ദ്രങ്ങളുമായി മാറുന്നു. ആണ്ടു നേർച്ചകൾ
കൊടികുത്തുൽസവങ്ങൾ, ഉറൂസാഘോഷങ്ങൾ, ചന്ദന
ക്കുടങ്ങളുടെ എഴുന്നള്ളിപ്പുകൾ, തുടങ്ങിയവയെല്ലാം
വളരെ ഭക്തിയോടും കണിശമായും ആഘോഷിക്കു
കയും എല്ലാം പുണ്യകർമ്മങ്ങളാണെന്ന് വിശ്വസിക്കു
കയും ചെയ്യുന്നു. അവരുടെ പ്രീതിയും സാമീപ്യവും

സമ്പാദിക്കാൻ ആടുമാടുകളും കാർഷികോൽപന്നങ്ങളും ദ്രവ്യങ്ങളും വഴിപാടുകളായി അർപ്പിക്കപ്പെടുന്നു. ഇതെല്ലാം അവർ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെന്നും, തൽഫലമായി അവരിൽനിന്ന് സഹായവും സംരക്ഷണവും ലഭിക്കുമെന്നും മനസ്സിലാക്കുകയും ചെയ്യുന്നു. ബഹുദൈവ വിശ്വാസത്തിലും ബഹുദൈവാരാധനയിലും കുതിർന്ന ഇത്തരം ആചാരങ്ങൾക്കൊന്നും ഇസ്ലാമിൽ യാതൊരടിസ്ഥാനവും അംഗീകാരവും ഇല്ല. കൽപിച്ചുകൂട്ടി കെട്ടിച്ചമച്ചുണ്ടാക്കിയ സങ്കൽപങ്ങളും അതിൽനിന്നുടലെടുത്ത ദുരാചാരങ്ങളും മാത്രമാണിവ.

മഹാത്മാക്കളുടെ ഖബ്റുകളിൽ ജാറം കെട്ടിപ്പൊക്കുന്ന സമ്പ്രദായം ഹിജ്റ മൂന്നാം നൂററാണ്ടിനുശേഷമാണ് ഉടലെടുക്കുന്നത്.

ولم يكن على عهد الصحابة والتابعين وتابعيهم فى شيئ من بلاد الاسلام — لا الحجاز واليمن ولا اشام والعراق ولا مصر ولا خراسان ولامغرب - مشهد لا على قبر نبىّ ولا على صحابى ولا على احد من اهل البيت ولا على صالح بل عامّة المشاهد محدثة بعد ذلك وكان ظهورها وانتشارها حين ضعفت بنوا العباس وتفرقت العامة وكثرت فيهم الزّنادقة المنصوبون الى الاسلام وغلبت فيهم كلمة اهل البدع وذلك فى دولة المقتدر فى اواخر المأة الثالثة ( رأس الحسين ١٦٨ )

''സഹാബത്തിൻെറയോ താബിഉകളുടെയോ അവരുടെ പിൻഗാമികളുടെയോ കാലങ്ങളിലൊന്നും ഹിജാസ്, യമൻ, ശാം, ഇറാഖ്, ഈജിപ്ത്, ഖുറാസാൻ, മഗ്രിബ് ...... തുടങ്ങിയ ഒരു മുസ്ലിം രാജ്യത്തും ജാറങ്ങളോ മഖ്ബറകളോ നിർമ്മിക്കപ്പെട്ടിരുന്നില്ല. നബി (സ) യുടേയോ സഹാബത്തിൻെറയോ പ്രവാചകകുടുംബത്തിൽ ആരുടെയോ പുണ്യപുരുഷൻെറയോ ജാറമുണ്ടായിരുന്നില്ല. ഖബറുകളിന്മേൽ ജാറം നിർമ്മിക്കുന്ന സമ്പ്രദായം അതിനുശേഷം നിലവിൽവന്ന പുതിയ ആചാരമാണ്. അബ്ബാസിയാ ഭരണകൂടം ബലഹീനമാകുകയും മുസ്ലിം സമുദായം ഭിന്നിക്കുകയും മുസ്ലിം നാമങ്ങളിൽ നിർമ്മത വാദികൾ അധികരിക്കുകയും ബിദ്അത്തുകാരുടെ ശബ്ദത്തിന്ന് പ്രാബല്യം കൂടുകയും ചെയ്തു തുടങ്ങിയ കാലത്താണ് ജാറങ്ങൾ വെളിപ്പെട്ടു തുടങ്ങിയത്. ഹിജ്റ മൂന്നാം നൂറ്റാണ്ടിൻെറ അന്ത്യത്തിൽ മുഖ്തദിറിൻെറ ഭരണകാലത്തിലായിരുന്നു ഇത്.''

മഹാത്മാക്കൾക്ക് മരണശേഷവും നിരുപാധികമായ കാഴ്ചയും കേൾവിയും കഴിവും ഉണ്ടാകുമെന്ന കാര്യം ഒഴിച്ചു നിർത്തിയാൽതന്നെ സാധാരണ ഗതിയിലുള്ള കാഴ്ചയും കേൾവിയും കഴിവും അവർക്കുണ്ടാകുകയില്ലെന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യം പരിശുദ്ധ ഖുർആനിൽ ഉറപ്പിച്ചു പറയുന്നു.

إِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ (نمل - ٨٠)

''മരിച്ചവരെ നീ കേൾപ്പിക്കുകയില്ല. ബധിരൻ

മാർ പിന്തിരിഞ്ഞു പോകുകയാണെങ്കിൽ അവരെയും നീ കേൾപ്പിക്കുകയില്ല. (നംല് 80)

മറെറാരു സ്ഥലത്ത് വിവരിക്കുന്നതിങ്ങനെയാണ്:

وَلَا يَسْتَوِي الْأَحْيَاءُ وَلَا الْأَمْوَاتُ إِنَّ اللَّهَ يُسْمِعُ مَنْ يَشَاءُ وَمَا أَنْتَ بِمُسْمِعٍ مَنْ فِي الْقُبُورِ (فاطر-٢٢)

''ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരും സമമാകുകയില്ല. അല്ലാഹു ഇഛിക്കുന്നവരെ അവൻ കേൾപ്പിക്കുന്നു. ഖബറുകളിലുള്ളവരെ നീ കേൾപ്പിക്കുകയേഇല്ല.'' (ഫാത്തിർ. 22)

إِنَّمَا يَسْتَجِيبُ الَّذِينَ يَسْمَعُونَ وَالْمَوْتَى يَبْعَثُهُمُ اللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ۝ انعام ٣٢

''കേൾക്കുന്നവർ മാത്രമേ ഉത്തരം ചെയ്യുകയുള്ളൂ. മരണപ്പെട്ടവരെ അല്ലാഹു പുനർ ജീവിപ്പിക്കുകയും അനന്തരം അവർ അവനിലേക്ക് മടക്കപ്പെടുകയും ചെയ്യുന്നു.''

ഈ ഖുർആൻ വചനങ്ങളിൽ നിന്നും മററനേകം തെളിവുകളിൽ നിന്നും മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നും, ജീവിച്ചിരിക്കുന്നവരെപ്പോലെ മരിച്ചവർ കേൾക്കുകയില്ലന്നും സംശയത്തിനിടമില്ലാത്തവിധം വ്യക്തമാകുന്നു. എന്നാൽ മരിച്ചമഹാത്മാക്കളോട് സഹായത്തിന്നപേക്ഷിക്കുകയും അവരെ വിളിച്ച് രക്ഷ

ചോദിക്കുകയും ചെയ്യുന്നവരാകട്ടെ, ജീവിച്ചിരിക്കുന്ന വർക്ക് പോലുമില്ലാത്ത നിരുപാധികമായ കഴിവും ശക്തിയും കാഴ്ച ശക്തിയുമാണ് മരിച്ചവർക്കുണ്ടെന്നു വിശ്വസിക്കുന്നത്. ആനിലക്കാണ് അവരോട് 'ഇസ്തിഗാസ' നടത്തുന്നതും. കേവലം, അന്ധമായ വിശ്വാസവും ബുദ്ധിപരമായ പാപ്പരത്വവും എന്നതിൽ കവിഞ്ഞ് ഇതിന്ന് മറെറാരടിസ്ഥാ നവുമില്ല.

## ഒരു തെററിദ്ധരിപ്പിക്കലും മറുപടിയും

മതപരമായി വിവരം കുറഞ്ഞവരെയും സാധാരണക്കാരെയും തെററിദ്ധരിപ്പിക്കാൻ വേണ്ടി ഇസ്തിഗാസയെന്യായീകരിക്കുവാൻ ചില നെറികെട്ട മാർഗ്ഗങ്ങൾതൽപര കക്ഷികൾ സ്വീകരിക്കാറുണ്ട് അബൂജഹൽ, ഉത്തുബത്ത്, ശൈബത്ത് അടങ്ങിയ മക്കയിലെ പ്രമുഖരായ മുശ്രിക്കുകൾ ഇസ്ലാം സ്വീകരിക്കാത്തതിൽ വലിയ ദുഃഖവും മനഃപ്രയാസവും നബി തിരുമേനിക്കുണ്ടായിരുന്നു. അവരുടെകൂടി സഹായത്തിലും, സഹകരണത്തിലും ഇസ്ലാം അതിവേഗം വളർന്നും, വികസിച്ചും കാണാൻ തിരുമേനി അതിയായി ആഗ്രഹിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സുറത്തുൽ കഹ്ഫിൽ അല്ലാഹു വ്യക്തമാക്കുന്നുണ്ട്. തൽസംബന്ധമായ മനപ്രയാസത്തിൽനിന്ന് നബിതിരുമേനിയെ ആശ്വസിപ്പിക്കുവാനും സമാധാനിപ്പിക്കുവാനുമുള്ള ഉപദേശങ്ങളും പരിശുദ്ധഖുർആനിൽ കാണാം. മരിച്ചവർ കേൾക്കുകയില്ലെന്ന മുൻ ചൊന്ന ആയത്തുകൾ എല്ലാം ഇതുമായി ബന്ധപ്പെട്ടതാണ്.

''കേൾക്കുന്നവർ മാത്രമേ ഉത്തരം ചെയ്യുകയുള്ളൂ'' എന്ന മേലുദ്ധരിച്ച ربيا (അൽഅൻആം 32) വ

ചനത്തിന്റെ തൊട്ടുമുമ്പുള്ള വചനങ്ങൾ ഇതിനുദാഹരണമാണ്

وَإِنْ كَانَ كَبُرَ عَلَيْكَ إِعْرَاضُهُمْ فَإِنِ اسْتَطَعْتَ أَنْ تَبْتَغِيَ نَفَقاً فِي الأَرْضِ أَوْ سُلَّماً فِي السَّمَاءِ فَتَأْتِيَهُمْ بِآيَةٍ وَلَوْ شَاءَ اللَّهُ لَجَمَعَهُمْ عَلَى الْهُدَى فَلَا تَكُونَنَّ مِنَ الْجَاهِلِينَ ( الأنعام ٣٥ )

''അവർ ഇസ്ലാം സ്വീകരിക്കാതെ തിരിഞ്ഞുകളയുന്നത് വലിയ ഭാരമായി നിനക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ, നിനക്കു കഴിയുമെങ്കിൽ ഭൂമിയുടെ അന്തർഭാഗത്തേക്ക് വല്ല ഗുഹയോ അല്ലെങ്കിൽ ആകാശത്തേക്ക് വല്ല കോണിയോ അന്വേഷിക്കുക. എന്നിട്ട് അവർക്ക് (മതിയായ) വല്ല ദൃഷ്ടാന്തവും നീ എത്തിച്ചുകൊടുക്കുക. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ മുഴുവൻ അവൻ സന്മാർഗ്ഗത്തിൽ ഏകോപിപ്പിക്കുമായിരുന്നു. അതുകൊണ്ട് നീ വിവേകമില്ലാത്തവരിൽ ഉൾപ്പെട്ടുപോകരുത്.'' (അൻആം 35)

അതുപോലെ ''മരിച്ചവരെ നീ കേൾപ്പിക്കുകയില്ല'' എന്ന النمل (അന്നംല് 80) വചനത്തെ തുടർന്നും 81ൽ ഈ ആശയമടങ്ങുന്ന ഒരു പ്രസ്താവം കാണാം.

وَمَا أَنْتَ بِهَادِي الْعُمْيِ عَنْ ضَلَالَتِهِمْ إِنْ تُسْمِعُ إِلَّا مَنْ يُؤْمِنُ بِآيَاتِنَا فَهُمْ مُسْلِمُونَ (النمل ٨١)

''അന്ധന്മാരെ, അവരുടെ വഴികേടിൽ നിന്ന് സന്മാർഗ്ഗത്തിലേക്ക് തിരിക്കുന്നവനല്ല നീ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരെ മാത്രമേ നീ കേൾപ്പിക്കുകയുള്ളൂ. അപ്പോൾ അവരാണ് മുസ്ലിംകൾ.'' (നംല് 81)

സൂറത്തുൽ ഫാത്വിറിലെ ''ജീവിച്ചിരിക്കുന്ന വരും മരിച്ചവരും ഒരുപോലെയല്ല'' എന്ന 22-ാം വചനത്തിന്റെ പശ്ചാത്തലവും ഏകദേശം ഇതുതന്നെയാണ്.

മരിച്ചവരെയും ബധിരന്മാരേയും നിനക്കു കേൾ പിക്കാൻ കഴിയാത്ത പോലെ തന്നെ സത്യ നിഷേധികളെ നേർമാർഗ്ഗത്തിൽ കൊണ്ടുവരാനും നിനക്കു സാധിക്കുകയില്ലെന്ന് പ്രവാചകനെ തെര്യപ്പെടുത്തുകയാണ് ഈ വചനങ്ങളിലൂടെ അല്ലാഹു ചെയ്യുന്നത്. അതായത് ഹൃദയം മരവിച്ചവരേ യഥാർത്ഥത്തിൽ മരിച്ചവരോടു ഉപമിച്ചിരിക്കയാണ് ഈ വചനങ്ങളിലെല്ലാം. അല്ലാതെ മരിച്ചവർ കേൾക്കുമോ ഇല്ലേ എന്ന് വിധിപറയുകയല്ല ഈ വചനങ്ങളുടെ ഉദ്ദേശ്യം. ഇതാണ് മേൽ പ്രസ്താവിച്ച ഖുർആൻ വചനങ്ങളെ ക്കുറിച്ച് ഇസ്തിഗാസയുടെ വക്താക്കൾ മറുപടിയായി പറയുന്നതിന്റെ ചുരുക്കം. ഇതു നാമും അംഗീകരിക്കുന്നു. ഖുറൈശി പ്രധാനികൾ ഇസ്ലാമിന്നു നേരെ കാണിച്ച വിമുഖതയിൽ മനഃപ്രയാസമനുഭവിച്ച നബി (സ)യെ സമാധാനിപ്പിക്കുക തന്നെയാണ് ഈ വചനങ്ങളുടെ ഉദ്ദേശ്യം. മരവിച്ച ഹൃദയങ്ങൾ ഉള്ളവർ യഥാർത്ഥത്തിൽ മരിച്ചവർക്ക് തുല്യമാണെന്നും, സന്മാർഗ്ഗത്തിലേക്കുള്ള പ്രബോധനം കേൾക്കുവാനും ഉൾക്കൊള്ളുവാനും അവർക്കു കഴിയില്ലെന്ന് സാരം.

പക്ഷെ ഇവിടെ ഒരു തെററിദ്ധരിപ്പിക്കൽ ഒളിഞ്ഞു കിടക്കുന്നുണ്ടു. അത് വിവരിക്കാം. ഈ യാഥാർത്ഥ്യം ഉപമകളിലൂടെയാണ് വിവരിക്കപ്പെട്ടിരിക്കുന്നുത്. അതായത് ഹൃദയം മരവിച്ചവരെ (ചിന്ത നശിച്ച ദുർമാർഗ്ഗികളെ) യഥാർത്ഥത്തിൽ തന്നെ മരിച്ചവരോട് ഉപമിച്ചിരിക്കുന്നു. എന്നാൽ ഉപമയിൽ (التشبيه) സ്വഭാവികമായും മൂന്നു ഘടകങ്ങൾ ഉണ്ടാകും. ഒന്നു ഉപമിക്കപ്പെട്ടതു (المشبه) രണ്ടു ഏതിനോടാണോ ഉപമിച്ചിട്ടുള്ളത് ആ വസ്തു (المشبه به) മൂന്നു: ഉപമിക്കപ്പെട്ടകാര്യം (وجه الشبه) ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. അറിവ് പ്രകാശം പോലെയാണ് (العلم كالنور) ഇവിടെ അറിവിനെ പ്രകാശത്തോട് വെളിച്ചം നൽകുന്നതിൽ ഉപമിച്ചിരിക്കുകയാണ്. അപ്പോൾ വെളിച്ചത്താൽ അറിവിനേക്കാൾ പ്രകാശം മുന്നിട്ടു നിൽക്കുന്നു. അതുപോലെ കേൾക്കാത്ത വിഷയത്തിൽ ഹൃദയം ചത്തവൻ, ശരിക്കും മരിച്ചവനെ പോലെയാണെന്ന് ഉപമിച്ചാൽ കേൾക്കാൻ കഴിയായ്മ ഹൃദയം ചത്തവരേക്കാൾ യഥാർത്ഥത്തിൽ മരിച്ചവർക്കായതുകൊണ്ടാണ് അവരെ മരിച്ചവരോടു ഉപമിച്ചത്. അപ്പോൾ മരിച്ചവർക്ക് കേൾക്കാൻ കഴിയുകയില്ലെന്നത് സർവരും അംഗീകരിക്കുന്ന ഒരു പൊതു സത്യമായിത്തീരുന്നു. അതുകൊണ്ടാണു ഹൃദയം മരവിച്ചവർക്കു സത്യം ഉൾക്കൊള്ളാൻ കഴിയുകയില്ലെന്ന കാര്യം കൂടുതൽ വ്യക്തമാക്കുവാൻ വേണ്ടി, അവരെ തീരെ കേൾക്കാത്ത ആ പൊതുതത്വം ഈ ഉപമയിൽ എല്ലാവരും അംഗീകരിക്കുന്നു. സിംഹത്തിന്റെ ധൈര്യവും ശൗര്യവും എതിർപ്പില്ലാതെ അംഗീകരിക്കുന്നത് കൊണ്ടാണ് അതി ധീരനായ ഒരു യോദ്ധാവിനെ സാധാരണ സിംഹത്തോടു ഉപമിച്ചുപറയുന്നത്. അതുപോലെ വിജ്ഞാനത്തെ വെളിച്ചം

നൽകുന്നതിൽ പ്രകാശത്തോടുപമിക്കുന്നതും അപ്പോൾ യോദ്ധാവിനേക്കാൾ പ്രകടമായ ധൈര്യം സിംഹത്തിന്നും വിജ്ഞാനത്തേക്കാൾ പ്രകടമായ വെളിച്ചം പ്രകാശത്തിന്നും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ 'കേൾക്കാതിരിക്കുക' എന്ന വിശേഷണം ഹൃദയം മരവിച്ചവരേക്കാൾ പ്രകടമായുണ്ടായിരിക്കേണ്ടത് മരിച്ചവർക്കാണ് എന്നു സിദ്ധിക്കുന്നു. ഇങ്ങിനെ ഏതർത്ഥത്തിൽ ഏതുനിലക്കും വ്യാഖ്യാനിച്ചാലും മരിച്ചവർ കേൾക്കുകയില്ലെന്ന സത്യം ഒരു യാഥാർത്ഥ്യം ആയിത്തന്നെ അവശേഷിക്കുന്നു. അപ്പോൾ ഇസ്തിഗാസയെ ഈ നിലക്ക് ന്യായീകരിക്കാനും കഴിയില്ലെന്നു വരുന്നു.

# മരിച്ചവരും ജീവിച്ചിരിക്കുന്നവരും

മരണപ്പെട്ടവർക്ക് ജീവിച്ചിരിക്കുന്നവരുടെ വിളിയും അപേക്ഷകളും കേൾക്കാൻ കഴിയുകയില്ലെന്ന് മേലുദ്ധരിച്ച ഒന്നിലേറെ ഖുർആൻ വാക്യങ്ങളിലൂടെ നാം മനസ്സിലാക്കി. വളരെ ശക്തമായ ശൈലിയിലും ഉദാഹരണങ്ങൾ മുഖേനയുമാണ് അക്കാര്യം അല്ലാഹു ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതും.

മൺമറഞ്ഞ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുകയെന്ന ഇസ്തിഗാസ ന്യായീകരിക്കുവാൻ പ്രസ്തുത ഖുർആൻ വചനങ്ങൾ ദുർവ്യാഖ്യാനം ചെയ്യേണ്ടി വരുന്നു. മരിച്ചവരും ജീവിച്ചിരിക്കുന്നവരും സമമാണെന്ന് സ്ഥാപിക്കേണ്ടി വരികയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ ജീവിച്ചിരിക്കുന്നവരെ വിളിച്ചു സഹായം തേടാമെങ്കിൽ മരിച്ചവരെയും വിളിച്ചു സഹായം തേടാമല്ലോ. ഇതെല്ലാം ഒത്തുചേരുമ്പോൾ സാധാര

ണക്കാർ ആശയക്കുഴപ്പത്തിൽ ആകുകയും ശിർക്ക് എന്ന മഹാപാപം സമുദായ ഭൂരിപക്ഷത്തിൽ നിലനിൽക്കുകയും ചെയ്യുന്നു. വാദത്തിന്നുവേണ്ടി മരിച്ചവരും ജീവിക്കുന്നവരും ഒരുപോലെയാണെന്ന് സമ്മതിക്കുകയാണെങ്കിൽ തന്നെ ഇസ്തിഗാസക്ക് അതൊരു തെളിവും ന്യായീകരണവും ആകുകയില്ല.

ബദ്റീങ്ങളും ഉഹദീങ്ങളും കടലുകൾക്കപ്പുറം സൗദി അറേബ്യയിലും മുഹ്യിദ്ധീൻ ശൈഖ് ഇറാഖിലെ ബഗ്ദാദിലുമാണല്ലോ മറപ്പെട്ടിരിക്കുന്നത്. അതും വളരെ നൂററാണ്ടുകൾക്കു മുമ്പ്. എന്നാലും അവരെല്ലാം ഇപ്പോഴും ബദ്റിലും ഉഹ്ദിലും ബഗ്ദാദിലും ജീവിക്കുന്നവർക്ക് തുല്യമായിത്തന്നെ നിലകൊള്ളുന്നു എന്ന് സങ്കൽപിക്കുക; എന്നാൽതന്നെ, വിശാലമായ ഈ ഭൂമിയുടെ അനന്ത വിദൂരങ്ങളായ പ്രദേശങ്ങളിൽ നിന്ന്, പരകോടി വ്യക്തികൾ ഒരേ സമയം പരസഹസ്രം ഭാഷകളിലൂടെ ഉയർത്തുന്ന വിളികളും സഹായാഭ്യർത്ഥനകളും യഥാസമയങ്ങളിൽ കേൾക്കാനും യഥായോഗ്യം ഉത്തരം ചെയ്യാനും അവർക്ക് കഴിയുമോ? മഹാൻമാർ മരണമടഞ്ഞാലും ജീവിച്ചിരിക്കുന്നവർക്ക് തുല്യമാണെന്നാണെങ്കിൽ ബദ്റിലും ഉഹ്ദിലുമൊക്കെ ഇപ്പോഴും യഥാർത്ഥത്തിൽ തന്നെ ജീവിച്ചിരിക്കുന്നവർക്കും അതിനു കഴിയേണ്ടതില്ലേ? അങ്ങനെ കഴിയുമെന്ന് ആർക്കെങ്കിലും വിശ്വാസവും വാദവുമുണ്ടെന്നു തോന്നുന്നില്ല. മാത്രമല്ല, ഇക്കാര്യം ഒരു പരീക്ഷണത്തിലൂടെ നമുക്കറിയാൻ കഴിയുന്ന സത്യവുമാണ്. അപ്പോൾ മരിച്ചവരും ജീവിച്ചിരിക്കുന്നവരും തുല്യമാണെന്ന് സ്ഥാപിക്കുന്നത് കൊണ്ടും ഇസ്തിഗാസ ന്യായീകരിക്കപ്പെടുന്നില്ല.

ശൈഖ് മുഹ്യിദ്ധീൻ അബ്ദുൽ ഖാദർ ജീലാനി(റ) ഇന്ന് ജീവനോടെ ഇരിക്കുകയാണെങ്കിലും വല്ല നില ത്തിന്നും അവരെ വിളിക്കുന്നവർക്ക് വായ് കൂടാതെ ഉത്തരം ചെയ്യാൻ കഴിയുമെന്ന് അവകാശപ്പെടാൻ നി വൃത്തിയില്ല. ഒരു വ്യക്തി - പ്രവാചകൻ തന്നെയാ യാണെങ്കിലും — ജീവിച്ചിരിക്കെ തന്നെ എല്ലാ വിളി യും കേൾക്കുകയില്ല. എല്ലാവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അറിയാൻ കഴിയുകയില്ല. എല്ലാ ഭാഷ കളും മനസ്സിലാക്കുകയുമില്ല. എങ്കിൽ പിന്നെ, മ രിച്ചവരും ജീവിച്ചിരിക്കുന്നവരും തുല്യരാണെന്ന് സ്ഥാപിച്ചെടുക്കുന്നത്കൊണ്ട് യാതൊരു കാര്യവു മില്ല. പാമരൻമാരെ കബളിപ്പിക്കുന്നതുകൊണ്ടു ഭൗതി കമായ ചില കാര്യലാഭങ്ങൾ നേടാൻ കഴിഞ്ഞേക്കാം. പക്ഷെ, അല്ലാഹുവിന്റെ ശിക്ഷ വർദ്ധിപ്പിക്കാ നേ അതുപകരിക്കൂ.

ഏതു സ്ഥലത്തുനിന്നും, ആര്, എപ്പോൾ, എ ന്തിന്നു വേണ്ടി, ഏതുഭാഷയിൽ വിളിച്ചാലും ആ വി ളി കേൾക്കാനും, വിളിച്ചവരെ തിരിച്ചറിയാനും, ആവ ശ്യമെന്താണെന്നു ഗ്രഹിക്കാനും, സഹായമെത്തിക്കാനു മെല്ലാമുള്ള കഴിവ് സർവ്വശക്തനും സർവ്വജ്ഞനുമാ യ അല്ലാഹുവിന്നു മാത്രമേയുള്ളൂ. പരിശുദ്ധ ഖുർ ആനിൽ പല സന്ദർഭങ്ങളിലും പലവചനങ്ങളിലും ആവർത്തിച്ചുറപ്പിച്ചു പറഞ്ഞ കാര്യമാണിതു.

ഉദാഹരണത്തിന് ചില വചനങ്ങൾ ഇവിടെ ഉദ്ധരിക്കാം

قُلْ لَا يَعْلَمُ مَنْ فِي السَّمٰوٰتِ وَالْأَرْضِ الْغَيْبَ إِلَّا اللّٰهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ۝ (الشعراء ٦٥)

'' പറയുക — അല്ലാഹുവല്ലാതെ ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള യാതൊരാളും മറഞ്ഞ കാര്യങ്ങൾ അറിയുകയില്ല. (മരിച്ചു മൺമറിഞ്ഞ ഖബറാളികളാകട്ടെ) തങ്ങൾ എപ്പോഴാണ് എഴുന്നേൽപിക്കപ്പെടുകയെന്നു പോലും അറിയുന്നില്ല''

يَعْلَمُ خَائِنَةَ الأَعْيُنِ وَمَا تُخْفِي الصُّدُور
( غافر ١٩ )

''കണ്ണുകളുടെ കട്ടുനോട്ടവും ഹൃദയങ്ങൾ മറച്ചു വെക്കുന്ന കാര്യങ്ങളും അല്ലാഹു(മാത്രം) അറിയുന്നു'' അതായതു, രഹസ്യവും പരസ്യവുമായ എല്ലാ കാര്യങ്ങളും ഒരുപോലെ അറിയാനുള്ള കഴിവ് അല്ലാഹുവിന്നു മാത്രമുള്ളതും അവൻെറ മാത്രം വിശേഷണവുമാകുന്നു.

قُلِ اللَّهُمَّ فَاطِرَ السَّمٰوَاتِ وَالأَرْضِ عَالِمَ الغَيبِ وَالشَّهَادَةِ أَنتَ تَحْكُمُ بَيْنَ عِبَادِكَ فِيمَا كَانُوا فِيهِ يَخْتَلِفُونَ ٥ ( الزمر - ٤٦ )

''പറയുക - ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ച, അദൃശ്യങ്ങളും ദൃശ്യങ്ങളുമറിയുന്ന അല്ലാഹുവേ, നിൻെറ അടിമകൾ ഭിന്നിച്ചിരിക്കുന്ന കാര്യങ്ങളിൽ അവർക്കിടയിൽ നീ തീരുമാനമെടുക്കുന്നു,''

وَإِنَّ رَبَّكَ لَيَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ ٥ ( الشعراء - ٧٤ )

" അവരുടെ ഹൃദയങ്ങൾ ഗോപ്യമാക്കുന്ന കാര്യങ്ങളും അവർ പരസ്യമാക്കുന്ന കാര്യങ്ങളും എല്ലാം തീർച്ചയായും നിന്റെ രക്ഷിതാവ് അറിയുന്നു''

ഇങ്ങനെ നിരവധി വചനങ്ങളിലൂടെ അല്ലാഹുവിന്നു മാത്രമുള്ളതാണെന്നു വിശുദ്ധ ഖുർആനിൽ സ്ഥാപിക്കപ്പെട്ട കഴിവും ഗുണ വിശേഷണങ്ങളുമാണു 'ഇസ്തിഗാസാ വാദികൾ' സൃഷ്ടികളിൽ പലർക്കുമുണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതു. نعوذ بالله അല്ലാഹു കാക്കട്ടെ എന്നല്ലാതെ മറ്റെന്തു പറയും?

ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമാണ്. ജീവിച്ചിരിക്കുന്നവരെപോലെതന്നെ മരിച്ചവരും കേൾക്കുകയും കാണുകയും ചെയ്യുന്നു. ഈ നിലക്ക് ഇസ്തിഗാസയെ ന്യായീകരിച്ചെടുക്കാൻ തൽപരകക്ഷികൾ ദുർവ്യാഖ്യാനം ചെയ്യുന്ന മറ്റൊരു ഖുർആൻ വചനം ഇതാണു:

أَمْ حَسِبَ الَّذِينَ اجْتَرَحُوا السَّيِّئَاتِ أَنْ نَجْعَلَهُمْ كَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَوَاءً مَحْيَاهُمْ وَمَمَاتُهُمْ ج سَاءَ مَا يَحْكُمُونَ ٥ (الجاثية - ٢١)

''കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ കരുതിയിരിക്കയാണോ നാം അവരെയും; വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരേയും ഒരേ പോലെ തന്നെ ആക്കുമെന്നു? അഥവാ അവരുടെ ജീവിതവും മരണവും സമമായ വിധത്തിൽ. അവരുടെ ഈ തീരുമാനം വളരെ ഹീനമായിരിക്കുന്നു.''

സത്യവിശ്വാസികളും സൽകർമ്മികളുമായവരെ പോലെതന്നെ ഇഹലോകത്ത് അവിശ്വാസികളും ദുഷ്ക്കർമ്മികളും ജീവിച്ചു വരുന്നു. സുഖങ്ങളും ദുഃഖങ്ങളും മാറി മാറി അനുഭവിക്കുന്നു. കച്ചവടത്തിലും കൃഷിയിലും ഉദ്യോഗപദവികളിലും മററനേകംഅവസ്ഥകളിലും രണ്ടു വിഭാഗവും ഒരുപോലെ കഴിഞ്ഞുകൂടുന്നു. സത്യവിശ്വാസികൾക്ക് മുഴുവൻ സുഖവും അഭിവൃദ്ധിയും ഉണ്ടാകുക; സത്യനിഷേധികൾക്ക് മുഴുവൻ ദുഃഖവും അധഃപതനവുമായിരിക്കുക - ഇങ്ങനെയൊരവസ്ഥ ഇഹലോകത്തില്ല. അതുകൊണ്ടു ഈ നിലതന്നെ മരണശേഷം പരലോക ജീവിതത്തിലും തുടരുമെന്നും, അവിടെയും രണ്ടു വിഭാഗവും തുല്യാവസ്ഥയിലായിരിക്കുമെന്നും ചിലമൂഢൻമാർ കരുതിവശാകുന്നു. എന്നാൽ, ഈ ധാരണ ശരിയല്ലെന്നും പരലോക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് സ്വർഗ്ഗീയ സുഖവും സത്യനിഷേധികൾക്ക് നരകീയശിക്ഷയുമാണുണ്ടാകുകയെന്നും വിവരിക്കുകയാണ് ഈ വചനം. ഇതിൻെറ ശരിയായ വിവക്ഷയും വ്യാഖ്യാനവും ഇതുതന്നെയാകുന്നു. തഫ്സീർ ഇബ്നുകസീറിൽ വന്ന വിവരണം കാണുക;

يقول تعالى : لا يستوى المؤمنون والكافرون كما قال عزوجل
لاَ يَسْتَوِى أَصْحَابُ النار وَأَصْحَابُ الْجَنَّةِ اصحاب
الجنة هُم الْفَائِزُونَ ٥ ( الحشر - ٢٠ ) وَقَالَ تبارك وتعالى
(ام حسب الذين اجترحوا السيأت اى عملوها وكسبوها (ان نجعلهم
كالذين آمنوا وعملوا الصالحات ..... سواء محياء ومماتهم )

اى نساويهم بهم فى الدنيا والاخرة (ساء ما يحكمون) اى ساء ما ظنّوا بنا وبعد ما ان تساوى بين الابرار والفجّار فى الدّار الآخرة وفى هذه الدّار — ٤ — ١٥٠ )

'' നരകവാസികളും സ്വർഗ്ഗവാസികളും സമമാകുകയില്ല– സ്വർഗ ഗവാസികൾ തന്നെയാണ് വിജയികൾ '' എന്നു അല്ലാഹു പ ഞ്ഞതുപോലെ തന്നെയാണ് സത്യവിശ്വാസികളും സത്യനിഷേധികളും സമമാകുകയില്ലെന്ന് ഇവിടെയും അല്ലാഹു പറഞ്ഞിരിക്കുന്നതു. ഇഹലോകത്തും പരലോകത്തും ഈ രണ്ടു വിഭാഗത്തെയും നാം സമമാക്കുമോ, നമ്മെ സംബന്ധിച്ചുള്ള അവരുടെ ഈ തീരുമാനം വളരെ ചീത്തയായി......'' ( ഇബ്നുകസീർ 4. 150 ) മററു ഖുർആൻ വ്യഖ്യാതാക്കളും ഈ നിലക്ക് തന്നെയാണ് മേൽ ഖുർആൻ വാക്യം വ്യഖ്യാനിച്ചിരിക്കുന്നത്. പ്രകാരാന്തരേണ ഈ ആശയം ഉൾക്കൊള്ളുന്ന ധാരാളം വചനങ്ങൾ ഖുർആനിൽ കാണാൻ കഴിയും. ഒരു ഉദാഹരണം കാണുക:

وَما يَستَوِى الاَعمَى وَالبَصِيرُ ٥ وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحاتِ وَلاَ المُسِيئُ قَلِيلاً ما تَذَكَّرُون

( غافر — ٥٨ )

''വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ടിക്കുകയും ചെയ്തവരും ദുഷ്കർമ്മികളും, ( അതുപോലെ ) കാഴ്ചയുള്ളവരും കാഴ്ചയില്ലാത്തവരും സമന്മാരാകുകയില്ല. വളരെ കുറച്ചു മാത്രമേ നിങ്ങൾ

ചിന്തിക്കുന്നുള്ളു. (ഗാഫിർ. 58) കണ്ണുള്ളവനും ഇല്ലാത്തവനും സമന്മാരാകാത്തതുപോലെ തന്നെ സൽകർമ്മികളും ദുഷ്കർമ്മികളും സമന്മാരാകുകയില്ലെന്ന പ്രകടമായ തത്വവും സത്യവുമാണ് ഈ വചനത്തിലടങ്ങിയിരിക്കുന്നത്. മുമ്പുദ്ധരിച്ച വചനങ്ങളിലടങ്ങിയ ആശയവും ഇതു തന്നെയാണല്ലോ. ? അതായത്, സത്യത്തിൽ വിശ്വസിക്കുകയും നല്ല കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന സജ്ജനങ്ങളും, സത്യം നിഷേധിക്കുകയും തിന്മ പ്രവർത്തിക്കുകയും ചെയ്യുന്ന ദുഷ്ടജനങ്ങളും ഇഹലോകത്ത് പ്രത്യേക വ്യത്യാസങ്ങളൊന്നുമില്ലാതെ തുല്യ ജീവിതം നയിക്കുന്നു. പക്ഷെ, ഈ അവസ്ഥയായിരിക്കുകയില്ല പരലോക ജീവിതത്തിൽ, അവിടെ സാരമായ വ്യത്യാസമുണ്ടാകും. സജ്ജനങ്ങൾ സ്വർഗ്ഗീയ സുഖത്തിലും ദുഷ്ടജനങ്ങൾ നരക ശിക്ഷയിലും കഴിയുന്നു. ഇക്കാര്യം ഉദാഹരണങ്ങളിലൂടെ തെര്യപ്പെടുത്തുകയാണ് ഈ എല്ലാ ഖുർആൻ വചനങ്ങളും. വക്രതയില്ലാത്ത സാധാരണ ബുദ്ധികൾക്ക് പോലും ഈ വചനങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്ന തത്വവും അതു തന്നെയാണ്.

നേരെമറിച്ചു, ജീവിച്ചിരിക്കുന്നവരും മരിച്ചവരും തുല്യരാണെന്ന ആശയമാണ് ഈ വചനങ്ങളുൾക്കൊണ്ടതെന്നതിന്നു ഒരു സൂചനപോലും കാണപ്പെടുകയില്ല. ഖുർആൻ വ്യാഖ്യാതാക്കളിൽ ആരും അങ്ങനെ സമർത്ഥിച്ചിട്ടുമില്ല. പക്ഷെ, പരിശുദ്ധ ഖുർആനിൽ നിന്നും തിരുസുന്നത്തിൽനിന്നും നേർക്കുനേരെ ആശയങ്ങൾ മനസ്സിലാക്കുകയും ആ നിലക്ക് പറയുകയും പ്രവർത്തിക്കുകയും ചെയ്തുപോന്ന [illegible]

"അഹ്ലുസ്സുന്നത്തി വൽ ജമാഅത്തി "ന്റെ ആശയക്കാരൊഴിച്ചുള്ള പലരും, തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും ന്യായീകരിക്കാനും ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും തറിച്ചും മുറിച്ചും ദുർവ്യാഖ്യാനം ചെയ്തതിന്നു ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. ഖുർആൻ വചനങ്ങളും ഹദീസുകളും മുഴുവനുമോ, അഥവാ ഏതാനും ഭാഗങ്ങളോ സന്ദർഭത്തിൽ നിന്നടർത്തിയെടുത്തു, നേരെ വിപരീതമായ അർത്ഥങ്ങളും ആശയങ്ങളും ഒപ്പിച്ചെടുക്കുകയും അങ്ങനെ അവയുടെ ലക്ഷ്യം അന്യവല്ക്കരിക്കുകയും ചെയ്യുന്നു. മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കുന്ന 'ഇസ്തിഗാസ'ക്കാർ യഥാർത്ഥത്തിൽ ഈ വിഭാഗത്തിന്റെ മുമ്പിൽ നിൽക്കുകയാണ്.

മേലുദ്ധരിച്ച ഖുർആൻ വചനത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും മാററിവെച്ചു سَوَاءً مَحْيَاهُمْ وَمَمَاتُهُمْ (അവരുടെ മരണവും ജീവിതവും തുല്യമാണ്.) എന്ന മദ്ധ്യഭാഗം മാത്രമുദ്ധരിച്ചു ഇസ്തിഗാസക്ക് തെളിവുണ്ടാക്കുന്ന അവരുടെ കുത്സിത വൃത്തി ഇതിനൊരുദാഹരണമാണ്. "അമ്പിയാക്കളും ഔലിയാക്കളും സ്വാലിഹീങ്ങളും, അവരുടെയൊക്കെ ജീവിതവും മരണവും ഒരുപോലെയാണെന്നും, രണ്ടവസ്ഥകളിലും അവർ എല്ലാം കാണുകയും കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു വെന്നും വരുത്തിത്തീർക്കുകയാണു ഇതു മുഖേനയവർ സാധിക്കുന്നത്. ഈ നിലക്കുള്ള വ്യാഖ്യാനം കേട്ടാൽ തോന്നുക അവർ മരിച്ചാലും മറവു ചെയ്യാനും, അവരുടെ സ്വത്തുക്കൾ അനന്തിരാവകാശികൾക്കിടയിൽ വിഹി

തിക്കാനും, അവരുടെ വിധവകളെ പുനർ വിവാഹം നടത്താനും, അവരുടെ ജോലികളിൽ മറ്റൊരാളെ നിയമിക്കാനുമെന്നും പററുകയില്ലെന്നാണ്. എന്തുകൊണ്ടെന്നാൽ, അവരുടെ ജീവിതവും മരണവും സമമാണല്ലോ? ഒരു ഖുർആൻ വചനത്തിന്റെ തുണ്ടുമാത്രമുദ്ധരിച്ചാണു ഈ വ്യാഖ്യാനക്കസെറത്തുകൾ മുഴുവൻ. വചനം മുഴുവനു മുദ്ധരിക്കുകയാണെങ്കിൽ മഹാ അപകടമാണെന്നു അവർക്ക് തന്നെയറിയാം. എന്തെന്നാൽ, سَاءَ مَا يَحْكُمُونَ (അവരുടെ തീരുമാനം എത്ര ചീത്തയാണു) എന്നുണർത്തിക്കൊണ്ടാണല്ലോ ആ വചനമവസാനിക്കുന്നത്. ഇവിടെ ഇസ്തിഗാസക്കാർ പറയുന്നതു പോലെ വ്യാഖ്യാനിക്കുകയാണെങ്കിൽ 'അവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നതു അമ്പിയാക്കളും ഔലിയാക്കളും സ്വാലിഹീങ്ങളു മൊക്കെയായിത്തീരും. എങ്കിൽ അവരുടെ തീരുമാനം വളരെ ചീത്തയാണെന്നു ഖുർആൻ വിശേഷിപ്പിക്കുകയില്ലെന്നു ആർക്കും അറിയാവുന്നതാണല്ലോ! അതിനാൽ, ആ ഭാഗം ബോധപൂർവ്വം മാററിവെച്ചു ''അവരുടെ ജീവിതവും മരണവും സമമാണെ''ന്നതിന്നു തെളിവുദ്ധരിക്കുകയാണവർ? എന്തൊരു കരളുറപ്പ്! കൂടാതെ അവർ سواء (സമമായ വിധത്തിൽ) എന്ന പദം'' سواء (സമമാകുന്നു) എന്നാക്കി അന്ത്യാക്ഷരത്തിലെ ഏകാരം, ഉകാരമായി മാററി വായിക്കുന്നതും പതിവായിട്ടുണ്ട്.

## "ഖലീബ്" സംഭവം

'മരിച്ചവർ കേൾക്കും' എന്നതിന്നു തെളിവായി, ഇസ്തിഗാസാ വാദികൾ സാധാരണ ഉദ്ധരിക്കാറുള്ള

ഒരു സംഭവമാണു "ഖലീബ്." 'ബദർ' യുദ്ധ ദിവസം കൊല്ലപ്പെട്ട ഏതാനും ഖുറൈശി പ്രധാനികളുടെ മൃതശരീരങ്ങൾ കുഴിച്ചു മൂടപ്പെട്ട 'ഖലീബു' എന്ന പൊട്ടക്കിണറിനടുത്തു ചെന്നു, നബി തിരുമേനി അവരുടെ പേരെടുത്ത് വിളിക്കുകയും അവരെ അഭിസംബോധനം ചെയ്തു സംസാരിക്കുകയുമുണ്ടായി. ഇതാണ് ഖലീബു സംഭവം കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, 'മരിച്ചവർ കേൾക്കുകയില്ല' എന്നതിന്ന് തെളിവായിട്ടാണ് മഹാന്മാരായ പൂർവ്വ പണ്ഡിതന്മാർ ഈ സംഭവം ചൂണ്ടിക്കാണക്കുന്നത് ശുദ്ധ ഹൃദയർക്ക് മനസ്സിലാക്കാൻ കഴിയുന്നതും അങ്ങനെയാണ്. അബൂ തൽഹത്ത് (റ) വിൽ നിന്നു ഇമാം ബുഖാരി (റ) യും ഇമാം മുസ്ലിം (റ)വും ഉദ്ധരിക്കുന്ന പ്രസ്തുത സംഭവം ആദ്യം ഇവിടെ ഉദ്ധരിക്കാം.

عن ابى طلحة رضى الله عنه انّ النّبى ﷺ امر يوم بدر

باربعة وعشرين رجلا من صناديد قريش وقذفوا فى طىّ من اطواء

بدر خبيث مخبث وكان اذا ظهر على قوم اقام بالعرصة ثلاث

ليال ولما كان ببدر اليوم الثالث امر براحلته فشد عليها رحلها ثم

مشى فاتبعه اصحابه وقالوا ما نرى ينطلق الا لبعض حاجته حتى قام

على شفة الركى فجعل يناديهم باسمائهم واسماء ابائهم يا فلان بن

فلان ويا فلان ابن فلان ايسركم انكم اطعتم الله ورسوله فانا قد

وجدنا ما وعدنا ربنا حقا فهل وجدتم ما وعد ربكم حقا قال فقال

عمر يا رسول الله ما تكلم من اجساد لا ارواح لها فقال رسول الله ﷺ

ﷺ والذي نفس محمد بيده ما انتم باسمع لما اقول منهم قال قتادة احياهم الله حتى اسمعهم قوله توبيخا وتصغيرا ونقمة وحسرة وندما — متفق عليه ( كتاب المغازي )

''ബദർ ദിവസം ഖുറൈശി പ്രധാനികളിൽ ഇരുപത്തി നാലുപേരുടെ ശവശരീരങ്ങളെ, അവിടെയുള്ള ഏററവും വൃത്തികെട്ടതും ചീത്തയുമായ ഒരു പൊട്ടക്കിണററിലിട്ടു മൂടുവാൻ നബി (സ) കല്പിച്ചു. ഏതെങ്കിലും ഒരു ജനവിഭാഗവുമായുള്ള യുദ്ധത്തിൽ വിജയിച്ചാൽ അതിനു തൊട്ടുള്ള ഏതെങ്കിലും ഒഴിഞ്ഞ സ്ഥലത്തു മൂന്നു ദിവസം കഴിച്ചുകൂട്ടുക നബി (സ)യുടെ പതിവായിരുന്നു. അതനുസരിച്ചു, ബദർ യുദ്ധം കഴിഞ്ഞു മൂന്നാം ദിവസമായപ്പോൾ തന്റെ വാഹനമൊരുക്കാൻ തിരുമേനി കല്പിക്കുകയും തുടർന്നു വാഹനത്തിൽ യാത്ര ആരംഭിക്കുകയും സ്വഹാബത്തു തിരുമേനിയെ പിന്തുടരുകയും ചെയ്തു. എന്തോ കാര്യത്തിനാണ് ഈ യാത്രയെന്നു സ്വഹാബത്ത് തമ്മിൽ അഭിപ്രായപ്പെട്ടു. അങ്ങനെ, തിരുമേനി ശവം മൂടിയ കിണററു വക്കിൽ വന്നു നിൽക്കുകയും അവരെ പിതാക്കളുടെ പേര് കൂട്ടിച്ചേർത്തു വിളിക്കുകയും ചെയ്തു. എന്നിട്ടു തിരുമേനി തുടർന്നു: അല്ലാഹുവിനേയും അവന്റെ പ്രവാചകനേയും അനുസരിച്ചിരുന്നുവെങ്കിൽ നിങ്ങൾക്കതു സന്തോഷകരമാകുമായിരുന്നല്ലേ? എന്നാൽ, ഞങ്ങളുടെ രക്ഷിതാവ് (അല്ലാഹു) ഞങ്ങളോടു വാഗ്ദത്തം ചെയ്തതു ഞങ്ങൾക്ക് സത്യമായി പുലർന്നിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവ് നിങ്ങളോട് വാഗ്ദത്തം ചെയ്തത് നിങ്ങൾക്കും സത്യമായി പുലർന്നോ? ഇതു കേട്ടു ഉമർ (റ) ചോദിച്ചു. അല്ലാഹു

വിന്റെ ദൂതരെ; ജീവനില്ലാത്ത ശവശരീരങ്ങളോടാണ ല്ലോ താങ്കൾ സംസാരിക്കുന്നത്? നബി(സ) പറഞ്ഞു: എന്റെ ആത്മാവു ആരുടെ കയ്യിലാണോ —അവൻ സ ത്യം—ഞാൻ പറയുന്നതു അവരേക്കാൾ നിങ്ങളല്ല കേൾ ക്കുന്നതു. ഖത്താദ: (റ) (റിപ്പോർട്ടർ) പറയുകയാണ്. നബി (സ)യുടെ സംസാരം, ഭീഷണിയും നിസ്സാരപ്പെ ടുത്തലും, ശിക്ഷയും, ഖേദവുമൊക്കെയായി അനു ഭവിക്കാൻ വേണ്ടി അവരെ അല്ലാഹു അപ്പോൾ ജീവി പ്പിച്ചു.'' (ബുഖാരി, മുസ്ലിം.)

ഇതു സംബന്ധിച്ചു ഇബ്നു ഉമർ(റ) (عبدالله ابن عمر رضى الله عنه) വിൽ നിന്നു സ്വഹീഹുൽ ബുഖാരിയിൽ ഉ ദ്ധരിക്കപ്പെട്ട മറെറാരു റിപ്പോർട്ടു ഇങ്ങനെയാണ്.

عن ابن عمر رضى الله عنه قال : وقف النبى ﷺ على قليب بدر فقال هل وجدتم ما وعد ربكم حقا ثم قال انهم الآن يسمعون ما اقول فذكر لعائشة رضى الله عنها فقالت انما قال النبى ﷺ انهم الان ليعلمون ان الذى كنت اقول لهم هو الحق ثم قرأت ( انك لا تسمع الموتى ..... ) حتى قرأت الآية ( صحيح البخارى كتاب المغازى )

സാരം: നബി (സ) ബദ്റിലെ ഖലീബിന്റെ കര യിൽ നിന്നുകൊണ്ടു പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് നിങ്ങളോടു ചെയ്ത വാഗ്ദത്തം സത്യമായി നിങ്ങൾ ക്കനുഭവപ്പെട്ടുവോ? എന്നിട്ടു തിരുമേനി പറഞ്ഞു: ഞാനീ പറയുന്നതു ഇപ്പോൾ അവർ കേൾക്കുന്നു! ഈ

സംഭവം ആയിശ: (റ)യോടു പറഞ്ഞപ്പോഠം അവർ ഇങ്ങനെ പറഞ്ഞു: എന്നുവെച്ചാൽ ഞാൻ അവരോടു പറഞ്ഞുകൊണ്ടിരുന്നതു സത്യമായിരുന്നുവെന്ന് ഇപ്പോഠം അവർ അറിയുന്നു. എന്നാണ് (അവർ കേഠക്കുന്നു) എന്നു തിരുമേനി പറഞ്ഞതിൻെറ ഉദ്ദേശം. അതിനു തെളിവായി ആയിശ: (റ) മരിച്ചവരെ നീ കേഠപ്പിക്കുകയില്ല എന്നു തുടങ്ങുന്ന സൂക്തം ഓതിക്കേഠപ്പിക്കുകയും ചെയ്തു'' (ബുഖാരി)

ഇബ്നു മസ് ഊദു (റ) (عبدالله ابن مسعود رضى الله عنه) - ൽ നിന്നു ത്വബ്റാനീ (الطبرانى) ഉദ്ധരിച്ച റിപ്പോർട്ടു കൂടി താഴെ ചേർക്കുന്നു:

٣ عن ابن مسعود رضىالله قالوا يا رسول الله وهل يسمعون قال يسمعون كما تسمعون ولكنهم اليوم لا يجيبون
( فتح البارى ٧ - ٣٥٤ )

''സ്വഹാബത്ത് (റ) നബി (സ)യോടു ചോദിച്ചു: അല്ലാഹുവിൻെറ റസൂലേ, (താങ്കഠ പറയുന്നതു) അവർ കേഠക്കുമോ? തിരുമേനി പറഞ്ഞു: നിങ്ങഠ കേഠക്കുന്നതു പോലെ അവരും കേഠക്കുന്നു. പക്ഷെ, അവരിപ്പോഠ മറുപടി പറയുകയില്ല.'' (ഫത്ഹുൽ ബാരി: 7—354)

അനസ് (റ) വിൽ നിന്ന് ഇമാം അഹമദ് (റ) ഉദ്ധരിച്ച ഒരു റിപ്പോർട്ടു കൂടി കാണുക.

٤ وعن انس رضى الله عنه قال ... فسمع عمر صوته فقال : يا رسول اتناديهم بعد ثلاث وهل يسمعون يقول الله عزّوجل

(انك لا تسمع الموتى ...) فقال والذى نفسى بيده ما انتم باسمع ما اقول منهم ولكنهم لا يستطيعون ان يجيبوا ... الحديث (رواه احمد مقدمة الآيات البينات ٤)

''നബി (സ) അവരെ വിളിച്ചു സംസാരിക്കുന്ന ശബ്ദം കേട്ട് ഉമർ(റ)ഇങ്ങിനെ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, മരണം കഴിഞ്ഞ് മൂന്ന് ദിവസങ്ങൾക്കു ശേഷം അവരെ താങ്കൾ വിളിക്കുകയാണോ? ''താങ്കൾ, മരണപ്പെട്ടവരെ കേൾപ്പിക്കുകയില്ലെ''ന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ എങ്കിൽ പിന്നെ അവരെങ്ങിനെ കേൾക്കും? നബി(സ) പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ സത്യം; ഞാനീ പറയുന്നത് അവരേക്കാൾ അധികം കേൾക്കുന്നവരല്ല നിങ്ങൾ. പക്ഷെ, അവർക്ക് മറുപടി പറയുവാൻ സാധിക്കുകയില്ല (അഹമദ്)

ഖലീബ് (ബദ്റിലെ പൊട്ടക്കിണർ) സംഭവവുമായി ബന്ധപ്പെട്ട നാലു റിപ്പോർട്ടുകൾ ഇപ്പോൾ വായനക്കാർ കണ്ടു കഴിഞ്ഞു: മരിച്ചവർ വിളികേൾക്കുകയില്ലെന്നതിന്നാണ് ഈ സംഭവം തെളിവാകുന്നതെന്ന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധാ പൂർവ്വം വായിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്.

1) നബി (സ)യുടെ കൂടെയുണ്ടായിരുന്ന ഉമർ(റ) ഉൾപ്പെടെയുള്ള സഹാബികൾ മരിച്ചവർ കേൾക്കുകയില്ലെന്ന് വിശ്വസിക്കുന്നവരായിരുന്നു. ആ കാര്യം അവർ നബി(സ)യുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ അതു തെറ്റാണെന്നു പറഞ്ഞു തി

രുമേനി അവരെ തിരുത്തുകയോ, 'ഇപ്പോൾ അവർ കേൾക്കുമെന്ന്'' പറയുകയല്ലാതെ മരിച്ചവർ കേൾക്കുമെന്ന് പൊതുവായി അഭിപ്രായപ്പെടുകയോ ചെയ്തില്ല. ഇമാം ബുഖാരി(റ)ൻെറ റിപ്പോർട്ടിൽ 'ഇപ്പോൾ അവർ കേൾക്കും' എന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കയാണ്. അപ്പോൾ ഈ പ്രത്യേക സന്ദർഭത്തിലും പ്രശ്നത്തിലുമൊഴികെ മരിച്ചവർ കേൾക്കുകയില്ലെന്ന് തന്നെയാണ് നബി(സ) അംഗീകരിച്ച അഭിപ്രായമെന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഇക്കാര്യം പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ സയ്യിദ് ശിഹാബുദ്ധീൻ മഹമൂദുൽ ആലൂസി(റ) السيد شهاب الدين محمود الوسى തൻെറ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ روح المعانى യിൽ രേഖപ്പെടുത്തിയിട്ടുണ്ടു. (6 - 400). ഇതുകൊണ്ട് മരിച്ചവർ കേൾക്കുകയില്ല എന്ന അടിസ്ഥാന തത്വമാണ് വെളിപ്പെടുന്നത്. സ്വഹാബികൾ, മരിച്ചവർ കേൾക്കുകയില്ലെന്ന് അഭിപ്രായപ്പെട്ടപ്പോൾ നബി(സ) അതു തിരുത്താതെ. ആവശത്തെക്കുറിച്ചു മൗനം ദീക്ഷിച്ചതിൽ നിന്ന് അത് മനസ്സിലാക്കാം. നബി(സ)യുടെ വിളി കേൾക്കുവാനായി അല്ലാഹു അവരെ താൽക്കാലികമായി ജീവിപ്പിക്കുകയും തിരുമേനിയുടെ വചനങ്ങൾ കേൾപ്പിക്കുകയുമാണ് ചെയ്തതെന്ന താബിളുകളിൽ പ്രമുഖരായ ഖതാദ:(റ) വിൻെറ അഭിപ്രായം ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ആദ്യ റിപ്പോർട്ടിൽ വന്നതുമാണ്. മാത്രമല്ല, അതൊരു ശിക്ഷയെന്ന നിലക്കും ഖേദിപ്പിക്കാൻ വേണ്ടിയും മററുമാണെന്നും ആ റിപ്പോർട്ടിൽ തന്നെ വിവരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഖതാദ; (റ) വിൻെറ അഭിപ്രായവും ഈ ഹദീസിനോടു ചേർത്തികൊണ്ട് ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചതിൽ നിന്ന് അത് നബി

(സ)യുടെ ഒരു അമാനുഷിക സംഭവം ( معجزة ) ആണെന്നും കാണിക്കുന്നു. അപ്പോൾ ഒരു പ്രത്യേക സന്ദർഭത്തിലും ഒരു പ്രത്യേക പ്രശ്നത്തിലും അല്ലാഹു തന്റെ പ്രവാചകൻ മുഖേന വെളിപ്പെടുത്തിയ ഒരു അമാനുഷിക സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗം മുശ്‌രിക്കുകൾ നബി തിരുമേനിയുടെ വിളികേട്ടു എന്നതു കൊണ്ടു എല്ലാ മരിച്ചവരും എല്ലാവിളികളും കേൾക്കുമെന്ന് വാദിക്കുന്നത് എന്തുമാത്രം അൽഭുതകരമാണ്? മാത്രമല്ല, ഇവിടെ മുശ്‌രിക്കുകളെയാണ് നബി(സ) വിളിച്ചതും കേൾപ്പിച്ചതുമെന്ന തെളിവിൻമേൽ മുസ്ലിം പുണ്യാളൻമാരെ മാത്രമല്ല; സന്യാസികളെയും പാതിരിമാരേയും സ്വാമികളെയുമൊക്കെ, അവരുടെ മരണശേഷവും വിളി കേൾപ്പിക്കാനും സഹായം ചോദിക്കാനും കഴിയുമെന്നും വാദിക്കമല്ലോ?

മറ്റൊരു പ്രസിദ്ധ ഖുർആൻ വ്യാഖ്യാനമായ ഖുർത്തുബിയിലും (تفسير القرطبي) ഈ സംഭവം നബി തിരുമേനിയുടെ 'മുഅജിസത്താ' യി വിവരിക്കപ്പെട്ടിരിക്കുന്നു (12 - 232) 'മിശ്കാത്തി'ൽ 'അൽ ഖത്തീബുത്തിബ്‌രീസിയ്യും' ''മുഅ്ജിസത്തി'' ന്റെ അദ്ധ്യായത്തിലാണ് ഈസംഭവം ഉദ്ധരിക്കുന്നത്. അങ്ങനെ ചെയ്തത് അതൊരു മുഅ്ജിസത്താണെന്ന് വരുത്താനും ഉണർത്താനും വേണ്ടിയാണെന്ന് 'മിശ്കാത്തി'ന്റെ വ്യാഖ്യാന ഗ്രന്ഥമായ 'ലംഹാത്തി'ൽ വിശദീകരിക്കുന്നുണ്ടു.

ايراد هذا الحديث في هذا الباب بما يشعر بانّ سماعهم كان
معجزة لرسول الله ﷺ (هامش المشكوة : ٢ - ٥٠٣)

ബുഖാരിയുടെ വ്യഖ്യാനമായ '' ഫത്ഹുൽബാരി '' യിലും ഈ സംഭവം തിരുമേനിയുടെ 'മുഅ്ജിസത്തി'ൽ ഉൾപ്പെടുത്തികൊണ്ട് ഇമാം സുഹൈലിയ്യി ൽ നിന്നു ഇങ്ങനെ ഉദ്ധരിക്കുന്നു.

وقال السهيلى : ان فى نفس الخبر ما يدل على خرق العادة بذلك للنبى ﷺ لقول الصحابة اتخاطب قوما قد جيفوا .

'' ഇമാം സുഹൈലി പറയുന്നു ! ചീഞ്ഞളിഞ്ഞ മൃതദേഹങ്ങളോടാണോ അവിടുന്ന് സംസാരിക്കുന്നതെന്ന സ്വഹാബത്തിൻെറ ചോദ്യത്തിൽ നിന്ന് തന്നെ ഈ സംഭവം മുഅ്ജിസത്താണെന്ന് തെളിയുന്നുണ്ട്. ചുരുക്കത്തിൽ ഖലീബിലെ ശവശരീരങ്ങളെ നബി(സ) വിളിക്കുകയും അവർ തിരുമേനിയുടെ വിളി കേൾക്കുകയും ചെയ്തത് തിരുമേനിയുടെ ഒരു മുഅ്ജിസത്ത് ആകുന്നു. മുഅ്ജിസത്ത് മററു സൃഷ്ടികൾക്ക് ലഭിക്കുകയില്ല എന്നതും, പ്രവാചകന്മാർക്ക് തന്നെ തോന്നുമ്പോഴെല്ലാം വെളിപ്പെടുത്താൻ കഴിയുന്ന കർ്യമല്ലെന്നതും ഏത് സാധാരണക്കാരനും അറിയുന്ന ഇസ്ലാമിൻെറ ബാലപാഠമാണ്.

2) മരിച്ചവർ കേൾക്കുകയില്ലെന്നതിന്ന് തെളിവായി തിരുമേനിയുടെ സന്നിധിയിൽ വെച്ചു തന്നെ ഉമർ (റ) ഖുർആൻ സൂക്തം ഉദ്ധരിക്കുകയുണ്ടായി. പ്രസ്തുത ഖുർആൻ ആയത്തിൻെറ ആശയവും അർത്ഥവും മനസ്സിലാക്കിയതിൽ ഉമറി (റ) ന്ന് തെററ് പററിയിരുന്നുവെങ്കിൽ തിരുമേനി അപ്പോൾ തന്നെ അതു തിരുത്തേണ്ടതായിരുന്നു. പക്ഷെ, തിരുമേനി അതംഗീകരിക്കുകയും, 'ഇപ്പോൾ അവർ കേൾക്കുമെ'

ന്ന് പറഞ്ഞുകൊണ്ട് ഖലീബ് സംഭവം മാത്രം അതിൽ നിന്നൊഴിച്ച് നിർത്തുകയുമാണ് ചെയ്തത്. അപ്പോൾ ഉമർ (റ) വും സഹാബത്തും മനസ്സിലാക്കിയത് പോലെ തന്നെ മരിച്ചവർ കേൾക്കുകയില്ലെന്ന് തന്നെയാണു പ്രസ്തുത ഖുർആൻ വചനത്തിൻെറ ആശയമെന്ന് തെളിയുന്നു.

3) ഈ സംഭവം ശ്രദ്ധയിൽ പെട്ടപ്പോൾ 'അവർ കേൾക്കുന്നു' എന്നത് 'അവർ അറിയുന്നു' എന്ന് വ്യാഖ്യാനിക്കാൻ ഹസ്രത്ത് ആയിശ(റ) യെ പ്രേരിപ്പിച്ചതും ഈ യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. മാത്രമല്ല, ഉമർ(റ) ഉദ്ധരിച്ച അതേ ഖുർആൻ വചനം തന്നെ- '' മരിച്ചവരെ നീ കേൾപ്പിക്കുകയില്ല''- ആയിശ(റ)യും തെളിവായി ഉദ്ധരിക്കുന്നു. ഇതെല്ലാം ചേർത്ത് വായിക്കുമ്പോൾ 'മരിച്ചവർ കേൾക്കുകയില്ലെന്ന' പൊതു തത്വത്തിൽ നബി(സ) ന്നും സഹാബത്തിന്നുമിടയിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ലെന്ന് മനസ്സിലാക്കാൻ കഴിയുന്നു. മരിച്ച അവിശ്വാസികൾ പരലോക ശിക്ഷ അനുഭവിച്ച് തുടങ്ങിയതുകൊണ്ട് തിരുമേനി അവരെ വിളിച്ചു പറഞ്ഞ കാര്യങ്ങൾ യഥാർത്ഥത്തിൽ അവർ '' കേൾക്കുകയല്ല '' അനുഭവിച്ചറിയുകയാണ് ചെയ്യുന്നതെന്ന നിലക്കാണ് ഹ: ആയിശ (റ) അത് വ്യാഖ്യാനിക്കുന്നത്. ഈ വ്യാഖ്യാനം സംഭവത്തിൻെറ പൊരുൾ കൂടുതൽ വ്യക്തമാക്കുന്നു. ആയിശ (റ)യുടെ വിജ്ഞാന പാടവത്തെക്കുറിച്ചും മററും വിശദമായി വിവരിക്കുന്ന ഇമാം ഇസ്മായീലി(റ) ൻെറ അഭിപ്രായം ഫത്ഹുൽബാരിയിൽ എടുത്തുദ്ധരിച്ചിട്ടുണ്ട് ( 7 . 304 )

ചുരുക്കത്തിൽ മരിച്ചവർ കേൾക്കുകയില്ലെന്നതിന്ന് തെളിവായി നബി (സ)യുടെ മുമ്പിൽ ഹസ്രത്ത് ഉമർ (റ) ഉദ്ധരിച്ച ഖുർആൻ വചനം തന്നെയാണ് ശേഷം ഹ. ആയിശയും തെളിവായി ഉദ്ധരിക്കുന്നത്. നബി (സ) അതംഗീകരിക്കുകയും ചെയ്യുന്നു. പിന്നെ, ''ഇപ്പോൾ അവർ കേൾക്കുമെ''ന്ന തിരുമേനിയുടെ പ്രസ്താവന, ''ഇപ്പോൾ അവർ അറിയുന്നു'' എന്ന നിലക്കും അതു തിരുമേനിയുടെ ഒരു മുഅ്ജിസത്ത് ആണെന്ന നിലക്കുമാണ് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്. രണ്ടും മരിച്ചവർ കേൾക്കുകയേ ഇല്ലെന്ന സത്യം അങ്ങനെതന്നെ നിലനിർത്തുന്നു. എങ്കിൽ ഖലീബ് സംഭവം തെളിവായി ഉദ്ധരിച്ച് മരിച്ചവർ കേൾക്കും എന്ന് വാദിക്കുന്നതിന്ന് യാതൊരടിസ്ഥാനവും ഇല്ലെന്ന് വ്യക്തമാവുന്നു. മാത്രമല്ല, മരിച്ചവർ കേൾക്കുകയില്ല എന്നതിന്ന് ഒരൊന്നാന്തരം തെളിവു കൂടിയാണ് അതെന്നും വരുന്നു. ഇനി കേൾക്കുമെന്ന് സങ്കൽപിച്ചാൽ തന്നെയും വിളിക്ക് ഉത്തരം ചെയ്യാനോ പ്രാർത്ഥിക്കുന്നവർക്ക് സഹായം നൽകാനോ അവർക്ക് കഴിയുകയുമില്ല. ''അവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചാൽ നിങ്ങളുടെ വിളി അവർ കേൾക്കുകയില്ല. കേൾക്കുകയാണെങ്കിൽ തന്നെ നിങ്ങൾക്കവർ ഉത്തരം ചെയ്യുകയുമില്ല'' എന്ന ഖുർആൻ വചനവും ഇക്കാര്യം നന്നായി വ്യക്തമാക്കുന്നു.

## ''അയ്യുഹന്നബിയ്യി'' ലെ ഇസ്തിഗാസ!

മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കാം, അവർ പ്രാർത്ഥനയും വിളിയും കേൾക്കും എന്നതിനു തെളിവായി ഉദ്ധരിക്കുന്ന മറ്റൊരു ഗ്രന്ഥ രേഖയാണ്

''തശഹ്ഹുദ്'' (അത്തഹിയ്യാത്തു......)ലെ അയ്യുഹന്ന ബിയ്യു ( أيها النبي ) എന്ന അഭിസംബോധനം. അതായത് '' ഓ നബി അങ്ങയ്ക്ക് അല്ലാഹുവിൻെറ രക്ഷയും കരുണയും ഉണ്ടാകട്ടെ'' എന്ന ആശംസ. ഇതു ചൂണ്ടി ക്കാണിച്ചും വിശാലമായി വ്യാഖ്യാനിച്ചും സാധാരണ ക്കാരെ തെററുദ്ധരിപ്പിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്നു. ''ഓ നബിയേ......'' ( أيها النبي ) എന്ന് മരി ച്ചു പോയ നബി (സ) യെ ആണല്ലോ വിളിക്കുന്നത്. അപ്പോഠം ആ വിളി നബി കേഠക്കുമെന്നല്ലേ വരുന്നത്? അതുകൊണ്ടു അമ്പിയാക്കളെയും ഔലിയാക്കളെയും അവരുടെ മരണശേഷവും നമുക്കു വിളിക്കാം, സഹാ യത്തിന്നും രക്ഷക്കും വേണ്ടി പ്രാർത്ഥിക്കാം എന്നു വരുന്നില്ലേ എന്നിങ്ങനെയൊക്കെയാണ് വാദം.

ഇവിടെ ചില കാര്യങ്ങഠം പ്രത്യേകം മനസ്സിലാ ക്കേണ്ടതുണ്ടു. ''അയ്യുഹന്നബിയ്യു'' എന്നത് യഥാർത്ഥ ത്തിൽ സാധാരണ അർത്ഥത്തിലുള്ള ഒരു വിളി തന്നെ യാണോ? നബി (സ) കേഠക്കണമെന്നുദ്ദേശിച്ചു ത ന്നെയാണോ അങ്ങനെ വിളിക്കുന്നത്? ആ വിളി നബി (സ) കേഠക്കുന്നുണ്ടോ? നബി(സ)യിൽ നിന്ന് വല്ല ഉത്തരവും സഹായവും പ്രതീക്ഷിക്കുന്നുണ്ടോ? ഉണ്ടെ ങ്കിൽ തിരുമേനി തന്നെ വിളിച്ചു പ്രാർത്ഥിച്ചവർക്ക് വല്ല ഉത്തരവും സഹായവും ചെയ്യുന്നുണ്ടോ? ഇതു സാ ധാരണ ഗതിയിലുള്ള ഒരു വിളി തന്നെയാണെന്നും, ആ വിളി നബി തിരുമേനി കേഠക്കുന്നുണ്ടെന്നും അതിൽ നബി(സ)യിൽ നിന്നുള്ള ഉത്തരവും സഹായവും പ്ര തീക്ഷിക്കുന്നുണ്ടെന്നും നബിതിരുമേനി അതു കേഠ ക്കുന്നുണ്ടെന്നും ഉത്തരം ചെയ്യുമെന്നുമൊക്കെ സ്ഥാ പിക്കപ്പെട്ടാൽ മാത്രമേ വിമർശന വിധേയമായ പ്രസ്

തിഗാസയ്ക്ക് അതൊരു തെളിവും പ്രമാണവുമാകു കയുള്ളൂ.

യഥാർത്ഥത്തിൽ ''അയ്യുഹന്ന ബിയ്യു'' സാധാരണ അർത്ഥത്തിലും സമ്പ്രദായത്തിലുമുള്ള ഒരു വിളിയല്ല. ഒരു സഹായാഭ്യർത്ഥനയും അതുൾക്കൊള്ളുന്നുമില്ല. എന്നു മാത്രമല്ല, നബി(സ)ക്ക് വേണ്ടി അല്ലാഹുവിന്നോടു നടത്തുന്ന പ്രാർത്ഥനയാണത്. ഇബ്നു ഹജറുൽ അസ്ഖലാനി (റ) ഫത്ഹുൽ ബാരിയിൽ ഇക്കാര്യം വളരെ വ്യക്തമായി പ്രസ്താവിക്കുന്നു.

## ومعنى قولنا اَلسَّلام عليك الدّعاء (٢ - ٢٥)

(അസ്സലാമുഅലൈക: എന്നു നാം പറയുന്നതിന്നർത്ഥം രക്ഷയും കരുണയും തിരുമേനിയുടെമേൽ ഉണ്ടാകട്ടെ എന്ന് അല്ലാഹുവോടു പ്രാർത്ഥിക്കുകയാണ്) അപ്പോൾ നബി(സ) ഉത്തരം ചെയ്യുന്ന പ്രശ്നവും ഇവിടെ ഉൽഭവിക്കുന്നില്ല, എന്നിരുന്നാലും സാധാരണക്കാരെ തെററുദ്ധരിപ്പിക്കാൻ ഇസ്തിഗാസാ വാദികൾ ഇതുപയോഗപ്പെടുത്തുന്നതു കൊണ്ട് അതു സംബന്ധിച്ച് കുറച്ചു കൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു.

1) ഇസ്തിഗാസാ വാദികളുടെ നേതാവും ഇസ്തിഗാസ നിഷേധികളുടെ ബദ്ധ ശത്രുവുമായി അറിയപ്പെടുന്ന 'ശൈഖ് അഹമദ് സൈനി ദഹ്ലാൻ' തന്നെ 'അയ്യുഹന്ന ബിയ്യു' എന്ന വചനത്തിൽ വിളിയുടെ രൂപമുണ്ടെങ്കിലും വിളിയുടെ അർത്ഥമോ ഉദ്ദേശമോ ഇല്ലെന്ന് തുറന്നു സമ്മതിക്കുന്നും

''എല്ലാ നമസ്കാരത്തിലുമുള്ള തശഹ്ഹുദിൽ

(അത്തഹിയ്യാത്തു......) അയ്യുഹന്നബിയ്യു' എന്ന് പറയുന്നതിൽ വിളിയുടെ രൂപം (صورة النداء)വന്നിട്ടുണ്ടു'' എന്നാണ് ദഹ്ലാൻ വാദിക്കുന്നത്. അതായതു വിളിയല്ല വിളിയുടെ രൂപം മാത്രമാണ് വന്നതെന്ന്. കേവലമായ ഒരു വിളി എന്നുപോലും അതിനെ അദ്ദേഹം വിശേഷിപ്പിക്കുന്നില്ല. വിളിപോലുമല്ലെങ്കിൽ പിന്നെയെങ്ങനെ അതിൽ ഉത്തരം പ്രതീക്ഷിക്കലും സഹായം തേടലും രക്ഷക്ക് വേണ്ടി പ്രാർത്ഥിക്കലുമൊക്കെ ഉൾപ്പെടും? 'വിളിയുടെ രൂപം' മാത്രമാണ് എന്ന് പറയുന്നതുകൊണ്ടു, അതു إختصاص (ഉദ്ദേശിച്ചതിനെ പ്രത്യേകമാക്കി എടുക്കൽ ) മാത്രമാണെന്ന് ദഹ്ലാനും സമ്മതിക്കുന്നതായി മനസ്സിലാക്കാം. അതായത് '' അങ്ങയ്ക്ക് അല്ലാഹുവിൻെറ രക്ഷയും കരുണയുമുണ്ടാവട്ടെ'' എന്ന പ്രാർത്ഥന നബി(സ)യെ ഉദ്ദേശിച്ചു കൊണ്ട് മാത്രമാണെന്ന് വ്യക്തമാക്കലാണ് 'അയ്യുഹന്നബിയ്യു' കൊണ്ടു സാധിക്കുന്നതു എന്നർത്ഥം. വാക്കിൻെറ രൂപം കൊണ്ട് നിദാഉ്(വിളി) പോലെ തന്നെയാണ് إختصاص ( പ്രത്യേകപ്പെടുത്തൽ ) യെന്ന് പ്രസിദ്ധ വ്യാകരണ പണ്ഡിതനായ 'മുഹമ്മദ്ബ്നു മാലിക്'', ''അൽ അൽഫിയ'' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.

الاختصاص كنداء دون يا ـ كأيها الفتى بإثر ارجونيا

''യാ (يا) എന്ന അവ്യയം കൂടാതെ 'അയ്യുഹ' (أيها) എന്നു മാത്രമുപയോഗിച്ചുള്ള ''ഇഖ്തിസാസ്'' (പ്രത്യേകപ്പെടുത്തൽ), വിളിപോലെത്തന്നെയാണ് രൂപത്തിൽ.'' അതായത് കൂട്ടത്തിൽ ഒന്നിനെ മാത്രം കുറിക്കാനുള്ള ഒരു പ്രയോഗമെന്നർത്ഥം. പലതിനെയു

മുഴുക്കൊള്ളുന്ന വ്യാപകത്വത്തിൽ നിന്നു ലക്ഷ്യം ഒന്നിൽ മാത്രമാക്കിയെടുക്കുന്ന പ്രയോഗമാണ് ''ഇഖ്തിസാസ്'' എന്നു വ്യാകരണ ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ഉത്തമ പുരുഷനിലാണ് ഇത് സാധാരണ പ്രയോഗിക്കപ്പെടാറുള്ളതെങ്കിലും ചില പ്പോഴെല്ലാം മദ്ധ്യമ പുരുഷനിലും ഈ നിലക്കുള്ള പ്രയോഗം വരാറുണ്ട്. ഇവിടെ മദ്ധ്യമ പുരുഷനായ ക (നിങ്ങൾ) എന്നത്, 'അയ്യു ഹന്ന ബിയ്യു'' കൊണ്ട് നബിയിൽ പരിമിതമാക്കി എടുത്തിരിക്കുകയാണ്. ഈ നിലക്കാണ് 'സൈനീ ദഹ്ലാൻ പോലും 'അയ്യു ഹന്നബിയ്യു' എന്ന സംബോധനയെ വിശദീകരിച്ചിരിക്കുന്നത്. അപ്പോൾ 'അയ്യു ഹന്ന ബിയ്യു' എന്ന പ്രയോഗത്തിൽ ഒരു വിളിയും, വിളിയുടെ ഉദ്ദേശവുമില്ലെന്നു തീർച്ചപ്പെടുന്നു.

2 ''അസ്സലാമു അലൈക അയ്യു ഹന്ന ബിയ്യു'' ( السلام عليك ايها النبي ) എന്ന് തിരുമേനി ജീവിച്ചിരുന്നപ്പോൾ തന്നെ അവിടുത്തെ അരികിൽ വെച്ചും ദൂര സ്ഥലങ്ങളിൽ വെച്ചും നമസ്കാരങ്ങളിൽ സ്വഹാബത്ത് പ്രാർത്ഥിച്ചിരുന്നുവല്ലോ? എന്നാൽ ആ വിളി തിരുമേനി കേൾക്കുകയോ ഉത്തരം ചെയ്യുകയോ സഹായം നൽകുകയോ ഉണ്ടായിട്ടില്ല. എങ്കിൽ മരണ ശേഷം തിരുമേനി ആ വിളി കേൾക്കുകയും വിളിച്ചവർക്കു സഹായമെത്തിക്കുകയും ചെയ്യുന്ന പ്രശ്നം ഉൽഭവിക്കുന്നില്ല. മാത്രമല്ല, തിരുമേനി സ്വന്തം തന്നെയും ദിവസം പല പ്രാവശ്യങ്ങളിൽ ആ പ്രാർത്ഥന ആ നിലക്കു തന്നെയാണ് (നബിയേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയും കരുണയും ഉണ്ടാവട്ടെ എന്ന് പറഞ്ഞുകൊണ്ട് തന്നെയാണ്) നിർവ്വഹിച്ചു പോ

ന്നിരുന്നത്. അപ്പോൾ നബി (സ), തന്നെത്തന്നെ വിളിച്ച് സഹായത്തിന്ന് വേണ്ടി പ്രാർത്ഥിക്കുകയായിരുന്നുവെന്നത് ഏതായാലും പരിഹാസ്യമാണ്.

3. അതിനുപുറമെ, ഈ തെളിവിന്റെ അടിസ്ഥാനം തന്നെ, കേവലമായ ഒരനുമാനം മാത്രമാണ്. വ്യക്തമായ ഒരടിസ്ഥാനവും അതിനില്ല. അതെ അവസരം, മരിച്ചവർ കേൾക്കുകയില്ലെന്ന ഖുർആനിന്റെ ആവർത്തിച്ചുള്ള പ്രസ്താവനകളും, പ്രബലമായ ഹദീസുകളും ഇതിന്നെതിരിൽ വളരെ വ്യക്തവും ശക്തവുമായ തെളിവുകളായി നില നിൽക്കുമ്പോൾ കേവലമായ അനുമാനത്തിന്ന് യാതൊരു പ്രസക്തിയുമുണ്ടാവുന്നില്ല.

4. ചന്ദ്രക്കലയെ അഭിസംബോധനം ചെയ്തുകൊണ്ട് ''റബ്ബീ വറബ്ബുക്കല്ലാഹ്'' (എന്റെയും നിന്റെയും രക്ഷിതാവ് അല്ലാഹുവാണ്) എന്നും, ഭൂമിയെ വിളിച്ച് ''റബ്ബീ വറബ്ബുക്കല്ലാഹ്'' (ഭൂമീ, എന്റെയും നിന്റെയും രക്ഷിതാവ് അല്ലാഹുവാകുന്നു) എന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. ചന്ദ്രനെയും ഭൂമിയെയും വിളിക്കുന്നു എന്നതുകൊണ്ട് ആ വിളി അവ കേൾക്കുന്നുണ്ട് എന്നോ അവയിൽ നിന്നുള്ള സഹായം ആ വിളിയിൽ ഉദ്ദേശിക്കുന്നുണ്ടെന്നോ അർത്ഥം വരുന്നില്ല, സാഹിത്യപരമായ ഭാഷാ പ്രയോഗങ്ങൾ മാത്രമാണ് അതെന്ന് ആർക്കുമറിയാവുന്നതാണ്. അതുപോലെത്തന്നെയാണ് 'അയ്യു ഹന്ന ബിയ്യു' എന്ന പ്രയോഗവും മറിച്ച് സൂര്യനേയും ചന്ദ്രനെയുമൊക്കെ വിളിക്കുന്നത് ഈ നിലക്കാണെന്നും, അവയോടുള്ള സഹായാഭ്യർത്ഥന ആ വിളിയിൽ ഉദ്ദേശിക്കുന്നുണ്ടെന്നും വരികയാണെങ്കിൽ അത് അവയെ

ആരാധിക്കുന്നവർക്ക് ഒരു വലിയ തെളിവും ലക്ഷ്യ വുമായിത്തീരും.

5. സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ 'ഫത്ത്ഹുൽ ബാരി'യിൽ ഇബ്നു ഹജർ (റ) പ്രസ്താവിക്കുന്നതു കാണുക:

فان قيل مالحكمة فى العدول عن الغيبة الى الخطاب فى قوله عليك ايها النبى ، انّ لفظ الغيبة هو الذى يقتضيه السياق كان يقول السلام على النبى ... اجاب الطيبى بما حصله نحن نتبع لفظ الرسول بعينه الذى كان علّمه الصحابة (الفتح ... ٢- ٢٥٠)

''നബി (സ)യെ പ്രഥമ പുരുഷനിൽ നിന്ന് മദ്ധ്യമ പുരുഷനിലേക്ക് മാററി ( عليك = അങ്ങയുടെ മേൽ) പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? സന്ദർഭം ആവശ്യപ്പെടുന്നത് മദ്ധ്യമ പുരുഷനാണു താനും. ഇതിന് ഇമാം ത്വീബീ മറുപടി പറയുന്നതിങ്ങനെയാണ്: സ്വഹാബത്തിന്ന് തിരുമേനി പഠിപ്പിച്ചു കൊടുത്ത പദം അങ്ങിനെ തന്നെ നാമും പിന്തുടരുന്നു എന്ന് മാത്രം.

അപ്പോഴാം 'അയ്യു ഹന്ന ബിയ്യു' എന്ന സംബോധന പ്രയോഗത്തിൽ വിളിയും സഹായഭ്യർത്ഥനയും ഉത്തരം പ്രതീക്ഷിക്കലുമൊക്കെയുണ്ടെന്നു പൂർവ്വ പണ്ഡിതന്മാരിൽ ആരും ചിന്തിക്കുക പോലും ചെയ്തിരുന്നില്ലെന്ന് മനസ്സിലാക്കാൻ കഴിയുന്നു.

6. ഫത്ഹുൽ ബാരിയിൽ വീണ്ടും തുടരുന്നു:

وقد ورد فى بعض طرق ابن مسعود هذا ما يقتضى المغايرة

بين زمانه ﷺ فيقال بلفظ الخطاب واما بعده فيقال بلفظ الغيبة ...
فلما قبض قلنا السلام يعنى على النبى كذا وقع فى البخارى واخرجه
ابوعوانة فى صحيحة والسراج والجوزقى وابونعيم الاصبحانى
والبيهقى فى طرق متعددة الى ابى نعيم شيخ البخارى
( فتح البارى ٢- ٢٥٠ )

''തിരുമേനി ജീവിച്ചിരുന്ന കാലത്തിൻേറതിൽ നിന്നും വ്യത്യാസമായി അവിടുത്തെ മരണ ശേഷം തിരുമേനിയെ വിളിച്ച് 'അങ്ങയുടെ മേൽ' എന്ന് പറയുന്നതിന്ന് പകരം നബിയുടെ മേൽ എന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നുവെന്ന് ഇബ്നു മസ് ഊദ് (റ) വിൽ നിന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ നിവേദനം ചെയ്യപ്പെടുന്നു.''

ആകയാൽ 'അയ്യു ഹന്ന ബിയ്യു' എന്നത് രൂപത്തിൽ വിളിയാണെന്നു തോന്നാമെങ്കിലും അതിൽ സാധാരണ വിളിയുടെ അർത്ഥമോ ഉദ്ദേശമോ ഇല്ലെന്നും, സഹായമോ ഉത്തരമോ പ്രതീക്ഷിക്കുന്നില്ലെന്നും ഇതിൽ നിന്നെല്ലാം നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നു. എങ്കിൽ 'അയ്യു ഹന്ന ബിയ്യു' എന്നതു ഇസ്തിഗാസക്ക് ഒരു തെളിവോ പ്രമാണമോ ന്യായീകരണമോ ആകുന്നില്ല.

## ശുഹദാക്കളുടെ ജീവിതം

''അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മസമരം നടത്തി രക്ത സാക്ഷികളായ ശുഹദാക്കൾ, അവർ അല്ലാ

ഹുവിൻെറ അടുക്കൽ ജീവിക്കുന്നവരാകുന്നു. അവർക്ക് ആഹാരം നൽകപ്പെടുകയും ചെയ്യുന്നു. '' എന്ന് പരിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു. അതിനാൽ അവരെ നമുക്ക് വിളിക്കാം സഹായം തേടാം. പ്രാർത്ഥിക്കാം........'' എന്നൊക്കെ ഇസ്തിഗാസാ വാദികൾ പറയാറുണ്ട്. ശുഹദാക്കൾ ജീവിക്കുന്നു. ഭക്ഷണം കഴിക്കുന്നു എന്നെല്ലാം കേൾക്കുമ്പോൾ സാധാരണക്കാർ തെററുദ്ധരിക്കാനും ഇടയാകുന്നു. അതുകൊണ്ട് ശുഹദാക്കളുടെ ജീവിതത്തെക്കുറിച്ചും അവർ ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചുമെല്ലാം ഖുർആനിൻെറയും ഹദീസുകളുടെയും അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം.

ധർമ്മ സമരത്തിൽ കൊലചെയ്യപ്പെടുന്ന രക്തസാക്ഷികളെക്കുറിച്ചാണ് സാധാരണ ശുഹദാക്കൾ എന്ന് പറയപ്പെടുന്നത്. എന്നാൽ, വേറെ ചിലരെക്കുറിച്ചും ഇസ്ലാമിൽ ശുഹദാക്കൾ എന്നുതന്നെ പറയപ്പെട്ടിട്ടുണ്ട്. അബൂഹുറൈറ(റ)വിൽനിന്ന് ഇമാം ബുഖാരി(റ) ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങിനെ കാണാം.

عن ابی هريرة رضی الله عنه قال قال رسول الله ﷺ الشهداء خمسة المطعون ، والمبطون ، والغريق ، وصاحب الهدم ، والشهيد فی سبيل الله (الصحيح البخاری ١ - ٩٦)

''ശുഹദാക്കൾ 5 വിഭാഗമാകുന്നു. പ്ലേഗ് രോഗത്തിൽ മരിച്ചവർ, ഉദരരോഗംകൊണ്ടു മരിച്ചവർ, മുങ്ങി മരിച്ചവർ, വീട് മുതലായ വല്ലതും ശരീരത്തിൽ വീണു ചതഞ്ഞു മരിച്ചവർ, അല്ലാഹുവിൻെറ മാർഗ്ഗത്തി

**ഖുള്ള ധർമ്മസമരത്തിൽ രക്തസാക്ഷികളായവർ.**
(ബുഖാരി 1 – 96)

**ശുഹദാക്കൾ ഇങ്ങനെ പലവിധത്തിലുമുണ്ടെങ്കി ലും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്ത് മൃതിയടഞ്ഞവരാണ് ഇവിടെ നമ്മുടെ പ്രതിപാദ്യം. പ്ലേഗ് പിടിച്ചു മരിച്ച ശുഹദാക്കളെയൊന്നും ആരും സഹായത്തിന്ന് വിളിച്ച് പ്രാർത്ഥിക്കാറുമില്ല. ശുഹ ദാക്കളെസ്സംബന്ധിച്ച് സൂറത്തുൽ ബഖറയിൽ അല്ലാ ഹു ഇങ്ങിനെ പറയുന്നു:**

ولا تقولوا لمن يقتل فى سبيل الله اموات بل احياء ولكن
لا تشعرون ○ ( البقرة - ١٥٤ )

**''അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ ക്കുറിച്ച് അവർ മരിച്ചവരാണെന്ന് നിങ്ങൾ പറയ രുത്. എന്നാൽ അവർ ജീവിച്ചിരിക്കുന്നവരാകുന്നു. പക്ഷെ നിങ്ങൾ അറിയുന്നില്ല.'' (അൽബഖറ 154) അവരെക്കുറിച്ചു തന്നെ സൂറത്തു 'ആലി ഇംറാനി'ൽ ഇ ങ്ങിനെ പ്രസ്താവിക്കുന്നു.**

ولا تحسبن الذين قتلوا فى سبيل الله امواتا بل احياء عند
ربهم يرزقون ○ ( ال عمران ١٦٩ )

''അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊലചെയ്യ പ്പെട്ടവരെക്കുറിച്ച് അവർ മരിച്ചവരാണ് എന്ന് നി ങ്ങൾ കരുതരുത്. പക്ഷെ, അവർ അവരുടെ രക്ഷി താവിങ്കൽ ആഹാരം നൽകപ്പെടുന്ന ജീവനുള്ളവരാകു ന്നു.'' (ആലുഇംറാൻ 169)

ആദ്യത്തെ ആയത്തിൽ ശുഹദാക്കൾ മരിച്ചവരല്ല ജീവനുള്ളവരാണെന്നും പക്ഷെ അവരുടെ ജീവിതത്തെസ്സംബന്ധിച്ച് നിങ്ങൾക്ക് അറിയാൻ സാധ്യമല്ലെന്നും പറയുന്നു. രണ്ടാമത്തെ ആയത്തിൽ അവർ അല്ലാഹുവിൻെറ അടുക്കലാണ് ജീവിക്കുന്നതെന്നും ഇഹലോകത്തിലോ ഇഹലോകവുമായി ബന്ധപ്പെട്ടുകൊണ്ടോ അല്ലെന്നും വിശദമാക്കുന്നു. അപ്പോൾ ശുഹദാക്കളുടെ ജീവിതം അല്ലാഹുവിൻെറ അടുക്കലാണെന്നും ഭൂവാസികൾക്ക് ആ ജീവിതത്തെക്കുറിച്ച് അറിയുവാനോ അവരുമായി ബന്ധപ്പെടുവാനോ സാധ്യമല്ലെന്നും വ്യക്തമായിരിക്കയാണ്. രക്ത സാക്ഷിത്വം വഹിക്കുന്നതോടെ ഇഹലോകത്ത് അവരുടെ ജീവിതം അവസാനിച്ചെന്നും പരലോക ജീവിതം ആരംഭിച്ചുവെന്നും അർത്ഥം. പരലോകവാസികളുമായി ബന്ധപ്പെടാൻ ഇഹലോക വാസികൾക്കോ ഇഹലോകവാസികളുമായി ബന്ധപ്പെടാൻ പരലോക വാസികൾക്കോ സാധ്യമാവുകയില്ല. ശുഹദാക്കളുടെ ജീവിതത്തെക്കുറിച്ച് നബി(സ) എന്ത് പഠിപ്പിക്കുന്നു എന്ന് നോക്കാം.

പ്രസിദ്ധ ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ ഇബ്നു കസീർ(റ)വിൻെറ വാക്കുകൾ ശ്രദ്ധിക്കുക.

يخبر تعالى انّ الشهداء فى برزخهم احياء يرزقون كما جاء فى
صحيح مسلم انّ ارواح الشهداء فى حواصل طيور خضر تروح
فى الجنة حيث شاءت ثم تأوى الى قناديل معلقة تحت العرش
فاطلع عليهم ربك اطلاعة فقال ماذا تبغون فقالوا يا ربنا واى

شيئ نبغي، وقد اعطينا مالم تعط احد من خلقك ثم عاد عليهم
بمثل هذا فلما رأوا انهم لا يتركون من ان يسألو قالوا نريدان
تردنا الى الدّار الدّنيا فنقاتل فى سبيلك حتى نقتل فيك مرّة اخرى
لما يرون من ثواب الشهادة فيقول الله جل جلاله انّى كتبت انهم
لا يرجعون ( ابن كثير ١ - ١٩٤ )

''ശുഹദാക്കൾ പരലോകത്ത് ജീവിക്കുന്നവരും ആഹാരം നൽകപ്പെടുന്നവരുമാണെന്ന് അല്ലാഹു പറയുന്നു. ഈ കാര്യം സ്വഹീഹ് മുസ്ലിമിൽ ഇങ്ങനെ വിശദീകരിക്കപ്പെടുന്നു:- ശുഹദാക്കളുടെ ആത്മാക്കൾ പച്ചനിറമുള്ള പറവകളുടെ മേടകളിൽ കഴിയുന്നു. അവ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിലെല്ലാം വിഹരിക്കുന്നു. അനന്തരം 'അർശി' ന്റെ താഴെ ബന്ധിക്കപ്പെട്ട ദീപയഷ്ടികളിലേക്ക് അവ ചെന്നണയുന്നു, അപ്പോൾ നിങ്ങൾക്കെന്തു വേണമെന്ന് അല്ലാഹു അവരോടന്വേഷിക്കുന്നു. ഞങ്ങളുടെ രക്ഷിതാവെ, നിന്റെ സൃഷ്ടികളിൽ മററാർക്കും ലഭിക്കാത്തതെല്ലാം ഞങ്ങൾക്കു ലഭിച്ചിരിക്കുകയാണ്. ഇനിയും ഞങ്ങൾക്ക് മററെന്തു വേണം? എന്നു അവർ മറുപടി പറയും. അല്ലാഹുവിന്റെ ഈ അന്വേഷണം പല പ്രാവശ്യം ആവർത്തിക്കപ്പെടുന്നു. അങ്ങനെ എന്തെങ്കിലും ആവശ്യപ്പെടാതെ നിർവ്വാഹമില്ലെന്ന് വരുമ്പോൾ അവർ പറയും — ഭൂമിയിലേക്ക് നീ ഞങ്ങളെ തിരിച്ചയച്ചു തരിക. എങ്കിൽ, ഒരിക്കൽ കൂടി നിന്റെ മാർഗത്തിൽ സമരം ചെയ്ത് വീണ്ടും ഞങ്ങൾ കൊല്ലപ്പെടട്ടെ —രക്തസാക്ഷികളുടെ പ്രതിഫലം അവർ അനുഭവിച്ചു കണ്ട

തിനാലത്രെ ഈ ആഗ്രഹം. പക്ഷെ, അല്ലാഹു പറയും, ഇനിയൊരിക്കലും അവർ ഭൂമിയിലേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്ന് രേഖപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.'' (ഇബ്നു കസീർ (1 - 194)

ശുഹദാക്കളുടെ മരണശേഷമുള്ള ജീവിതത്തെക്കുറിച്ച്—അതിന്റെ സ്വഭാവവും രൂപവും എങ്ങനെയാണെന്നതിനെക്കുറിച്ചു മേലുദ്ധരിച്ച ഖുർആൻ വചനങ്ങളിൽനിന്നും വിശദീകരണമായിവന്ന നബിവചനത്തിൽ നിന്നും താഴെകാണിച്ചകാര്യങ്ങൾ ഗ്രഹിക്കാം!

1—ശുഹദാക്കൾ, ഖബറുകളിലോ ഭൂമിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും സ്ഥലങ്ങളിലോ അല്ല ജീവിക്കുന്നത്. അവരുടെ ആത്മാക്കൾ അല്ലാഹുവിന്റെ അടുക്കൽ സ്വർഗ്ഗത്തിൽ (ബർസഖി) ലാണ് ജീവിക്കുന്നതും. അതും പക്ഷികളായി സ്വർഗ്ഗത്തിൽ പറന്നുകളിക്കുകയാണ്. സ്വർഗ്ഗലോകം അദൃശ്യലോകങ്ങളിൽ (ആലിമുൽഗൈബ്) പെട്ടതാണല്ലോ? ആത്മാക്കളുടെ ലോകവും അദൃശ്യ ലോകം തന്നെ. അല്ലാഹുവും അവന്റെ പ്രവാചകനും അറിയിച്ചുതന്ന കാര്യങ്ങൾ മാത്രമേ അദൃശ്യലോകങ്ങളെക്കുറിച്ചു നമുക്കറിയാൻ കഴിയുകയുള്ളൂ. ശുഹദാക്കളുടെ ജീവിതത്തെക്കുറിച്ചു മനുഷ്യർക്ക് അറിയാൻ കഴിയുകയില്ലെന്നു അല്ലാഹു വ്യക്തമായിത്തന്നെ പറയുകയും ചെയ്തതാണ്.

2—അവർക്ക് ആഹാരം നൽകപ്പെടുന്നതിന്റെ സ്വഭാവവും അവരുടെ ജീവിതം [illegible] വും സന്തോഷവുമാണ്. [illegible] ഭൂവാസികളുമായി ബന്ധപ്പെടുമെന്നോ, അവർക്ക്

വല്ലസഹായവും നല്കുമെന്നോ ഒരു സൂചനപോലും ഇതിലൊന്നിലും നല്കപ്പെടുന്നില്ല.

3—വീണ്ടും ഭൂമിയിൽ തിരിച്ചുവന്നു; വീണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മസമരം നടത്തി രക്തസാക്ഷിത്വം വരിക്കാനുള്ള അവരുടെ ആഗ്രഹത്തിന്. 'അങ്ങനെ സംഭവിക്കുകയില്ലെന്നു ഞാൻ രേഖപ്പെടുത്തിയിരിക്കുന്നു' എന്നാണ് അല്ലാഹു നല്കിയ മറുപടി. സ്വന്തം ആഗ്രഹം നിവൃത്തിക്കാൻ പോലും ഭൂമിയുമായി ബന്ധപ്പെടാൻ അവർ അനുവദിക്കപ്പെടാത്തനിലക്ക് അന്യരുടെ സഹായാഭ്യർത്ഥനക്ക് ഉത്തരം ചെയ്യാനും അവരുമായി ഏതെങ്കിലും നിലക്ക് ബന്ധപ്പെടാനും ശുഹദാക്കൾക്കെങ്ങനെ കഴിയും?

മറ്റൊരു കാര്യംകൂടി ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായതു രക്തസാക്ഷികളുടെ ആത്മാക്കൾ മാത്രമല്ല ഇങ്ങനെ മരണശേഷം 'ബർസഖീ' (ആത്മീയ) ലോകത്ത് ജീവിക്കുന്നത്. എല്ലാ സത്യവിശ്വാസികളുടെ ആത്മാക്കളും മരണശേഷം 'ബർസഖീ' ലോകത്ത് ജീവിക്കുകയും സ്വർഗ്ഗീയ സുഖങ്ങൾ അനുഭവിക്കുകയും സ്വർഗീയാഹാരങ്ങൾ ആസ്വദിക്കുകയും ചെയ്യുമെന്നു ഹദീസുകൾ വിവരിക്കുന്നു. മൂന്ന് മദ്ഹബുകളുടെ ഇമാമുകൾ (ഇമാം ശാഫിഈ(റ), ഇമാം മാലിക്(റ), ഇമാം അഹ്മദുബ്നു ഹമ്പൽ(റ) ഉദ്ധരിച്ച ഒരു ഹദീസും ഇങ്ങനെകാണാം:..

روى الامام احمد عن الامام الشافعى عن الامام مالك رضى الله عنهم : قال قال رسول الله ﷺ ان نسمة المؤمن طائر يعلق

في شجرة الجنّة حتى يرجعه الله الى جسده يوم يبعثه قوله يعلق اى يأكل وفى الحديث انّ روح المؤمن تكون على شكل طائر فى الجنّة واما ارواح الشهداء فكما تقدم فى حواصل طير خضر فهى كالكواكب بالنّسبة الى ارواح عموم المؤمنين فانها تطير بانفسها (ابن كثير ١ - ٤٢٧)

"ഇമാം അഹമദു, ഇമാം ശാഫി, ഇമാം മാലിക്ക് (റ) എന്നിവരിൽ നിന്ന് നിവേദനം: സത്യവിശ്വാസിയുടെ ആത്മാവ് പുനരുത്ഥാന ദിവസം, അല്ലാഹു അതിൻെറ ശരീരത്തിലേക്ക്, മടക്കുന്നതുവരെ സ്വർഗ്ഗത്തിലെ മരത്തിൽ നിന്നും ഭക്ഷിക്കുന്ന ഒരു പറവയായിരിക്കും. ഈ ഹദീസിൽ സത്യ വിശ്വാസിയുടെ ആത്മാവ് സ്വർഗ്ഗത്തിൽ ഒരു പക്ഷിയുടെ രൂപത്തിലായിരിക്കുമെന്നു പ്രസ്താവിക്കുന്നു. എന്നാൽ ശുഹദാക്കളുടെ ആത്മാക്കൾ മുമ്പ് പറഞ്ഞപോലെ പച്ച നിറത്തിലുള്ള മേടയിലായിരിക്കുമല്ലോ? അപ്പോൾ സാധാരണ സത്യവിശ്വാസികളുടെ ആത്മാക്കളുമായി തുലനം ചെയ്താൽ, ശുഹദാക്കളുടെ ആത്മാക്കൾ നക്ഷത്രങ്ങൾക്ക് തുല്യമായിരിക്കും. അവ സ്വയം പറക്കുന്നു." (ഇബ്നു കസീർ, 1 . 427)

അപ്പോൾ, മരണശേഷം (പുനരുത്ഥാന ദിവസം വരെ) സ്വർഗ്ഗത്തിൽ ജീവിക്കുക, സ്വർഗ്ഗീയ ഭക്ഷണങ്ങൾ ആഹരിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ശുഹദാക്കളുടെ ആത്മാക്കൾക്കു മാത്രമുള്ള പ്രത്യേകതകളല്ല. എല്ലാ സത്യ വിശ്വാസികളുടെ ആത്മാക്കളും ഈ പ്രത്യേകതകൾക്ക് അർഹരാകുന്നു. പദവിയിലും

സ്ഥാനങ്ങളിലും വ്യത്യാസമാണെങ്കിലും മരണശേഷവും ജീവിക്കുക എന്ന അടിസ്ഥാന തത്വത്തിൽ ശുഹദാക്കളും സത്യ വിശ്വാസികളും തുല്യർ തന്നെയാകുന്നു. ഈ ഹദീസു ഉദ്ധരിച്ചു വിവരിച്ച ശേഷം ഇബ്നു കസീർ (റ) തുടരുന്നു.

ففيه دلالة لعموم المؤمنين ايضا وان كان الشهداء قد خصّصوا بالذكر فى القرآن تشريفا لهم و تكريما وتعظيما ه

( ابن كثير ١ - ١٩٧ )

''ഈ ഹദീസിൽ, എല്ലാ സത്യ വിശ്വാസികളുടെ ആത്മാക്കളും സ്വർഗ്ഗത്തിൽ ജീവിക്കുമെന്നതിന്നുതെളിവുണ്ട്. ശുഹദാക്കളെ പ്രത്യേകം ഖുർആനിൽ എടുത്തുദ്ധരിച്ചത് അവരെ ശ്രേഷ്ടപ്പെടുത്താനും ആദരിക്കാനും ബഹുമാനിക്കാനും ആകുന്നു. (1 - 197)

മരണാനന്തരം ശുഹദാക്കളും സത്യ വിശ്വാസികളും അന്ത്യ നാളുവരെ ജീവിക്കുമെന്നും അവർക്ക് ആഹാരം നല്കപ്പെടുമെന്നും പറഞ്ഞതു, ഏതു നിലക്കുള്ള ജീവിതമാണെന്നും, അതിന്റെ സ്വഭാവം എങ്ങനെയായിരിക്കുമെന്നും മേലുദ്ധരിച്ച ഖുർആൻ വചനങ്ങളിൽ നിന്നും ഹദീസുകളിൽ നിന്നും പൂർവ്വീക പണ്ഡിതന്മാർ നല്കിയ വിശദീകരണങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 'ശുഹദാക്കൾ മരിക്കുന്നില്ല' എന്ന ഖുർആൻ വചനത്തിന്റെ ഉദ്ദേശം, ഇസ്തിഗാസാ വാദികൾ പറയുന്നതുപോലെ ശുഹദാക്കൾ ഭൂവാസികളുടെ വിളിയും അപേക്ഷ

യും കേൾക്കുകയും അവർക്ക് ഉത്തരവും സഹായവും നല്കുകയും ചെയ്യാൻ കഴിയുന്ന നിലക്കുള്ള ജീവിത മല്ല. ഭൂവാസികളുമായുള്ള സാധാരണ നിലക്കുള്ള സർവ്വ ബന്ധവും മരണത്തോടെ അവസാനിച്ചു പോകുന്നു. മരണശേഷം ശുഹദാക്കളുടെ സ്ഥിതിയും ഇതിനപവാദമല്ല.

# മരിച്ച മൂസാ നബി (അ) യും, ജീവിക്കുന്ന മുഹമ്മദു നബി (സ)യും

'മരിച്ചവർ കേൾക്കും, ജീവിച്ചിരിക്കുന്നവരുമായി അവർ സംസാരിക്കും, അവർ സഹായം ചെയ്യും.'' മിഅ്റാജ് (ആകാശാരോഹണം) ദിവസം നബി(സ)മിന്നും മൂസാനബി(അ)മിന്നും ഇടയിൽ നടന്ന സംഭാഷണങ്ങളും സംഭവങ്ങളും ഇതിന്നു തെളിവായുദ്ധരിക്കപ്പെടുന്നു.

ദിവസത്തിൽ അമ്പതു സമയത്തെ നമസ്കാരമായിരുന്നു നബി(സ) യുടേയും സമുദായത്തിൻെറയും മേൽ ആദ്യം നിർബന്ധമാക്കി കൽപിച്ചിരുന്നത്. അനന്തരം മൂസാ നബി (അ) ൻെറ നിർദ്ദേശമനുസരിച്ചു നബിതിരുമേനി വീണ്ടും വീണ്ടും അല്ലാഹുവുമായി ബന്ധപ്പെട്ടതുകൊണ്ടു അതു അഞ്ചു സമയങ്ങളിലായി ചുരുങ്ങി. ഇതു മരണമടഞ്ഞ മൂസാ നബി (അ) യിൽ നിന്നുണ്ടായ സഹായമല്ലേ? അതുപോലെ മൂസാ നബി (അ) തൻെറ ഖബറിൽ നമസ്കാരം നിർവ്വഹിക്കുന്നതായി നബിതിരുമേനി കണ്ടിരുന്നു. ഇതും അമ്പിയാക്കളും ഔലിയാക്കളും മരണശേഷവും ജീവിച്ചു

മെന്നും, അവരെ ആശ്രയിക്കുന്നവരെ സഹായിക്കുമെന്നും അതിന്നവർക്കു കഴിയുമെന്നും സ്ഥാപിക്കുന്ന തെളിവുകളാണല്ലോ? എന്നിങ്ങനെയെല്ലാം ഇസ്തിഗാസാ വാദികൾ ചോദിക്കുകയും പലരും തെററിദ്ധാരണയിൽ അകപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു ഇതിന്റെ യഥാർത്ഥാവസ്ഥ നമുക്ക് പരിശോധിക്കാം.

നബി (സ)യുടെ ഇസ്റാഉം (ബൈത്തുൽ മുഖ്ദസ് വരെയുണ്ടായ രാപ്രയാണം) മിഅ്റാജും (ആകാശയാത്ര) അനിഷേധ്യങ്ങളായ രണ്ടു സംഭവങ്ങളാണ്. ഇമാം ബുഖാരി, മുസ്ലിം, അഹമദ്, ബസ്സാർ ഇബ്നു അബീഹാതിം, തുറുമുദി, ബൈഹഖി, ഹാകിം, ത്വിബ്രി, നസാഈ (റ) തുടങ്ങിയ ഹദീസ് നിവേദകർ, അനസുബ്നുമാലിക്, ഹുദൈഫത്തുബ്നുൽ യമാനി, ബുറൈദത്തുൽ അസ്ലമി, ഉമറുബ്നുൽ ഖത്താബ്, ഉബയ്യുബ്നു കഅബ്, അബ്ദുല്ലാഹിബ്നു അബ്ബാസ്, അബൂഹുറൈറ, ജാബിറുബ്നു അബ്ദില്ലാഹി, ശദ്ദാദുബ്നു ഔസു, അബൂസഈദിൽ ഖുദ്രി. അബ്ദുല്ലാഹിബ്നു മസ്ഊദു, ഉമ്മുൽ മുഉ്മിനീൻ ആയിശ, ഉമ്മുഹാനിഉ് ബിന്തു അബീത്വാലിബ്(റ) തുടങ്ങിയ സഹാബിവര്യൻമാരിൽ നിന്നു വിവിധ രൂപങ്ങളിൽ, പല പരമ്പരകളിലൂടെ ഉദ്ധരിച്ച സംഭവങ്ങളാണ് ഇതു രണ്ടും. ഇതിൽ ചില റിപ്പോർട്ടുകൾ ദുർബ്ബലങ്ങളാണെങ്കിലും സംഭവം മൊത്തത്തിൽ അനിഷേധ്യങ്ങളായി സ്ഥിരപ്പെട്ടിരിക്കുന്നു. പരിശുദ്ധ ഖുർആനിലും വ്യക്തമായിത്തന്നെ ഇതു പരാമർശിക്കപ്പെട്ടിട്ടുണ്ട്. (സൂറത്തുൽ ഇസ്റാഉ്, സൂറത്തുന്നജ്മ്) മുസ്ലിം ലോകം പൊതുവെ ഇതു അംഗീകരിക്കുകയും ചെയ്യുന്നു.

ഇസ്റാഉം മിഅ്റാജും അതോടനുബന്ധിച്ചുള്ള മററു പല അസാധാരണ സംഭവങ്ങളും സ്വപ്നത്തിൽ നടന്ന ആത്മീയാനുഭൂതികളാണെന്നും, അതല്ല, ശരീരത്തോടു കൂടിത്തന്നെയുണ്ടായ അനുഭവങ്ങളാണെന്നും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ജാഗ്രതാവസ്ഥയിൽ തന്നെ നടന്ന സംഭവങ്ങളാണെന്നാണ് ഭൂരിപക്ഷമതം. അതു തന്നെയാണ് ശരിയായി തോന്നുന്ന അഭിപ്രായവും.

ആദ്യം മലക്കുകൾ തിരുമേനിയുടെ നെഞ്ചുകീറി ഹൃദയം കഴുകി ശുദ്ധിയാക്കുകയും, അനന്തരം അതിൽ സത്യവിശ്വാസവും വിജ്ഞാനവും നിറച്ചു മുറിവ് ചേർക്കുകയും ചെയ്തു. തുടർന്നു, ജിബ്രീൽ(അ) കൊണ്ടുവന്ന 'അൽ ബുറാഖ്''എന്ന ഒരൽഭുത വാഹനംവഴി മക്കയിൽ സ്ഥിതിചെയ്യുന്ന മസ്ജിദുൽ ഹറമിൽ നിന്നു, ഒരേ ഒരു രാത്രിയിൽ തന്നെ തിരുമേനി; 'ബൈത്തുൽ മഖ്ദസി'ലെ 'മസ്ജിദുൽ അഖ്സാ' വരെ യാത്രചെയ്തു. അവിടെ രണ്ട് 'റക്അത്ത്' (തഹിയ്യത്ത്) നമസ്കരിച്ച ശേഷം പല പടികളോടു കൂടിയ ,ഒരു കോണി (മിഅ്റാജ്) വഴി തിരുമേനി ആകാശാരോഹണം നടത്തി. അവിടങ്ങളിൽ മലക്കുകളുടെ സ്വീകരണവും പ്രവാചകൻമാർക്ക് സലാം ചൊല്ലലും സംഭാഷണങ്ങളുമൊക്കെ നടന്നു. കൂട്ടത്തിൽ ആറാം ആകാശത്തിൽ വെച്ചു മൂസാ(അ) നേയും, ഏഴിൽ വെച്ചു ഇബ്രാഹീം(അ) നേയും കണ്ടു. 'സിദ്റത്തുൽ മുൻതഹാ', 'ബൈത്തുൽ മഅ്മൂർ', സ്വർഗ്ഗം, നരകം ...... തുടങ്ങി പലതും നബി(സ)ക്ക് കാണിക്കപ്പെട്ടു.

പക്ഷെ, ഈ യാത്രകളും അനുഭവങ്ങളും ദൃശ്യങ്ങളും എല്ലാംതന്നെ അസാധാരണങ്ങളും നബി(സ)യു

ടെ 'മുഉ്ജിസത്തു' കളുമായിരുന്നു വെന്നു ഏതു സാധാരണക്കാരന്നും മനസ്സിലാക്കാൻ കഴിയും. ഈ സംഭവങ്ങളെല്ലാം ജാഗ്രതാവസ്ഥയിൽനടന്നതാണെന്നു പറയുന്ന പണ്ഡിതൻമാർ, ആ നിലക്ക്തന്നെയാണ് അവ വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്തിരിക്കുന്നതും.

മടക്കയാത്രയിലാണ് മൂസാ(അ)മുമായുള്ള സംഭവങ്ങൾ നടക്കുന്നത്. മതപ്രബോധനരംഗത്തു ഒരുപാടു പരീക്ഷണങ്ങളും അനുഭവങ്ങളും താണ്ടി, അറിവും പരിചയവും സിദ്ധിച്ച ഹ: മൂസാ(അ)മുമായി നബി(സ) ബന്ധപ്പെട്ടതു എത്രയും വലിയ നേട്ടവുമായിരുന്നു.

ദിവസം അമ്പതു സമയത്തെ നമസ്ക്കാരം കൽപിക്കപ്പെട്ടതിനെക്കുറിച്ചു, തൻെറ ജനതയിൽ നിന്നുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ മൂസാ(അ) പറഞ്ഞു: ഇതു താങ്കളുടെ സമുദായത്തിന്നു ദുഷ്ക്കരമായിരിക്കും; അതുകൊണ്ടു ലഘൂകരണത്തിന്നായി അല്ലാഹുവെ സമീപിക്കുക. അങ്ങനെ, ഈ ഉപദേശപ്രകാരം നബിതിരുമേനി വീണ്ടും വീണ്ടും അല്ലാഹുവോടു പ്രാർത്ഥിച്ചതിൻെറ ഫലമായി അവസാനം, അതു അഞ്ചു സമയമായി ലഘൂകരിക്കപ്പെട്ടു. തുടർന്നു, നബിതിരുമേനി ബൈത്തുൽ മുഖദ്ദസിലേക്ക് തന്നെ തിരിച്ചെത്തുകയും, അവിടെ മുൻകഴിഞ്ഞ എല്ലാ പ്രവാചകൻമാരെയും കൂടെ, അവർക്ക് ഇമാമായി നമസ്കരിക്കുകയും ചെയ്തു. ഈ ജമാഅത്ത് നമസ്ക്കാരം ആകാശത്ത് വെച്ചാണ് നടന്നതെന്നും, ആകാശാരോഹണത്തിന് മുമ്പായിരുന്നുവെന്നും അഭിപ്രായാന്തരങ്ങളുണ്ട്. (സൂറത്തുബനീ ഇസ്രാഈലിൻെറ വ്യാഖ്യാന

ത്തിൽ ഇബ്നു കസീർ ബലപ്പെടുത്തിയ അഭിപ്രായമാണ്. 3_23 ഈ വിഷയത്തിൽ ഈ ലേഖകൻ സ്വീകരിച്ചത്.) ഈ ഓരോ സംഭവങ്ങളും നബി(സ)യുടെ മുഉ്ജിസത്തു ആയിരുന്നുവെന്നും മററാരാലും അനുകരിക്കാനോ ആവർത്തിക്കാനോ കഴിയുന്ന സാധാരണ സംഭവങ്ങളല്ലെന്നും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ, അതിൻമേൽ ഖിയാസാക്കി പുതിയ നിയമങ്ങളും നടപടികളും നിർമ്മിച്ചുണ്ടാക്കാൻ പററുകയില്ല.

മൂസാ(അ)മും നബിതിരുമേനിയുമായി നടന്ന ഈ സംഭാഷണങ്ങളിലും അവർക്കിടയിലുണ്ടായ സംഭവങ്ങളിലും ഇസ്തിഗാസക്ക് തെളിവോ ന്യായീകരണമോ ഇല്ല. നമസ്കാരസമയങ്ങൾ കുറച്ചു കിട്ടാൻ നബിതിരുമേനി മൂസാ(അ) നോടു പ്രാർത്ഥിച്ചിട്ടില്ല; അപേക്ഷിക്കുക പോലും ചെയ്തില്ല. ഇനി പ്രാർത്ഥനയും സഹായാഭ്യർത്ഥനയുമൊന്നുമുണ്ടായില്ലെങ്കിലും മരിച്ച മൂസാ(അ) സഹായിച്ചിട്ടുണ്ട് എന്നാണെങ്കിൽ, ഇസ്റാഉം മിഅ്റാജും അതിലെ എല്ലാ സംഭവങ്ങളും മുഉ്ജിസത്തിൽ പെട്ടതാണെന്നും അതുകൊണ്ടു അവ അനുകരണീയമോ ആവർത്തനീയമോ അല്ലെന്നുമുള്ള യാഥാർത്ഥ്യം പ്രസ്താവയോഗ്യമാണ്. ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തുന്നു:

وجميع ما ورد من شق الصدر واستخراج القلب من الأمور
الخارقة للعادة مما يجب التسليم له دون التعرض لصرفه عن

حقيقته لصلاحية القدرة عليه فلا يستحيل شيئ من ذلك
( فتح البارى ٧ - ٢٠٥ )

''നബി തിരുമേനിയുടെ നെഞ്ചുകീറി ഹൃദയം പുറത്തെടുത്ത സംഭവം മുതൽ ഈ വിഷയത്തിൽ നടന്ന എല്ലാ കാര്യങ്ങളും സാധാരണ സംഭവങ്ങൾക്ക് വിരുദ്ധ ങ്ങളാണ്. എന്നാൽ അതു സമ്മതിക്കൽ നിർബ്ബന്ധ വുമാകുന്നു. അതിൻെറ യഥാർത്ഥാവസ്ഥയിൽ നിന്നും എന്തെങ്കിലും മാററം വരുത്താവതുമല്ല. അല്ലാഹുവിൻെറ കഴിവിന്നധീനമാണ് ആ എല്ലാ സംഭവങ്ങ ളും.'' (ഫത്ഹ്: 7—205)

ഈ അസാധാരണ സംഭവത്തിലും അവസരത്തിലു മല്ലാതെ മക്കയിലും മദീനയിലും വെച്ചു നബി (സ) ഒരുപാടു പരീക്ഷണങ്ങളിലും വിഷമങ്ങളിലും അക പ്പെട്ടപ്പോൾ ഒരിക്കലും നബി തിരുമേനി മൂസാ (അ) നെ സഹായത്തിനു വിളിച്ചില്ല. മൂസാ (അ) തിരുമേ നിയെ സഹായിക്കാനെത്തിയുമില്ല. മരിച്ച പ്രവാച കൻമാർ, ഇവർ പറയുന്നമാതിരി ജീവിച്ചിരിക്കയാണെ ങ്കിൽ, അവരിലാരെയെങ്കിലും നബി(സ) സഹായത്തി ന്നു സമീപിക്കുകയോ, മനസ്സറിഞ്ഞു അവർ സഹാ യിക്കുകയോ ഒന്നുമുണ്ടായില്ല. എങ്കിൽ പിന്നെ അവ രുടെയൊക്കെ സഹായം ലഭിക്കണമെങ്കിൽ ഇസ്റാഉം മിഅ്റാജും ഉണ്ടാകണമെന്നു വരുന്നു. അതു രണ്ടുമാ ണെങ്കിൽ, നബിതിരുമേനിയോടൊപ്പം എന്നേക്കുമായി അവസാനിച്ച അദ്ധ്യായങ്ങളാണുതാനും.

ഈ വിഷയത്തിൽ ഇനിയുമുണ്ടു കുറെ കാര്യങ്ങൾ കൂടി മനസ്സിലാക്കാൻ. മൂസാ (അ) ഖബറിൽ നമസ്

**കാരം നിർവ്വഹിക്കുന്നതായിട്ടാണ് നബി(സ) കാണുന്നത്. എങ്കിൽ, അദ്ദേഹമെങ്ങിനെ ആകാശത്തിലുമെത്തി? മാത്രമല്ല; ബൈത്തുൽ മഖ്ദസിലെ നമസ്കാരത്തിലും മൂസാ(അ) തിരുമേനിയോടൊപ്പമുണ്ടായിരുന്നു. ഇതുസംബന്ധിച്ചു ഇബ്നുഹജറുൽ അസ്ഖലാനി(റ) ഫത്ത്ഉൽ ബാരിയിൽ വിവരിക്കുന്നു:**

اختلف فى حال الانبياء عند لقىّ النبىّ ﷺ ليلة الاسراء هل اسرى باجسادهم لملاقاة النبىّ ﷺ تلك الليلة او انّ ارواحهم مستقرة فى اماكن التى لقيهم النبىّ ﷺ كما جزم به ابوالوفاء بن دقيل واختار الاول بعض شيوخنا واحتج بما ثبت فى مسلم عن انس رضى الله عنه انّ النبىّ ﷺ قال رأيت موسى ليلة اسرى بى قائما يصلى فى قبره فدل على انّه اسرى به لما مربه قلت فليس ذلك بلازم بل يجوز ان يكون الرّوح اتصل بجسده فى الارض فلذلك يتمكن من الصلاة وروحه مستقر فى السّماء (فتح البارى ٧-٢١٣)

"രാപ്രയാണ യാത്രയിൽ പ്രവാചകൻമാർ നബി തിരുമേനിയെ കണ്ടപ്പോൾ അവർ ഏതവസ്ഥയിലായിരുന്നുവെന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. നബിതിരുമേനിയുമായി കാണുവാൻ അവർക്കും പ്രയാണമുണ്ടായതാണോ, അതോ അവരുടെ ആത്മാക്കൾക്ക് സ്വന്തം ശരീര രൂപം നൽകി നബി(സ)യെ കണ്ടുമുട്ടിയ സ്ഥലങ്ങളിൽ എത്തിക്കപ്പെട്ടതാണോ? ഈ നിലക്കാണ് അബുൽവഫാ ഇബ്നു ഉഖൈൽ ഉറപ്പിച്ചു പറഞ്ഞത്. എന്നാൽ, ആദ്യത്തെ അഭി

പ്രായമാണ് നമ്മുടെ ചില ഗുരുനാഥൻമാർ ബലപ്പെടുത്തിയിട്ടുള്ളത്. മൂസാ (അ) ഖബ്റിൽവെച്ചു നമസ്കരിക്കുന്നതായി തിരുമേനി കണ്ടുവെന്ന ഇമാം മുസ്ലിമിൻെറ റിപ്പോർട്ടാണ് ഇതിനവർ തെളിവായി അവലംബിക്കുന്നത്. നടന്നു പോകുന്ന തിരുമേനിക്ക് മൂസാ (അ) നെ കാണാമെങ്കിൽ അദ്ദേഹത്തിനും ഒരു രാപ്രയാണം ഉണ്ടായിട്ടുണ്ടെന്നു വരുന്നു. പക്ഷേ എൻെറ അഭിപ്രായത്തിൽ അതു അങ്ങിനെ തന്നെ വേണമെന്നില്ല. മൂസാ(അ) ൻെറ ആത്മാവിനു ഭൂമിയിലെ ശരീരവുമായി ബന്ധമുണ്ടായാൽ മതിയല്ലോ? അതുകൊണ്ട് ഭൂമിയിൽവെച്ചു അഥവാ ഖബറിൽവെച്ചു നമസ്കരിക്കാനും കഴിഞ്ഞു''.

(ഫത്ഹുൽബാരി, 7—213)

ഇവിടെ രണ്ടു അഭിപ്രായങ്ങളാണു ഉദ്ധരിക്കപ്പെട്ടത്.

1— തിരുമേനിയുടെ രാപ്രയാണ ദിവസം മററു പ്രവാചകൻമാർക്കും രാപ്രയാണങ്ങളുണ്ടായി. അതുകൊണ്ടു, അവർക്കു പല സ്ഥലങ്ങളിൽവെച്ചും കണ്ടുമുട്ടാൻ കഴിഞ്ഞു.

2— അവരുടെ ആത്മാക്കൾക്ക് ശരീരത്തിൻെറ രൂപം നൽകപ്പെട്ടു. അങ്ങനെ നബിതിരുമേനിക്ക് അവരുമായി ബന്ധപ്പെടാൻ കഴിഞ്ഞു. ഏതു നിലക്കായാലും ഭൂമിയിൽ ജീവിക്കുന്നവർക്ക് മരിച്ച പ്രവാചകൻമാരുമായി ബന്ധപ്പെടാൻ കഴിയണമെങ്കിൽ മിഅ്റാജ് പോലെയുള്ള വല്ല മുഅ്ജിസത്തും ഉണ്ടാകേണ്ടതാണ്. മാത്രമല്ല മിഅ്റാജ് ഒരു വിഭാഗത്തിനു മാത്രമുണ്ടായതിനേക്കാൾ, മറ്റു വിഭാഗത്തിനും ഉണ്ടായിരിക്കണമല്ലോ

ന്ന് ഫത്ത്ഹുൽ ബാരിയുടെ ഈ വിവരണത്തിൽനിന്നു മനസ്സിലാക്കാം.

സംഭവത്തിൻെറ യാഥാർത്ഥ്യം ഇതാണെങ്കിൽ, ഈ നിലക്കാണ് പൂർവ്വപണ്ഡിതൻമാർ ഇതിനെ, വ്യാഖ്യാനിക്കുന്നതെങ്കിൽ, മരിച്ചുപോയവരെ— അവർ അമ്പിയാക്കൾതന്നെയാണെങ്കിലും മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കുകയും സഹായം തേടുകയും ചെയ്യുന്ന ഇസ്തിഗാസക്ക് മൂസാ നബി (അ) ൽനിന്നു മിഅ്റാജ് ദിവസം ലഭിച്ച സഹായം ഒരു തെളിവാകുന്നില്ല.

മൂസാ (അ)നെ നബി (സ) ഖബറിൽവെച്ചു കണ്ടു വെന്നു പറയുന്നതും ഒരു സാധാരണ സംഭവമല്ല; നബി തിരുമേനിയുടെ മുഅ്ജിസത്ത് എന്ന നിലക്കാണ്. പ്രസ്തുത ഹദീസു ഇങ്ങനെയാണ്:

عن انس رضى الله عنه انّ رسول الله ﷺ قال: مررت على موسى ليلة اسرى بى وهو قائم يصلى فى قبره

( مسلم - باب من فضائل موسى )

''അനസ് (റ)വിൽ നിന്നു നിവേദനം: നബി(സ) പറഞ്ഞു: എൻെറ രാത്രിയാത്രയിൽ മൂസാ (അ)നെ അദ്ദേഹത്തിൻെറ ഖബറിൽ നിന്നു നമസ്കരിക്കുന്നതായി എനിക്കു കാണാൻ കഴിഞ്ഞു. (മുസ്ലിം)

ഈ കാഴ്ച നബി (സ) യുടെ ഇഷ്ടപ്രകാരമോ സ്വാതന്ത്ര്യത്തിലോ ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ തിരുമേനിയുടെ ഐഹിക ജീവിതത്തിൽ, മിഅ്റാജ് പോലെയുള്ള ഏതാനും ചില സംഭവങ്ങളെ കൊള്ളുകയെ

നാനാതരം മർദ്ദനങ്ങൾ സഹിച്ചും ജീവൻവരെ പണയപ്പെട്ടുമായിരുന്നു തിരുമേനി കഴിഞ്ഞു കൂടിയിരുന്നത്. എന്തെങ്കിലും സഹായം ലഭിച്ചേക്കുമെന്ന പ്രതീക്ഷയിൽ 'ത്വാഇഫി'ലെ സ്വന്തം കുടുംബത്തെയും മററു പല കുടുംബങ്ങളേയും അക്കാലങ്ങളിൽ നബി(സ) സമീപിച്ചുനോക്കി. ആരിൽനിന്നും യാതൊരു സഹായവും ലഭിച്ചില്ല. മാത്രമല്ല, കൂടുതൽ മർദ്ദനങ്ങൾ ഏൽക്കേണ്ടിവരികയും ചെയ്തു. അതിദയനീയമായ ഈ നിസ്സഹായാവസ്ഥയിൽ ഒരു ലക്ഷത്തിലധികം വരുന്ന പ്രവാചകൻമാരെല്ലാം അവരുടെ ഖബറുകളിൽ സുഖമായി ജീവിച്ചിരിക്കുകയും നബി(സ)ന്ന് യഥേഷ്ടം അവരെ സമീപിക്കാൻ കഴിയുകയും ചെയ്തിരുന്നെങ്കിൽ, തീർച്ചയായും നബിതിരുമേനി അങ്ങനെ ചെയ്യുമായിരുന്നു. ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും നബി(സ)നെ അവർ സഹായിക്കുകയും ചെയ്യുമായിരുന്നു, പക്ഷെ, ഒന്നുമുണ്ടായില്ല. തിരുമേനി അവരെ കണ്ടില്ല. സഹായം ചോദിച്ചില്ല. അവർ സഹായിച്ചുമില്ല. എല്ലാം കഴിഞ്ഞു മക്കാ ജീവിതത്തിൻെറ അവസാനഘട്ടത്തിൽ, ഇസ്റാഉം മിഅ്റാജും ഉണ്ടായപ്പോൾ മാത്രമാണ് തിരുമേനി അവരെ കാണുന്നത്. മൂസാ(അ)ൽനിന്നു സഹായവും ഉപദേശവുമൊക്കെ ലഭിക്കുന്നതും. എങ്കിൽ, ഇതൊരു നിത്യസംഭവമാക്കി ചിത്രീകരിച്ചു, മരിച്ചവരെ ഏതുകാലത്തും ഇഷ്ടംപോലെ വിളിക്കുകയും സഹായം തേടുകയും ചെയ്യുന്ന ഇസ്തിഗാസക്ക് തെളിവായി ഉദ്ധരിക്കാവതല്ല. അതൊരു തെളിവാകുകയുമില്ല.

നബി(സ)ന്ന് കാണാൻ കഴിഞ്ഞ മൂസാ(അ)ൻെറ നമസ്കാരത്തെക്കുറിച്ചുതന്നെയും പണ്ഡിതൻമാർ

ക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. അതു ഭാഷാർത്ഥത്തിലുള്ള നമസ്കാരമായിരുന്നു എന്നാണ് ''ഫൈസുൽ ഖദീറി''ൽ ( فيض القدير )

''മനാവി അഭിപ്രായപ്പെടുന്നതു;

قال المناوى فى فيض القدير ى يدعو ويثنى عليه ويذكره
فالمراد بالصلوة اللغوية الدّعاء والثّناء وقيل المراد الشرعية وعليه
القرطبى ( ٢٠ - ٥١٥ - الايات البيّنات تحقق الالبانى - ٤٠ )

'' ഫൈസുൽ ഖദീറിൽ മനാവി പ്രസ്താവിക്കുന്നു: പ്രാർത്ഥിക്കുക, പുകഴ്ത്തുക, സ്മരിക്കുക എന്നീ ഭാഷാർത്ഥത്തിലാണ് ഇവിടെ ''സ്വലാത്ത്'' എന്നു ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. നമസ്കരിക്കുകയെന്ന സാങ്കേതികാർത്ഥത്തിലല്ല. സാങ്കേതികാർത്ഥത്തിലാണെന്നും പറയപ്പെടുന്നുണ്ട്. ഇമാം ഖുർത്തുബി ആ പക്ഷത്താണ്.''

ചുരുക്കത്തിൽ, പ്രവാചകന്മാർ മരണശേഷവും സാധാരണ നിലക്ക് ജീവിക്കുന്നുണ്ട് എന്നതിന്നു, മിഅ്റാജിൽ നബി(സ) അവരെ കണ്ടു എന്നു കാണിക്കുന്ന ഹദീസു തെളിവാകുന്നില്ല. നബി(സ)യുടെ ഒരു മുഅ്ജിസത്ത് മാത്രമായിരുന്നു അത് എന്നു അതുസംബന്ധിച്ചുള്ള ഹദീസുകളിൽ നിന്നും പണ്ഡിതന്മാർ നല്കിയ വ്യാഖ്യാനങ്ങളിൽനിന്നും വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അഥവാ, അവർ സാധാരണനിലയിൽ ജീവിക്കുകയാണെന്നു സമ്മതിച്ചാൽതന്നെയും തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് അത് ഏതായാലും തെളിവല്ല എന്നു ഗ്രഹിക്കണം.

# പണ്ഡിതന്മാർ എന്തു പറയുന്നു?

'മരിച്ചവർ കേൾക്കും അവർക്ക് ഉപകാരങ്ങളും ഉപദ്രവങ്ങളും ചെയ്യാൻ കഴിയും' എന്നീ അടിസ്ഥാനങ്ങളിലാണ് ഇസ്തിഗാസ ന്യായീകരിക്കപ്പെടുന്നത്. എന്നാൽ, മരണപ്പെട്ടവർ ജീവിച്ചിരിക്കുന്നവരുടെ വിളി കേൾക്കുകയോ, അവരുടെ സ്ഥിതിഗതികൾ മനസ്സിലാക്കുകയോ ചെയ്യുകയില്ലെന്നു പരിശുദ്ധ ഖുർആനിലെ ഒന്നിലേറെ വചനങ്ങളും നബി(സ)യുടെ തിരുമൊഴികളും അവയ്ക്ക് പൂർവ്വകാല പണ്ഡിതന്മാർ നല്കിയ വ്യാഖ്യാനങ്ങളും ഉദ്ധരിച്ചുകൊണ്ട് നാം സമർത്ഥിക്കുകയുണ്ടായി. അതോടെ, ഇസ്തിഗാസയുടെ അസ്ഥിവാരം തന്നെ പൊളിഞ്ഞിരിക്കുകയാണ്. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം മതപരമായ ഒരു കാര്യം സ്ഥാപിക്കാനും നിഷേധിക്കുവാനും പരിശുദ്ധ ഖുർആനും തിരുസുന്നത്തും തന്നെ ധാരാളം മതിയായ തെളിവുകളാണ്. എന്നിരുന്നാലും, ഇസ്തിഗാസയുടെ വിഷയത്തിൽ പൂർവ്വകാലപണ്ഡിതന്മാരുടെ അഭിപ്രായങ്ങളും നിഗമനങ്ങളും എന്താണെന്നുകൂടി അറിയുന്നതു വിജ്ഞാനപ്രദമായിരിക്കും. 'ഇസ്തിഗാസാ വിരോധം' പുതിയ ആശയമാണെന്നും പൂർവ്വകാലപണ്ഡിതന്മാരെല്ലാം ഇസ്തിഗാസയെ അനുകൂലിക്കുന്നവരായിരുന്നുവെന്നും സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ ഇതത്യാവശ്യം കൂടിയാണ്.

ശാഫിഈ മദ്ഹബിൽ ഇമാം ശാഫിഈ(റ)ന്റെ സ്ഥാനം അനിഷേധ്യമാണ്. ഇമാം നവവിയുടെ പ്രസിദ്ധ ഗ്രന്ഥമാണ് സ്വഹീഹ് മുസ്ലിമിന്റെ വ്യാഖ്യാന

മായ ''ശറഹ് മുസ്‌ലിം.'' ഈ ഗ്രന്ഥത്തിൽ ഇമാം അബൂ അബ്ദില്ലാഹിൽ മാദ്‌രിയ്യിൽ മാലിക്കീ (മരണം 536 ഹി:)യുടെ ''മരിച്ചവർ കേൾക്കുകയില്ല'' എന്ന അഭിപ്രായം ഇമാം നവവീ എടുത്തുദ്ധരിക്കുന്നു. ثم انكره المازرى (٧-٢٠٦) അതായതു മരിച്ചവർ കേൾക്കുമെന്നതിനെ ഇമാം മാദ്‌രീ നിഷേധിച്ചിരിക്കുന്നു. (7—206) മരിച്ചവർ കേൾക്കുമെന്ന ഇസ്തിഗാസയുടെ അടിസ്ഥാന സിദ്ധാന്തം ഏകദേശം ആയിരം കൊല്ലങ്ങൾക്ക് മുമ്പ് ജീവിച്ച പണ്ഡിതന്മാർതന്നെ നിഷേധിച്ചിരുന്നുവെന്നു ഇമാം നവവിയുടെ ഈ ഉദ്ധാരണ വചനത്തിൽ നിന്നു മനസ്സിലാക്കാമല്ലോ?

ഹമ്പലി മദ്‌ഹബിൽ സുപ്രധാന പണ്ഡിതനായി അറിയപ്പെടുന്ന മുഹമ്മദു ഹുസൈനുൽ ബഗ്ദാദീ (മരണം 408 ഹി.) യുടെ അഭിപ്രായം 'ഇബ്നു റജബ്' തന്റെ ''അഹ്‌വാലുൽ ഖിയാമാ'' ( احوال القيمة ) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചതു കാണുക:

ورجحه القاضى ابو يعلى محمد بن حسين البغدادى من كبار اصحابنا فى كتابه الجامع الكبير واحتجوا بما احتجت به واجابوا عن حديث قليب بدر بما اجاب به عائشة رضى الله عنها

''നമ്മുടെ ഉന്നതരായ സഖാക്കളിൽപെട്ട ഖാസീം അബൂയഅ്‌ലാ മുഹമ്മദുബ്നു ഹുസൈൻ' തന്റെ 'ജാമിഉൽ കബീർ' എന്ന ഗ്രന്ഥത്തിൽ ''മരണപ്പെട്ടവർ കേൾക്കുകയില്ല'' എന്ന അഭിപ്രായത്തെ ബലപ്പെടുത്തിയിരിക്കുന്നു. അതിന്നു, ഹ: ആയിശ(റ) ഉദ്ധരിച്ച തെളിവുതന്നെയാണ് ജംഹൂറും [illegible]

കരിച്ചിരിക്കുന്നത് അതായതു ബദ്റിലെ ഖലീബിൽ (പൊട്ടക്കിണർ) കുഴിച്ചുമൂടപ്പെട്ടവർ കേൾക്കുമെന്നു പറഞ്ഞതു, അവർ ''അറിയുന്നു'' എന്ന അർത്ഥത്തിലാണെന്നു വ്യാഖ്യാനിച്ചുകൊണ്ടുള്ള ഹ: ആയിശാ(റ)യുടെ അഭിപ്രായം. (ഇതിനെ സംബന്ധിച്ചു സവിസ്തരം നാം മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.)

ഇമാം അബൂഹനീഫാ(റ)വിൻെറ മദ്ഹബിലെ പണ്ഡിതന്മാരും, 'മരിച്ചവർ കേൾക്കുകയില്ല' എന്നുതന്നെ അഭിപ്രായപ്പെടുന്നു.

ഹനഫീ മദ്ഹബിലെ പ്രസിദ്ധ പൺഡിതനായ 'ത്വഹാവി' ( احمد بن محمد بن اسمعيل الطحاوی ) 'അദ്ദുർറുൽ മുഖ്താർ' എന്ന ഗ്രന്ഥത്തിൻെറ വ്യാഖ്യാനത്തിൽ (2-381 382) ഇങ്ങനെ പ്രസ്താവിക്കുന്നു.

(او كلمتك) انما تقيّد بالحيوة لانّ المقصود من الكلام الافهام والموت ينافيه لانّ الميّت لا يسمع ولا يفهم

''അല്ലെങ്കിൽ ഞാൻ നിന്നോടു സംസാരിച്ചു എന്നു പറയുമ്പോൾ കേൾക്കുന്നവൻ ജീവനുള്ളവനായിരിക്കണം എന്നു നിബന്ധന നിശ്ചയിച്ചതു, സംസാരത്തിൻെറ ഉദ്ദേശം കാര്യം ഗ്രഹിപ്പിക്കുക എന്നതായതു കൊണ്ടാണ്. മരണം അതു നിഷേധിക്കുന്നു. എന്തു കൊണ്ടെന്നാൽ മരണപ്പെട്ടവർ കേൾക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല.''

പ്രസിദ്ധനായ മറ്റൊരു ഹനഫീ പണ്ഡിതൻ 'അല്ലാമാ ഇബ്നുൽ ആബിദീൻ (شيخ المشائخ العلامة ابن العابدين)

തൻെറ رد المختار على الدر المختار എന്ന ഗ്രന്ഥത്തിൽ (3.180) പ്രസ്താവിക്കുന്നു المقصود من الكلام الافهام والموت ينافيه ''സംസാരിക്കുന്നതു കാര്യം ഗ്രഹിപ്പിക്കുകയെന്ന ഉദ്ദേശം വെച്ചാണ്. എന്നാൽ മരണം ആ കഴിവ് ഇല്ലാതാക്കിത്തീർക്കുന്നു.''

ഒരു 'മുജ്തഹിദാ'ണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെട്ട മറ്റൊരു ഹനഫീപണ്ഡിതനാണ് 'അല്ലാമാ മുഹമ്മദുബ്നു അബ്ദുൽ വഹ്ഹാബ്ബ്നു ഹുമാം (മരണം 861 ഹി.) അദ്ദേഹം അൽഹിദായയുടെ വ്യാഖ്യാനഗ്രന്ഥമായ ''ഫത്ഹുൽ ഖദീറി''ൽ രേഖപ്പെടുത്തുന്നു.

والميّت ليس كذلك لعدم السّماع

''മരിച്ചവരുടെ സ്ഥിതി അങ്ങനെയല്ല; എന്തുകൊണ്ടെന്നാൽ, അവർ കേൾക്കുകയില്ല എന്നതു തന്നെ കാരണം.''

സ്വഹീഹുൽ ബുഖാരിയുടെ പ്രസിദ്ധമായ വ്യാഖ്യാനഗ്രന്ഥമാണ് 'ഉംദത്തുൽ ഖാരീ'. അതിൻെറ കർത്താവായ 'മഹ്മൂദുബ്നു അഹ്മദു ബദ്റുദ്ദീനിൽ ഐനീ' (العلامة محمود بن احمد بدرالدّين العينى المصرى الحنفى المتوفى سنة ٨٥٥ ه) തൻെറ شرح الكنز എന്ന ഗ്രന്ഥത്തിൽ പറയുന്നു:

والمراد بالكلام الا فهام وانّه يختص بالحى

''സംസാരത്തിൻെറ ഉദ്ദേശം കാര്യം ഗ്രഹിപ്പിക്കലാകു

ന്നു. അതു ജീവനുള്ളവരുടെ പ്രത്യേകതയുമാണ്.''
(1 - 225)

ഇബ്നു നജീമിൽ മിസ്റി (മരണം 970 ഹി.) എന്ന പേരിൽ പ്രസിദ്ധനായ زين الدين بن ابراهيم بن محمد തൻെറ البحر الرائق എന്ന ഗ്രന്ഥത്തിൽ (4—394) ഇങ്ങനെ രേഖപ്പെടുത്തുന്നു:

لان المقصود من الكلام الافهام والموت ينافيه

സംസാരത്തിൻെറ ഉദ്ദേശം കാര്യം ഗ്രഹിപ്പിക്കലാണ്. എന്നാൽ മരണം അതു ഇല്ലായ്മ ചെയ്യുന്നു.''

'ഞാൻ നിന്നോടു സംസാരിക്കുകയില്ല' എന്നു ഒരാാം മറെറാരാളോടു സത്യം ചെയ്തു പറയുകയാണെങ്കിൽ ആ സത്യം അവൻെറ ജീവിതകാലത്തെ മാത്രമേ ബാധിക്കുകയുള്ളൂ അയാാം മരിച്ചശേഷം അയാളുടെ മയ്യിത്തിനോടു സംസാരിക്കുന്നതു സത്യ ലംഘനമാകുന്നില്ല എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ഇതിനു തെളിവായിട്ടാണ് മരണപ്പെട്ടവർ കേൾക്കുകയില്ല; അതുകൊണ്ടു അവരോടു സംസാരിക്കുന്നതു സംസാരമാകുകയില്ല എന്ന തത്വം ഹനഫീ പണ്ഡിതന്മാർ രേഖപ്പെടുത്തുന്നത്. ഈ ഉദ്ധരണികൾക്കെല്ലാം ആധാരം പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ 'അല്ലാമാ മഹ്മൂദുൽ ആലൂസിയു'ടെ പുത്രൻ നുഉ്മാനുൽ ആലൂസിയുടെ الايات البينات فى عدم سماع الاموات (മരിച്ചവർ കേൾക്കുകയില്ലെന്നതിന്നു വ്യക്തമായ തെളിവുകൾ) എന്ന ഗ്രന്ഥമാകുന്നു.

മരണപ്പെട്ടവർ ജീവിച്ചിരിക്കുന്നവരുടെ സംസാരം കേൾക്കുകയോ ഗ്രഹിക്കുകയോ ചെയ്യുകയില്ലെന്ന നാ

ലു മദ്ഹബിലേയും പ്രബലരായ പണ്ഡിതന്മാർ അ ഭിപ്രായപ്പെടുന്നു. അവരുടെ പ്രസിദ്ധ ഗ്രന്ഥങ്ങ ളിൽ നിന്നുള്ള ചില ഉദ്ധരണികളാണ് നാം ഇപ്പോൾ വായിച്ചിരിക്കുന്നത്. പരിശുദ്ധ ഖുർആനിലും തി രു സുന്നത്തിലും വ്യക്തമാക്കിയ കാര്യം തന്നെയാണ് ഈ പണ്ഡിതന്മാരും അവരുടെ വാചകങ്ങളിൽ എ ടുത്തുദ്ധരിച്ചതെന്നു കാണാൻ കഴിയുന്നു. അപ്പോൾ മരണപ്പെട്ടവരെ വിളിച്ചു സഹായം തേടുന്ന ഇസ്തി ഗാസ നിഷേധിക്കുന്നവരല്ല; മറിച്ചു, മരിച്ചവരെ ആര്, എവിടെ നിന്നു ഏതു സമയത്ത് വിളിച്ചാലും കേൾക്കുമെന്നും ഉത്തരംചെയ്യുമെന്നും വാദിക്കുന്നവരാ ണ് "പുത്തൻ പ്രസ്ഥാനക്കാരെന്നും" വായനക്കാർ ക്ക് ബോധ്യപ്പെടുന്നതാകുന്നു.

## ഖുർആൻവചനത്തിന്നു ഒരു ദുർവ്യാഖ്യാനം

ഇസ്തിഗാസ അനുവദനീയവും ആവശ്യവുമാ ണെന്ന് വരുത്താൻ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന ഖുർ ആൻ വചനങ്ങളിലൊന്നാണ് 'സൂറത്തു ത്തഹ്രീമി' ലെ മൂന്നാം വചനം.

وان تظاهرا عليه فان الله هو موليه وجبريل وصالح المؤمنين والملئكة بعد ذلك ظهير

"നിങ്ങൾ രണ്ടുപേരും നബിക്കെതിരിൽ പരസ് പരം സഹായിച്ചു നബിയെ തോൽപ്പിക്കാൻ ശ്രമിക്കു ന്ന പക്ഷം തീർച്ചയായും അല്ലാഹു നബിയുടെ സഹാ യിയാകുന്നു. ജിബ്രീലും സത്യവിശ്വാസികളായ സാലിഹീങ്ങളും സഹായികളാകുന്നു. അതിന്നും പു

റരെ മലക്കുകളും സഹായികളാകുന്നു.'' ഇതാകുന്നു പ്രസ്തുത വചനത്തിന്റെ നേർക്കുനേരെയുള്ള പദാർത്ഥം. ഇതിലെ 'സത്യവിശ്വാസികളായ സ്വാലിഹീങ്ങളും സഹായികളാകുന്നു.' എന്നതിലാണ് പ്രധാനമായും ദുർവ്യാഖ്യാനം നടക്കുന്നത്. അതായതു സത്യ വിശ്വാസികളായ സ്വാലിഹീങ്ങൾ മരിച്ചുപോയ അമ്പിയാക്കളാണ്. അങ്ങനെയാണ് ഇബ്നു ജരീദു ത്ത്വിബ്രി അർത്ഥം പറയുന്നത്. അപ്പോൾ, മരിച്ചുപോയ അമ്പിയാക്കൾ നബി (സ)യെ സഹായിക്കുമെന്നാണല്ലോ അല്ലാഹു പറയുന്നത്. എങ്കിൽ, മരിച്ചുപോയ അമ്പിയാക്കളടക്കമുള്ള സത്യ വിശ്വാസികളായ സ്വാലിഹീങ്ങളെ സഹായത്തിന്നുവേണ്ടി വിളിക്കുകയും, അവർ സഹായിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നതിൽ എന്താണു അപാകത? എന്നാണു ചോദിക്കുന്നത് ഏതായാലും തെററുധരിക്കാൻ സാധ്യതയുള്ള ഈ ഭാഗം അതിന്റെ പശ്ചാത്തലം കൂടി വിവരിച്ചുകൊണ്ടു വിശദീകരിക്കാം.

واذا سرّ النّبى الى بعض ازواجه حديثا فلما نبأت به واظهره
الله عليه عرّف بعضه واعرض عن بعض فلما نبأها به قالت من
انباك هذا قال نبأنى العليم الخبير ٥ ان تتوبا الى الله فقد صغت
قلوبكما وان تظاهـــرا عليه فان الله هو موليه وجبريل وصالح
المؤمنين والملئكة بعد ذلك ظهير

'' നബി തന്റെ ഭാര്യമാരിൽ ചിലരോടു ഒരു വിവരം രഹസ്യമായി പറഞ്ഞ സന്ദർഭം. അങ്ങനെ അവർ ആ രഹസ്യം മററുള്ളവരോടു പറയുകയും അല്ലാഹു

അത് നബിക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തപ്പോൾ, അതിൽ ചിലത് നബി അവരെ മനസ്സിലാക്കുകയും മററുചിലത് വിട്ടുകളയുകയും ചെയ്തു. എന്നാൽ, നബി അവരോടു അതു പറഞ്ഞപ്പോൾ, നിങ്ങൾക്ക് ഇത് ആര് പറഞ്ഞുതന്നു എന്നു അവർ ചോദിച്ചു. എല്ലാം അറിയുന്ന സൂക്ഷ്മജ്ഞനായ ഒരാൾ (അല്ലാഹു) എന്നു നബി പറഞ്ഞു. നിങ്ങൾ രണ്ടുപേരും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങിയാൽ (അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.) എന്നാൽ നിങ്ങളുടെ രണ്ടുപേരുടെയും ഹൃദയങ്ങൾ തിൻമയിലേക്ക് ചാഞ്ഞുപോയിരിക്കുന്നു, നിങ്ങൾ രണ്ടുപേരും നബിക്കെതിരിൽ പരസ്പരം സഹായിച്ചു തോൽപ്പിക്കുവാൻ ശ്രമിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു നബിയുടെ സഹായിയാകുന്നു. ജിബ്രീലും സത്യവിശ്വാസികളായ സ്വാലിഹീങ്ങളും (സഹായികളാകുന്നു) അതിനും പുറമെ മലക്കുകളും സഹായികളാകുന്നു.''

ഈ വചനങ്ങളിൽ സൂചിപ്പിക്കപ്പെട്ട നബി(സ)യുടെ രഹസ്യ സംസാരം ഭാര്യ ഹഫ്സാ(റ) യോടായിരുന്നെന്നും, മേലിൽ ഞാൻ തേൻകുടിക്കുകയില്ലെന്നോ, 'മാരിയ്യ' എന്ന അടിമ സ്ത്രീയുമായി ബന്ധപ്പെടുകയില്ലെന്നോ സത്യം ചെയ്തു പറഞ്ഞതാണ് ആ രഹസ്യ വിവരമെന്നും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമുണ്ടു. ഭാര്യമാരെ തൃപ്തിപ്പെടുത്താൻ വേണ്ടി, അല്ലാഹു അനുവദിച്ചു തന്ന കാര്യം നീ എന്തിന്നു നിരോധിച്ചു '' എന്നു ഈ സൂറത്തിൻെറ ആദ്യത്തിൽ അല്ലാഹു നബി(സ)യെ ശാസിച്ചതു ഈ കാര്യത്തെക്കുറിച്ചാകുന്നു.

സത്യം ചെയ്തു പറഞ്ഞകാര്യം മററാരേയും അറിയിക്കരുതെന്നു നബി(സ) ഹഫ്സയോടു പറഞ്ഞിരുന്നു. പക്ഷെ, ഹഫ്സ(റ) അതു ആയിശ(റ)യെ അറിയിച്ചു. ഇത് ഒരു തെററാണല്ലോ?

ഈ വിവരങ്ങളെല്ലാം അല്ലാഹു വഹ്യ് മുഖേന നബി(സ) ന്നു വെളിപ്പെടുത്തിക്കൊടുത്തു. അതിൽ ചിലതൊക്കെ നബി(സ) ഭാര്യയെ അറിയിക്കുകയും ചിലതൊക്കെ അറിയിക്കാതെ വെക്കുകയും ചെയ്തു. അപ്പോഴാണ് ആ ഭാര്യ ' ആരാണ് നിങ്ങൾക്ക് ഇതൊക്കെ പറഞ്ഞു തന്നത്'' എന്നു നബി(സ)യോട് ചോദിച്ചത്. സർവ്വജ്ഞനും സൂക്ഷ്മ ജ്ഞാനിയുമായ അല്ലാഹുവാണെന്നു നബി(സ) മറുപടി പറയുകയും ചെയ്തു.

നബി(സ)യുമായുള്ള രഹസ്യകാര്യം സൂക്ഷിക്കാത്തെ പുറത്ത് വിടുകയും, അതിൽ ഹഫ്സ (റ) യും ആയിശ(റ)യും പങ്കാളികളാകുകയും ചെയ്തു. അങ്ങനെ അവർ രണ്ടുപേരും നബി(സ)യെ വിഷമിപ്പിക്കുകയും അത് അദ്ദേഹത്തിന്നെതിരിലുള്ള നീക്കമായി തീരുകയും ചെയ്തു. ഈ തെററിൽ നിന്നു പിൻമാറുവാൻ അല്ലാഹു അവരെ ഉപദേശിച്ചു; പശ്ചാത്തപിച്ചു മടങ്ങുവാൻ നിർദ്ദേശിക്കുകയും അതാണ് നല്ല മാർഗ്ഗമെന്നു ഉണർത്തുകയും ചെയ്തു.

എന്നിരുന്നാലും സ്ത്രീ സഹജമായ ചില ദൗർബ്ബല്യങ്ങളും ചാപല്യങ്ങളും അവർക്കും ഉണ്ടാകാമല്ലോ? ആയിശ(റ) യുടെ പിതാവ് അബൂബക്കർ(റ) വും ഹഫ്സ(റ) യുടെ പിതാവ് ഉമർ(റ). വുമാണുതാനും. പൊതു സമ്മതരും പ്രബലരുമായ പിതാക്കളെയെകി

ലും തങ്ങളുടെ പക്ഷം നിൽക്കുമെന്നു സ്വാഭാവിക മായും ആയിശ(റ) യും ഹഫ്സ(റ) യും കരുതുകയും ചെയ്തു. ചില പ്രവാചകൻമാരുടെയെങ്കിലും ഭാര്യ മാർ ഭർത്താക്കൻമാർക്കെതിരിൽ പ്രവർത്തിച്ച ചരിത്രം ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുമുണ്ടു, ഇതെല്ലാ മായപ്പോൾ നബി(സ)ന്ന് വലിയ മാനസിക വിഷമം അനുഭവപ്പെടാൻ സാധ്യതയുണ്ടു. ഏതു വിഷമ സന്ധിയിലും പ്രവാചകൻമാരെ ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യുക അല്ലാഹുവിൻെറ ന ടപടി ക്രമവുമാണു.

ഈ പരിതസ്ഥിതിയിൽ, അല്ലാഹു നബി(സ)യെ സമാശ്വസിപ്പിക്കുന്നു. രണ്ടു ഭാര്യമാരും എതിരാളിക ളായി രംഗത്തിറങ്ങിയാൽതന്നെ ഒന്നും ഭയപ്പെടാനില്ല. താങ്കളെ അല്ലാഹു സഹായിക്കും ഇസ്ലാമിനെ അല്ലാ ഹു പൂർത്തിയാക്കും, താങ്കളുടെ ദൗത്യം പൂർണ്ണമായും നിറവേററാൻ സാധിക്കും. ...എന്നിങ്ങനെ നബി (സ) യെ ആശ്വസിപ്പിക്കുകയാണ് ''അല്ലാഹുവാണ് ന ബിയുടെ സഹായി.'' എന്നു തുടങ്ങുന്ന വചനം കൊ ണ്ടുദ്ദേശിക്കുന്നതു.

അല്ലാഹുവിൻെറ സന്ദേശം ജിബ്രീൽ (അ) മുഖേ നെയാണ് നബി(സ)ന്നു ലഭിക്കുന്നത്. സ്വന്തമായ അഭിപ്രായങ്ങളോ അറിവുകളോ, മററാരിൽനിന്നെങ്കി ലും കേട്ടുപഠിക്കുന്ന കാര്യങ്ങളോ അല്ല നബി (സ) പ്ര ബോധനം ചെയ്യുന്നത്. ജിബ്രീൽ മുഖേന ലഭി ക്കുന്ന ദൈവീക സന്ദേശങ്ങളാണ്. 'ജിബ്രീലും, നബി (സ)യുടെ സഹായിയാണ്'' എന്നു പറഞ്ഞതു ഇവിടെ ശ്രദ്ധേയമാണ്

ഹഫ്സ (റ)യും ആയിശ (റ)യും നബി (സ)ക്കെതിരിൽ പ്രവർത്തിച്ചാൽ തന്നെ, മക്കളുടെഭാഗത്തേക്ക് ചായുന്നവരല്ല അവരുടെ പിതാക്കളായ അബൂബക്കർ(റ)വും ഉമർ(റ)വും. മറിച്ചു അവർ നബി(സ)യുടെ ഭാഗത്ത് അടിയുറച്ചു നില്ക്കുന്നവരും എന്നും നബി(സ)യുടെ സഹായികളുമായിരിക്കും 'സത്യവിശ്വാസികളായ സ്വാലിഹുകളും നബി(സ)യുടെ സഹായികളാണ്'' എന്നതിന്റെ ഉദ്ദേശം നല്ലവരായ എല്ലാ സത്യവിശ്വാസികളും നബി (സ)യെ സഹായിക്കുന്നവരായിരിക്കുമെന്നർത്ഥം

തഫ്സീറു ഇബ്നു കസീർ 4-389ൽ പ്രസ്താവിക്കുന്നു.

(وصالح المؤمنين) ابوبكر وعمر وزاد الحسن البصري وعثمان وقال ليث بن ابى سليم عن مجاهد (وصالح المؤمنين) قال علي بن ابى طالب (٤ - ٣٨٩)

''സത്യവിശ്വാസികളായ സ്വാലിഹുകൾ കൊണ്ടുദ്ദേശിക്കപ്പെടുന്നതു അബൂബക്കർ(റ)വും ഉമർ(റ)വുമാകുന്നു. ഹസനുൽബസരി(റ)വിന്റെ റിപ്പോർട്ടിൽ ഉസ്മാൻ (റ)വും കൂടി ഉൾപ്പെടുന്നു. മുജാഹിദു (റ)വിന്റെ റിപ്പോർട്ടിൽ അലിയ്യുബ്നു അബീത്വാലിബ്(റ) വാണെന്നും വന്നിരിക്കുന്നു. ഇതിൽ അബൂബക്കർ (റ)വും ഉമർ (റ)വുമാണെന്ന പക്ഷത്തെയാണു ഇബ്നുകസീർ ബലപ്പെടുത്തുന്നത്. അലിയ്യു (റ)വാണെന്ന അഭിപ്രായം ബലഹീനമാണെന്നും പ്രസ്താവിക്കുന്നു.

'ഇബ്നുജരീറുത്തിബ്രി'യിൽ പ്രസ്താവിക്കു ന്നു

عن مجاهد فى قوله ( وصالح المؤمنين ) قال ابوبكر وعمر
وعن الضحاك خيار المؤمنين ابوبكر الصديق وعمر ( ٢٨-١٦٢ )

''മുജാഹിദു (റ)വിൽനിന്നും സഹാക്കിൽ നിന്നു മുള്ള റിപ്പോർട്ടുപ്രകാരം അതു അബൂബക്കർ (റ)വും ഉമർ (റ)വുമാകുന്നു സത്യവിശ്വാസികളിൽ പ്രമുഖരും അവരാകുന്നു.'' (28-162)

ഈ നിലക്കുള്ള വ്യാഖ്യാനമാണ് എല്ലാ തഫ്സീർ ഗ്രന്ഥങ്ങളിലും രേഖപ്പെട്ടുകാണുന്നത്. ഇമാം മുസ്ലിം(റ)വിന്റെ ഒരു റിപ്പോർട്ട് ഇതിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നബി (സ)യെ അബൂബക്കർ (റ)വും ഉമർ (റ)വും സഹായിച്ചത് ഏതുവിധത്തിലായിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ ഉസ്മാൻ (റ)വും അലി (റ)വും ഉൾപ്പെടുകയാണെങ്കിൽ, അവർ നൽകിയ സഹായവും ആർക്കും അജ്ഞാതമല്ല. കയ്യിലുള്ള സർവ്വ സമ്പത്തുക്കളും ഇസ്ലാമിനുവേണ്ടി ചിലവഴിച്ചു; ജീവൻ പണയപ്പെടുത്തി യുദ്ധരംഗങ്ങളിൽ അടരാടികൊണ്ട്; നാടും വീടും കുടുംബവുമുപേക്ഷിച്ചു ഹിജ്റ ചെയ്തുകൊണ്ടും ...... അങ്ങിനെയൊക്കെയുള്ള സഹായങ്ങൾ. ഇനി, സത്യവിശ്വാസികളായ എല്ലാ സ്വാലിഹുകളേയും ഉദ്ദേശിച്ചാണ് صالح المؤمنين എന്ന പ്രയോഗമെങ്കിൽ അവർ നബി(സ)യെ സഹായിച്ചിരുന്നതും മറ്റൊരു നിലക്കായിരുന്നില്ല. ശത്രുക്കളെ പരാജയപ്പെടുത്തുവാൻ മരിച്ചുപോയ സ്വാലിഹീങ്ങളെ വിളിച്ചു പ്രാർ

ത്ഥീക്കുകയോ, നബി(സ)യെ സഹായിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു അവരുടെ ശവകുടീരങ്ങൾ സന്ദർശിക്കുകയോ ചെയ്തുകൊണ്ടായിരുന്നില്ല അവരിൽ ആരും നബി(സ)യെ സഹായിച്ചിരുന്നത്. ആണെന്നു സൂചിപ്പിക്കുകയെങ്കിലും ചെയ്യുന്ന ഒരു സന്ദർഭവും സംഭവവും റിപ്പോർട്ടു ചെയ്യപ്പെട്ടു കാണുകയുമില്ല.

എന്നാൽ, മററു ചിലരുടെ അഭിപ്രായങ്ങൾ എടുത്തുദ്ധരിക്കുന്നു എന്ന നിലക്ക്, 'സത്യവിശ്വാസികളായ സ്വാലിഹീങ്ങൾ' പ്രവാചകന്മാരാണുദ്ദേശമെന്നു രണ്ടാമതൊരഭിപ്രായവും ത്വിബ്രി രേഖപ്പെടുത്തിയിട്ടുണ്ട്.

وقال آخرون عن قتادة هم الانبياء وعن سفيان قال الانبياء

''ഖത്താദ: (റ)വിൻേറയും സുഫ്യാൻ (റ)വിൻേറയും അഭിപ്രായമായി മററു ചിലർ പറയുന്നു അതു അമ്പിയാക്കളാണെന്നു.''

ഇബ്നു ജരിറുത്ത്വിബ്രീ (റ) മററു ചിലരുടേതെന്നു പറഞ്ഞുകൊണ്ടുദ്ധരിച്ച ഈ രണ്ടാമത്തെ അഭിപ്രായം—നബി (സ)യുടെ സഹായികൾ പ്രവാചന്മാരാണെന്ന അഭിപ്രായം—നബി (സ)യിൽ നിന്നു വന്നവല്ല റിപ്പോർട്ടിൻേറയോ, സ്വഹാബികളിൽ ആരിൽ നിന്നെങ്കിലുമുള്ള റിപ്പോർട്ടിൻേറയോ അടിസ്ഥാനത്തിലല്ല. താബിഉകളായ ഖത്താദ: (റ)വിൻേറയും സുഫ്യാൻ (റ) വിൻേറയും അഭിപ്രായങ്ങൾ എന്ന നിലക്ക് മാത്രമാണ്. ഇമാം മുസ്ലിമിൻേറയും മററും പ്രബലങ്ങളായ റിപ്പോർട്ടുകൾക്ക് മുമ്പിൽ ഇതു ദുർബ്ബലമാണ്. അബൂബക്കർ (റ), ഉമർ (റ) മുതലായ സ

ത്യ വിശ്വാസികളും സമ്പത്തും ശരീരങ്ങളുംകൊണ്ടു ന ബി (സ)യെ അവസാന നിമിഷംവരെ സഹായിച്ചതു പോലെ മരിച്ചുപോയ പ്രവാചകരിൽ നിന്നു നബി (സ)ക്കു ഒരു സഹായമുണ്ടാകാവതുമല്ല. ഖബ്റിടങ്ങ ളിൽ നിന്നു എഴുന്നേററു വന്നു പൂർവ്വപ്രവാചകന്മാർ നബി (സ)യെ സഹായിച്ച ഒരു സംഭവം റിപ്പോർട്ടു ചെയ്യപ്പെടുന്നുമില്ല. മിഅ്റാജ് ദിവസം അമ്പതു സമയത്തെ നമസ്ക്കാരം അഞ്ചായി ചുരുങ്ങിയതിൽ മൂസാ (അ)ൽ നിന്നുണ്ടായതാണ് പ്രവാചകന്മാരിൽ നിന്നു നബി (സ)ക്ക് കിട്ടിയ സഹായമായി ആകെ എടുത്തു പറയാനുള്ളത്. അതു ഏതടിസ്ഥാനത്തി ലുള്ള സഹായമായിരുന്നുവെന്ന് മുമ്പ് നാം സവി സ്തരം പ്രസ്താവിച്ചിട്ടുണ്ട്. ഏതായാലും, ആപൽ ഘട്ടങ്ങളിലും വിഷമാവസ്ഥകളിലും പൂർവ്വപ്രവാച കൻമാരെ, നബി (സ) സഹായത്തിന്നു വിളിക്കുക യും അവർ സഹായിക്കുകയും ചെയ്ത ഒരു സംഭവ വും ഒരു റിപ്പോർട്ടിലും കാണപ്പെടുകയില്ല. ആ നില ക്ക്, സത്യവിശ്വാസികളായ സ്വാലിഹീങ്ങളെക്കൊണ്ടു ള്ള ഉദ്ദേശം അബൂബക്കർ, ഉമർ (റ) തുടങ്ങിയ സ്വ ഹാബികളായിരിക്കാനെ സാധ്യതയുള്ളു. സമസ്ത കേരള ജം ഇയ്യത്തുൽ ഉലമാ അംഗീകരിക്കുന്ന മി. കെ. അബ്ദുല്ലാ മുസല്യാരുടെ തഫ്സീറിൽ കൂടി ആ നി ലക്കാണ് പ്രസ്തുത ഖുർആൻ വാക്യം വ്യാഖ്യാനിച്ചി ട്ടുള്ളതും.

പ്രസ്തുത ഖുർആൻ വചനത്തിൽ "മലക്കുകളും നബി (സ) യുടെ സഹായികളാണെന്നു പ്രത്യേകം എടുത്തുപറഞ്ഞിരിക്കയാണല്ലോ? മലക്കുകളുടെ സ ഹായം രണ്ടു തരത്തിലാകുന്നു. ഒന്ന്: മലക്കുകളെ ഏ

ല്ലാ സന്ദർഭങ്ങളിലും സത്യവിശ്വാസികളെ മുഴുവൻ, അവരറിയാതെതന്നെ സഹായിച്ചു കൊണ്ടിരിക്കുന്നുണ്ട്; ഇത് മലക്കുകൾ സത്യവിശ്വാസികളോടു പറയുന്നതായി അവരുടെ വാചകത്തിൽ തന്നെ ഖുർആനിൽ (സൂറത്ത് ഫുസ്സ്വിലത്ത്) പ്രസ്താവിക്കപ്പെടുന്നുണ്ട്.

نحن اولياء كم فى الحيوة الدّنيا وفى الاخرة

''ഞങ്ങൾ ദുൻയവിയായ ജീവിതത്തിലും പരലോക ജീവിതത്തിലും നിങ്ങളുടെ സഹായികളാകുന്നു.'' ഈ സഹായം ഓരോ സത്യ വിശ്വാസിക്കും എന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ സഹായം അടിയന്തിര ഘട്ടങ്ങളിലുള്ള പ്രത്യേക സഹായങ്ങളാണ്. ബദർ മുതലായ യുദ്ധ വേളകളിൽ നബി (സ) യ്ക്കും സത്യവിശ്വാസികൾക്കും സഹായകമായി മലക്കുകൾ ഇറങ്ങിയ സംഭവം പരിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചതാണ്. എന്നാൽ, മലക്കുകൾ സഹായിക്കുമെന്നു പറഞ്ഞതിന്മേൽ പിടിച്ചു തൂങ്ങി മലക്കുകളെ ആരും വിളിച്ചു പ്രാർത്ഥിക്കുകയോ, അവരുടെ പ്രീതിയും അടുപ്പവും സിദ്ധിക്കുവാൻവേണ്ടി നേർച്ചകളും വഴിപാടുകളും നല്കുകയോ ചെയ്യുന്നില്ല. അങ്ങനെ ചെയ്യുന്നത് വിരോധിക്കപ്പെട്ട കാര്യവുമാണ്. നബി(സ) സ്വന്തം നിലക്ക് മലക്കുകളുടെ സഹായം തേടുകയോ, തേടാൻ അനുയായികളെ ഉപദേശിക്കുകയോ ചെയ്തില്ല. എന്തുകൊണ്ടെന്നാൽ, അല്ലാഹുവല്ലാത്ത, സൃഷ്ടികളിൽ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നതും അവർക്കു നേർച്ച വഴിപാടുകൾ നടത്തുന്നതും ഇസ്ലാമിൽ കഠിനമായി വിരോധിക്കപ്പെട്ട ശിർക്കാകുന്നു. ഇബ്രാഹീം നബി (അ) ന്റെ ജനത

യിലും മററു ചില ബഹുദൈവാരാധകരായ സമുദായ ങ്ങളിലും മലക്കുകളെ വിളിച്ചു സഹായത്തിന്നു പ്രാർത്ഥിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇതെല്ലാം ഇസ്ലാം ശിർക്കായി പ്രഖ്യാപിക്കുകയുണ്ടായി. മലക്കുകളുടെ സഹായം ലഭിക്കാനും, അവരോടല്ല അല്ലാഹുവോടു മാത്രമാണ് പ്രാർത്ഥിക്കേണ്ടത്. നബി (സ) ചെയ്തിരുന്നതും അങ്ങനെയായിരുന്നു.

ഇത്രയും പ്രതിപാദിച്ചതിൽ നിന്നു സൂറത്തു ത്തഹ്രീമിലെ മേലുദ്ധരിച്ച വചനമോ, അതിന്നു പണ്ഡിതന്മാർ നല്കിയ വ്യാഖ്യാനങ്ങളോ ഇസ്തിഗാസക്ക് ഒരു നിലക്കും തെളിവാകുന്നില്ലെന്നു വായനക്കാർക്ക് മനസ്സിലാക്കാൻ കഴിയും;

قل انّما ادعو ربّي ولا اشرك به احدا ( الجن )

പറയുക; തീർച്ചയായും എന്റെ രക്ഷിതാവായ അല്ലാഹുവിനെ മാത്രമാണു ഞാൻ വിളിച്ചു പ്രാർത്ഥിക്കുന്നത്. മററാരേയും (പ്രാർത്ഥനയിൽ) ഞാൻ അവനു പങ്കു ചേർക്കുകയില്ല.'' ഇതാണ് സത്യവിശ്വാസികളുടെ മുദ്രാവാക്യമായി ഖുർആൻ ഉദ്ധരിക്കുന്നത്.

## അവിശ്വാസികളുടെ നിരാശ

'ഇസ്തിഗാസ'ക്ക് തെളിവും ന്യായീകരണവുമായി ചൂണ്ടിക്കാണിക്കപ്പെടുന്ന മറെറാരു ഖുർആൻ വചനം, 'സൂറത്തുൽ മുംതഹിനയിലെ അവസാന വചനത്തിന്റെ അവസാന ഭാഗമാണ്.

كما يئس الكفار من اصحاب القبور

''മരിച്ചു പോയവർ സഹായിക്കുമെന്നതിനെ സംബന്ധിച്ചു അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ'' എന്നു അതിന്നു അർത്ഥം നൽകുന്നു. ''അപ്പോൾ, മരിച്ചവർ ജീവിച്ചിരിക്കുന്നവരുടെ വിളി കേൾക്കുകയില്ലെന്നും, ജീവിച്ചിരിക്കുന്നവരെ അവർ സഹായിക്കുകയില്ലെന്നുമുള്ള വിശ്വാസം അവിശ്വാസികളുടേതാണ് എന്നു ഖുർആൻ പ്രസ്താവിച്ചതായി വരുന്നു. തുടർന്നു മരിച്ചുപോയ അമ്പിയാ- ഔലിയാക്കളെ വിളിച്ചു പ്രാർത്ഥിക്കുകയും സഹായം തേടുകയും ചെയ്യുന്ന ഇസ്തിഗാസയെ നിഷേധിക്കുന്നവർ അവിശ്വാസികളാണ്, ഇസ്ലാമിൽനിന്നു പുറത്തു പോയവരാണ്......''എന്നിങ്ങനെയെല്ലാം അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു!

ഏതായാലും ഈ ഖുർആൻ വചനം മുഴുവനുമുദ്ധരിച്ചു അതിന്റെ ശരിയായ അർത്ഥവും വിവക്ഷയും എന്താണെന്ന് നമുക്ക് പരിശോധിക്കാം.

يا ايها الذين آمنوا لا يتولوا قوما غضب الله عليهم قد يئسوا من الآخرة كما يئس الكفار من اصحاب القبور (ممتحنة)

''സത്യവിശ്വാസികളെ, അല്ലാഹുവിന്റെ കോപത്തിന്നു വിധേയരായ ജനവിഭാഗത്തെ നിങ്ങൾ കൈകാര്യ കർത്താക്കളാക്കരുത്. കുഴിമാടങ്ങളിൽ സ്ഥിതി ചെയ്യുന്ന അവിശ്വാസികൾ നിരാശപ്പെട്ടപോലെതന്നെ പരലോകത്തെക്കുറിച്ച് തീർച്ചയായും ഇവരും നിരാശപ്പെട്ടിരിക്കുന്നു.'' (മുംത്തഹിന:)

സത്യം നിഷേധിക്കുക വഴി അല്ലാഹുവിന്റെ കോപത്തിന്ന് വിധേയരായവർ, അവർ ആരുതന്നെയായാ

ലും അവരെ നേതാക്കളോ കൈകാര്യ കർത്താക്കളോ ആക്കരുതെന്ന് സത്യവിശ്വാസികളെ ഉപദേശിക്കുകയാണ് ഈ വചനത്തിലൂടെ. എന്തുകൊണ്ടെന്നാൽ അവർ പരലോകത്തെക്കുറിച്ച് നിരാശ പൂണ്ടവരാണ് ഒരു നൻമയും ചെയ്യാത്തതിൻെറ പേരിൽ പരലോകത്ത്‌വെച്ച് ഒരു പ്രതിഫലവും അല്ലാഹുവിങ്കൽ നിന്ന് തങ്ങൾക്ക് കിട്ടുമെന്ന് അവർ പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല, അല്ലാഹുവിൻെറ കോപമല്ലാതെ മറ്റൊന്നും അവർക്കവിടെ ലഭിക്കുകയുമില്ല. ഈ നിലകളിലെല്ലാം പരലോകത്തെക്കുറിച്ച് അങ്ങേയററം നിരാശയിൽ കഴിയുന്ന അവർക്ക് ഈ ലോകത്ത് പ്രവർത്തിച്ചു കൂടാത്തതും ചെയ്തുകൂടാത്തതുമായി ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല. നീതിയും സത്യവും മര്യാദയും ഒന്നും തന്നെ അങ്ങനെയുള്ളവരിൽ നിന്ന് അനുയായികൾക്ക് പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. നീതിയും വിശ്വസ്തതയും സത്യസന്തതയും ഇല്ലാത്തവരെ നേതാക്കളാക്കി വെക്കുന്ന അനുയായികളുടെ അനുഭവം എന്തായിരിക്കും? അതുകൊണ്ട്, പരലോകത്തെക്കുറിച്ച് വിശ്വാസമില്ലാത്ത അവിശ്വാസികളെ നേതാക്കളും കൈകാര്യകർത്താക്കളുമാക്കുന്നതിൻെറ ഭവിഷ്യത്ത് എന്താണെന്നും അതൊരിക്കലും ചെയ്യുകൂടാത്തതാണെന്നും ഈ ഖുർആൻ വചനം സത്യവിശ്വാസികൾക്ക് മുന്നറിയിപ്പു നൽകുകയും അവരെ അതിൽ നിന്ന് നിരോധിച്ച് നിർത്തുകയും ചെയ്യുന്നു. അനന്തരം, ഇവിടെ പരലോകത്തെസ്സംബന്ധിച്ചു നിരാശപ്പെട്ട അവിശ്വാസികളുടെ ഒരു ഉപമയാണ് — كما يئس الكفار من اصحاب القبور (കുഴിമാടങ്ങളിൽ മരിച്ചു കിടക്കുന്ന അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ) എന്നതു കൊണ്ടുദ്ദേശിക്കുന്നത്. അവിശ്വാസികളായി മരണപ്പെട്ട ത

ങ്ങൾക്ക് ഇനി ഒരു കാലത്തും ഒരു രക്ഷയും മോക്ഷ വും പ്രതീക്ഷിക്കാനില്ലെന്ന് അവർ നേരിട്ട് തന്നെ കണ്ടും അനുഭവിച്ചും അറിഞ്ഞിരിക്കയാകുന്നു. നാനാ തരം ശിക്ഷകളിൽ അവർ കഴിച്ചു കൂട്ടുകയാണ്. ഇ വരെപോലെ തന്നെ അവിശ്വാസികളായി ജീവിച്ചിരി ക്കുന്നവരും, മരണശേഷം തങ്ങൾക്ക് വല്ല നന്മയും ല ഭിക്കുവാൻ ഇടയുണ്ടെന്ന് കരുതുന്നില്ല. കാരണം അവ രും പരലോകത്തെസ്സംബന്ധിച്ച് വിശ്വസിക്കാത്തവ രാണ്. തന്നിമിത്തം, അല്ലാഹുവിന്റെ കോപത്തിന്ന് പാത്രീഭൂതരുമാണ്. ഇങ്ങനെയുള്ളവരെ സത്യവിശ്വാ സികൾ നേതാക്കളാക്കുന്നതിനെ നിരോധിക്കുകയാണ് ഈ വചനത്തിൽ. എത്രയും അർത്ഥവത്തായ ഉപദേശമാ ണിത്.

ഈ ആയത്തിൽ അല്ലാഹുവിന്റെ കോപത്തിന്ന് വി ധേയരായി ജീവിച്ചിരിക്കുന്ന അവിശ്വാസികളെ, മരണ പ്പെട്ട അവിശ്വാസികളോട് ഉദാഹരിച്ചിരിക്കയാണ്. ര ണ്ടു വിഭാഗവും (മരിച്ചവരും ജീവിച്ചിരിക്കുന്നവരും) തങ്ങൾക്ക് പരലോകത്ത് ഒരു നന്മക്കും രക്ഷക്കും മാർ ഗ്ഗമില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നവരാണ്. മരിച്ചു പോയവർ ശിക്ഷ നേരിട്ട് അനുഭവിക്കുന്നത്കൊണ്ടാ ണ് ജീവിച്ചിരിക്കുന്ന അവിശ്വാസികളേയും അവരോട് തുല്യപ്പെടുത്തിയിരിക്കുന്നത്. ഇതാണ് പ്രസ്തുത ഖുർആൻ വചനത്തിന്റെ വിവക്ഷ. الكفار من اصحاب القبور എന്നതിന്ന് 'കുഴിമാടത്തിലെ അവിശ്വാസികൾ' എന്നാ ണ് നാം പരിഭാഷ കൊടുത്തിട്ടുള്ളത്. മരിച്ച അവി ശ്വാസികൾ എന്നാണ് അത്കൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെയാവുമ്പോൾ من اصحاب القبور (കുഴിമാടങ്ങളിലു ള്ളവർ) എന്നത് الكفار (അവിശ്വാസികൾ) എന്നതിന്റെ

വിശദീകരണമായിവരും. അതായത് അവിശ്വാസികൾ എന്നതുകൊണ്ടുള്ള വിവക്ഷ മരിച്ചവരാണെന്നു സാരം. മറെറാരു നിലക്കും ഈ ആയത്തിന്ന് വ്യാഖാനം നല്കപ്പെടാറുണ്ട്. ''ജീവിച്ചിരിക്കുന്ന അവിശ്വാസികൾ തങ്ങളിൽനിന്നും മരണപ്പെട്ടുപോയ അവിശ്വാസികളെ പരലോകത്തുവെച്ചു കണ്ടുമുട്ടുന്നതിനെക്കുറിച്ച് നിരാശപ്പെട്ടപോലെ'' എന്നാണ് ആ വ്യാഖ്യാനം. അപ്പോൾ, كما يأس الكفار من اصحاب القبور എന്ന വചനത്തിന്റെ സാരം, ''പരലോകത്തിലോ പുനരുത്ഥാനത്തിലോ വിശ്വസിക്കാത്തവരാണ്. الكفار (അവിശ്വാസികൾ) എന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നത്. ഈ രണ്ടു നിലക്കുള്ള വ്യാഖ്യാനപ്രകാരവും, ജീവിച്ചിരിക്കുന്നവർ മരിച്ചവരെ സഹായത്തിന്ന് വിളിക്കുകയോ, മരിച്ചവർ ജീവിച്ചിരിക്കുന്നവരെ സഹായിക്കുകയോചെയ്യുന്ന യാതൊരു പ്രശ്നവുമുൽഭവിക്കുന്നില്ല. മരിച്ചവർ ജീവിച്ചിരിക്കുന്നവരെ സഹായിക്കാൻ കഴിയാത്തതിലല്ല അവരുടെ നിരാശ. മറിച്ചു; പരലോകത്തിൽ വിശ്വാസമില്ലാത്തതുകൊണ്ട് മരിച്ചുപോയവരെ അവിടെവെച്ചു കണ്ടുമുട്ടുമെന്നതിലാണ് നിരാശ. എന്തുകൊണ്ടെന്നാൽ, മരണത്തോടെ എല്ലാം നശിച്ചു, ഇനി മറെറാരു ജീവിതവുമില്ലെന്നാണല്ലോ മക്കയിലെ അവിശ്വാസികൾ കരുതിയിരുന്നത്. ഈ വ്യാഖ്യാനപ്രകാരം من اصحاب القبور (കുഴിമാടത്തിലുള്ളവർ) എന്നത് الكفار (അവിശ്വാസികൾ) എന്നതിന്റെ വിവരണമല്ല. يئس (നിരാശപ്പെട്ടു) എന്ന ക്രിയയിമായി ബന്ധപ്പെട്ടതായി വരുന്നു.

ഈ നിലക്കുള്ള വ്യാഖ്യാനങ്ങളാണ് പ്രസിദ്ധങ്ങളായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലെല്ലാം മേലുദ്ധരിച്ച ഖുർആൻ വചനത്തിന്റെ വിശദീകരണമായി നൽ

കിയിട്ടുള്ളതു. ഇതിൽ ആദ്യത്തെവ്യാഖ്യാനമാണ് ഇബ്നു ജരീറുത്ത്വിബ്‌രീ അംഗീകരിക്കുന്നത്. അതുതന്നെയാണ് കൂടുതൽ അനുയോജ്യമായി തോന്നുന്നതും. തഫ്സീറു ഇബ്നു കസീറിലെ വാചകങ്ങൾ ശ്രദ്ധിക്കുക.

( كما يئس الكفار من اصحاب القبور ) فيه قولان احدهما كما يئس الكفار الاحياء من قرابتهم الذين فى القبور ان يجتمعوا بهم بعد ذلك لانهم لا يعتقدون بعثا ولا نشورا فقد انقطع رجاءهم منهم فيما يعتقدون . . والقول الثانى : معناه كما يئس الكفار الذين هم فى القبور من كل خير وهو اختيار ابن جرير رضى الله عنه ( ابن كثير ٤ - ٢٥٦

" كما يئس الكفار من اصحاب القبور " എന്ന വചനത്തിന്റെ വ്യാഖ്യാനത്തിൽ രണ്ടു അഭിപ്രായങ്ങളുണ്ട്. ഒന്നു: ജീവിച്ചിരിക്കുന്ന അവിശ്വാസികൾ, മരിച്ചുപിരിഞ്ഞ തങ്ങളുടെ ബന്ധുക്കളുമായി പരലോകത്തുവെച്ചു ഒരുമിച്ചുകൂടുന്നതിനെക്കുറിച്ചു നിരാശപ്പെട്ടപോലെ. എന്തുകൊണ്ടെന്നാൽ, മരണാനന്തര ജീവിതത്തിലും പുനരുത്ഥാനത്തിലുമൊന്നും അവർ വിശ്വസിക്കുന്നില്ലല്ലോ? അപ്പോൾ അവരുടെ വിശ്വാസമനുസരിച്ചു തങ്ങൾക്കിട്ടയിൽനിന്നു മരിച്ചുപിരിഞ്ഞ ബന്ധുക്കളെയും സ്വന്തക്കാരേയും ഇനി എന്നെങ്കിലും കണ്ടുമുട്ടുവാൻ കഴിയുമെന്ന യാതൊരാശയും അവർക്കുണ്ടാകുകയില്ല — ഇതാണ് ഒരു വ്യാഖ്യാനം. രണ്ട്: കുഴിമാടങ്ങളിൽ കിടക്കുന്ന (മരിച്ച) അവിശ്വാസികൾ എല്ലാ നൻമകളെക്കു

റിച്ചും നിരാശപ്പെട്ടതുപോലെ — ഇതാണ് രണ്ടാമത്തെ വ്യാഖ്യാനം. ഇബ്നു ജരീറുത്ത്വിബ്രി ബലപ്പെടുത്തുന്നത് ഈ രണ്ടാമത്തെ വ്യാഖ്യാനമാണ്.''

(ഇബ്നു കസീർ. 4 - 356)

മേലുദ്ധരിച്ച ഖുർആൻ വചനത്തിന്റെ വിവക്ഷയെക്കുറിച്ചു പ്രസിദ്ധരായ രണ്ടു വ്യാഖ്യാതാക്കൾ നല്കിയ വിവരണമാണ് നാം ഇവിടെ കാണുന്നത്. എന്നാൽ, മരിച്ചവരും ജീവിച്ചിരിക്കുന്നവരും കേൾവിയിലും കാഴ്ചയിലുമൊക്കെ തുല്യരാണെന്ന ഒരു സൂചനപോലും ഇതു സംബന്ധിച്ചുള്ള ഒരു തഫ്സീർ ഗ്രന്ഥത്തിലും ഉദ്ധരിക്കുന്നില്ല. ''മരിച്ചവർ സഹായിക്കുന്നതിനെക്കുറിച്ചു അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ'' എന്നു പ്രസ്തുത വചനത്തിന്നു നല്കുന്ന അർത്ഥവും ആ നിലക്ക് നൽകുന്ന വ്യാഖ്യാനവും നഗ്നമായ ദുർവ്യാഖ്യാനവും അല്ലാഹുവിന്റെ മേലുള്ള ആരോപണവുമാണ്.

## സത്യവിശ്വാസികളുടെ സഹായം

'സൂറത്തുൽ മാഇദ :യിലെ നാല്പത്തിയെട്ടാം വചനവും ഇസ്തിഗാസക്കനുകൂലമായി ദുർവ്യാഖ്യാനം ചെയ്യപ്പെടാറുണ്ട്.

انما وليكم الله ورسوله والذين آمنوا ...... الآية

''തീർച്ചയായും നിങ്ങളുടെ സഹായി അല്ലാഹുവാകുന്നു; അല്ലാഹുവിന്റെ റസൂലും, സത്യവിശ്വാസികളായ അല്ലാഹുവിന്റെ ഔലിയാക്കളും .....'' എന്നി

ങ്ങനെ പരിഭാഷപ്പെടുത്തി, അല്ലാഹുവിന്റെ ഔലിയാക്കൾ സത്യവിശ്വാസികളെ സഹായിക്കും, മരിച്ചവരും ജീവിച്ചിരിക്കുന്നവരും അതിൽ സമമാണ്. അതുകൊണ്ടു അല്ലാഹുവിന്റെ ഔലിയാക്കളെ മരണശേഷവും വിളിച്ചു സഹായം തേടാം, പ്രാർത്ഥിക്കാം. എന്തു കൊണ്ടെന്നാൽ അവർ സഹായിക്കുമെന്നു അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു. മാത്രമല്ല അല്ലാഹുവിന്റെ സഹായം ലഭിക്കാൻ തന്നെയും അതൊരു കാരണമാണ്.'' എന്നിങ്ങനെ പ്രസ്തുത ആയത്തിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. അതുകൊണ്ടു, പ്രസ്തുത വചനത്തിന്റെ അർത്ഥവും വിവക്ഷയും എന്താണെന്നു പരിശോധിക്കാം.

انّما وليكم الله ورسوله والذين آمنوا الذين يقيمون الصلوة
ويؤتون الزّكاة وهم راكعون ه ( المائدة - ٥٥ )

''തീർച്ചയായും നിങ്ങളുടെ സഹായി അല്ലാഹു മാത്രമാകുന്നു. അവന്റെ റസൂലുമാകുന്നു; മുറപ്രകാരം നമസ്ക്കാരം നിർവ്വഹിക്കുന്നവരും സക്കാത്ത് കൊടുത്തു വീട്ടുന്നവരുമായ സത്യവിശ്വാസികളുമാകുന്നു. അവരാകട്ടെ, ഭയഭക്തിയോടെ കുമ്പിടുന്നവരുമാകുന്നു.''

ബാഹ്യമായ സ്വഭാവങ്ങളും പെരുമാററങ്ങളും കണ്ട് പലരെക്കുറിച്ചും സത്യവിശ്വാസികളുടെ സഹായികളാണെന്നു തെററിദ്ധരിക്കാൻ ഇടയുണ്ട്. അതിനാൽ, ഇസ്ലാമിക സമൂഹത്തെ സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടി സഹായിക്കുന്നവർ ആരെല്ലാമാണെന്നു അല്ലാഹു സത്യവിശ്വാസികൾക്ക് വിവ

രിച്ചു കൊടുക്കുകയാണ് ഈ വചനത്തിൽ. സത്യവിശ്വാസികളുടെ ഒന്നാമത്തെ സഹായി അല്ലാഹുതന്നെ രണ്ട്, അവൻെറ പ്രവാചകനും; മൂന്ന്, ആയത്തിൽ വിവരിച്ച സ്വഭാവങ്ങളുള്ള സത്യവിശ്വാസികളും. ഇവരെയാണ് സത്യവിശ്വാസികൾ സഹായികളായി അവലംബിക്കേണ്ടത്. സത്യവിശ്വാസിയാണെന്നു അവകാശവാദം ഉന്നയിക്കുന്നവരെയെല്ലാം സഹായിയായി ഗണിച്ചു കൂടാ. അതുപോലെ. സത്യവിശ്വാസികളിൽ പെടാത്ത യഹൂദർ, നസാറാക്കൾ പോലെയുള്ള മററു സമുദായത്തിലുള്ളവരേയും സഹായികളായി കണക്കാക്കാവതല്ല. അതിനാൽ, ഈ മൂന്നു വിഭാഗത്തിൻെറ സ്നേഹവും സഹായവും മാത്രം കാംക്ഷിച്ചു മുന്നേറുകയല്ലാതെ നിങ്ങളോടു സ്നേഹവും നിങ്ങളുടെ വളർച്ചയിൽ ആത്മാർത്ഥതയുമില്ലാത്തവർ നിങ്ങളെ നശിപ്പിക്കുവാനും തളർത്തുവാനും, അങ്ങനെ, തങ്ങളുടെ സ്വന്തം വളർച്ചയെ ലക്ഷ്യമാക്കി ഉള്ളിൽ കാപട്യം ഒളിച്ചുവെച്ച് നിങ്ങളുടെ നേരെ സഹായഹസ്തം നീട്ടുന്നവർ എക്കാലത്തും ഉണ്ടായിരിക്കും. അവരെ നിങ്ങൾ കരുതിയിരിക്കുകയും അവരെ ആത്മാർത്ഥതയുള്ള സഹായികളായി സ്വീകരിക്കാതിരിക്കുകയും വേണം. ഈ നിർദ്ദേശത്തിലൂടെ മാത്രമാണ് മുസ്ലിം സമൂഹത്തിൻെറ ഐക്യവും കെട്ടുറപ്പും ശക്തിയും പുരോഗതിയും നിലനിർത്തുവാനും, സർവ്വോപരി വിജയം നേടിയെടുക്കുവാനും കഴിയുക, അങ്ങനെയുള്ളവരാണ് അല്ലാഹുവിൻെറ പാർട്ടി. അവരാണ് വിജയിക്കുന്നവർ. ഈ വസ്തുത തൊട്ടടുത്ത ആയത്തിൽ അല്ലാഹു വ്യക്തമാക്കുന്നു.

ومن يتول الله ورسوله والذين آمنوا فان حزب الله ــــم

الغالبون ـ ( المائده ٥٦ )

''ആർ അല്ലാഹുവിനെയും അവൻെറ റസൂലിനെയും സത്യവിശ്വാസികളെയും സഹായിയും ബന്ധുവുമായി സ്വീകരിച്ചുവോ (അവരത്രെ അല്ലാഹുവിൻെറ പാർട്ടി) നിശ്ചയമായും അല്ലാഹുവിൻെറ പാർട്ടി തന്നെയാണ് വിജയം വരിക്കുന്നവർ.''

ഈ ഉപദേശം മുസ്‌ലിം സമൂഹത്തിലെ ഐക്യദാർഢ്യത്തിന്ന് എത്രമാത്രം സഹായകമാണെന്ന് ബുദ്ധിയുള്ളവർ ചിന്തിക്കുക. ഇത്രയും മഹത്തായ നിർദ്ദേശമുൾക്കൊള്ളുന്ന വചനത്തെ മരിച്ചുപോയ അമ്പിയാ ഔലിയാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്ന ഇസ്തിഗാസയ്ക്ക് തെളിവായി ദുർവ്യാഖ്യാനം ചെയ്യുകയാണ്. ഈ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ജീവിക്കുന്ന മുസ്‌ലിം സമൂഹം ദുർബ്ബലമായ, കെട്ടുറപ്പില്ലാത്ത ചിന്നിച്ചിതറിയ ഒരവസ്ഥയിൽ എത്തിച്ചേരും. അവർക്ക് പിശാചിൻെറ പാർട്ടി ( حزب الشيطان ) എന്നാണ് ഖുർആൻ നൽകുന്ന സംജ്ഞ. അവർ പരാജയപ്പെടുകയും ചെയ്യും. എന്നും തുടർന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നു.

സത്യവിശ്വാസികളുടെ ഒന്നാമത്തെ സഹായി അല്ലാഹുതന്നെയാണല്ലോ? അപ്പോൾ അവിശ്വാസികളുടെ സഹായിയും ബന്ധുവും ആരായിരിക്കും? ഈ രണ്ടു വിഭാഗങ്ങൾക്കും ലഭിക്കുന്ന സഹായവും സഹായത്തിൻെറ സ്വഭാവവും എങ്ങിനെയെല്ലാമാണെന്ന് ഗ്രഹിക്കാൻ ഉതകുന്ന ഒരു വചനം കാണുക.

الله ولي الذين آمنوا يخرجهم من الظلمات الى النور والذين

كفروا اولياءهم الطاغوت يخرجونهم من النّور الى الظلمات
أولئك اصحاب النّار هم فيها خالدون ( البقرة ٢٥٧ )

''വിശ്വാസികളുടെ സഹായിയാകുന്നു അല്ലാഹു. അവൻ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ അവരുടെ ഉററ സഹായികൾ 'താഗൂത്തു' (പിശാചുക്കൾ) മാണ്. അവർ അവരെ പ്രകാശത്തിൽ നിന്ന് അന്ധകാരങ്ങളിലേക്കും ആനയിക്കുന്നു. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളുമാണ്.''

സന്മാർഗ്ഗദർശനം, ( هداية ) പ്രകാശത്തിലേക്ക് നയിക്കൽ തുടങ്ങിയവയാണ് അല്ലാഹുവിൻെറ സഹായമെങ്കിൽ വഴിപിഴപ്പിക്കലും അന്ധകാരങ്ങളിലേക്ക് നയിക്കലുമാണ് പിശാചുക്കൾ അവരുടെ അനുയായികൾക്ക് ചെയ്തുകൊടുക്കുന്ന സഹായം.

താഴെ കൊടുക്കുന്ന ഖുർആൻ വചനം ഈ വസ്തുത ഒന്നുകൂടി വ്യക്തമാക്കുന്നു.

اتبعوا ما انزل اليكم من ربكم ولا تتبعوا من دونه اولياء
قليلا ما تذكرون ٥ ( الاعراف )

''നിങ്ങളുടെ രക്ഷിതാവിൽനിന്ന് അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിന്തുടരുക. അവന്ന് പുറമെ മററു സഹായികളെ പിൻപററാതിരിക്കുകയും ചെയ്യുക. വളരെക്കുറച്ചു മാത്രമാണ് നിങ്ങൾ ചിന്തിക്കുന്നത്,''

സന്മാർഗ്ഗം നൽകി നിങ്ങളെ അവൻ സഹായിച്ചപോലെ ആപൽഘട്ടങ്ങളിൽ അദൃശ്യമാർഗ്ഗങ്ങളിലൂടെ രക്ഷ നൽകി സഹായിക്കുന്നതും അല്ലാഹുതന്നെയാകുന്നു.

ولقد نصركم الله ببدر وانتم اذلة — ( ال عمران ١٢٢ )

''നിങ്ങൾ നിസ്സാരന്മാരായിരുന്നപ്പോൾ ബദ്റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്.''

ولقد نصركم الله فى مواطن كثيرة ويوم حنين — الاية
( توبة ٢٥ )

''ഒരുപാട് സ്ഥലങ്ങളിൽവെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനൈൻ യുദ്ധ ദിവസത്തിലും.''

ഈ നിലക്കുള്ള അദൃശ്യമാർഗ്ഗത്തിലൂടെയുള്ള സഹായങ്ങൾക്ക് അല്ലാഹുവിനോട് മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂ. ഇത് സൂറത്തുൽ ഫാതിഹയിൽകൂടി പല പ്രാവശ്യം സത്യവിശ്വാസികൾ ആവർത്തിച്ചു പറയുന്ന കാര്യവുമാണ്. اياك نعبد واياك نستعين ''നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.''

അപ്പോൾ ഈ നിലക്കുള്ള സഹായാവശ്യം ഉൾപ്പെടുന്ന ഇസ്തിഗാസ അല്ലാഹുവിനോട് മാത്രമായിരിക്കുക എന്നത് ഏകദൈവവിശ്വാസത്തിന്റെ പ്രധാന ഘടകവും താൽപര്യവും ആകുന്നു. മറിച്ച് അദൃശ്യമായ മാർഗ്ഗത്തിലൂടെയുള്ള സഹായത്തിന്ന് അല്ലാഹു

വല്ലാത്തവരോട് ആവശ്യപ്പെടുന്നത് ബഹുദൈവാരാധനയിൽ (ശിർക്കിൽ)പെട്ടതുമായിത്തീരുന്നു.

അതേയവസരം, അവിശ്വാസികളുടെ സഹായികൾ പിശാചുക്കളായിരിക്കും, അവരെ അവർ ദുർമ്മാർഗ്ഗത്തിലേക്കു നയിക്കുകയും അല്ലാഹുവല്ലാത്തവരുടെ സഹായത്തിന്നായി പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ ആരുടെയും സഹായം ലഭിക്കാത്ത അവർ പരാജയപ്പെടുന്നു.

സത്യവിശ്വാസികളുടെ രണ്ടാമത്തെ സഹായിയായി ഈ വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളത് അല്ലാഹുവിൻെറ റസൂലായ മുഹമ്മദ് നബി(സ) ആണല്ലോ? നബിയുടെ സഹായം വളരെ വ്യക്തമാണ്. അല്ലാഹുവിൽനിന്ന് 'വഹ്‌യ്' മുഖേനെ ലഭിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മനുഷ്യസമൂഹത്തിന്ന് എത്തിച്ചുകൊടുക്കുക, സത്യവിശ്വാസികൾക്ക് നേതൃത്വം നൽകുക, സത്യമാർഗ്ഗത്തിലൂടെ അവരെ നയിക്കുക, തുടങ്ങിയ കാര്യങ്ങളാണ് റസൂലിൽനിന്നു ലഭിക്കുന്ന സഹായം. അതുകൊണ്ട് മുഹമ്മദ് നബി(സ)യെ അനുസരിക്കൽ സത്യവിശ്വാസികൾക്ക് കടമയായിത്തീരുന്നു. അല്ലാതെ സന്മാർഗ്ഗത്തിൽ മനുഷ്യരെ ചേർക്കുക, പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം നൽകുക മുതലായവ നബി(സ)യിൽ നിന്നുള്ള സഹായത്തിൽ പെടുന്നില്ല. ''നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിൽ ചേർക്കുകയില്ല. പക്ഷെ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുന്നു.''

(انك لا تهدي من احببت ولكن الله يهدي من يشاء......)

എന്നാണല്ലോ അല്ലാഹു പറയുന്നത്. അപ്പോൾ, നബി (സ) സത്യവിശ്വാസികളുടെ സഹായിയാകുന്നതു ഏതു നിലക്കാണെന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. അതായതു സത്യവിശ്വാസികൾ തിരുമേനിയുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിച്ചു സന്മാർഗ്ഗം പ്രാപിക്കുകയും ഇഹലോക ജീവിതത്തിലും പരലോക ജീവിതത്തിലും വിജയം വരിക്കുകയും ചെയ്യുന്നു. അവിശ്വാസികൾക്ക് തിരുമേനിയുടെ ഈ സഹായം ലഭിക്കുന്നില്ല. അവർ പിശാചുക്കളുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിച്ചു ഇഹലോകത്തും പരലോകത്തും പരാജയപ്പെടുന്നു.

ഇനി മൂന്നാമത്തെ സഹായി സത്യവിശ്വാസികളാണ്. വിശ്വാസത്തോടൊപ്പം നമസ്കാരം സക്കാത്ത് തുടങ്ങിയ നിർബ്ബന്ധ കർമ്മങ്ങളെല്ലാം മുറപ്രകാരം നിർവ്വഹിക്കുന്ന യഥാർത്ഥ വിശ്വാസികൾ. ഇവർ മരിച്ച് മൺമറഞ്ഞ അമ്പിയാക്കളും ഔലിയാക്കളുമല്ല. എന്തുകൊണ്ടെന്നാൽ കൃത്യമായും മുറപ്രകാരവും നമസ്കരിക്കുകയും സക്കാത്ത് കൊടുത്ത് വീട്ടുകയും ചെയ്തുകൊണ്ടും അല്ലാഹുവിന്നു കീഴ്പെട്ടുകൊണ്ടും കഴിയുക എന്നത് ജീവിച്ചിരിക്കുന്ന സത്യവിശ്വാസികളുടെ സ്വഭാവമായിട്ടാണ് ഈ വചനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. മരണാനന്തരജീവിതത്തിൽ കഴിയുന്നവർക്ക് ഈ സ്വഭാവമുണ്ടാകാവതുമല്ല. ഇബാദത്തെടുക്കാനുള്ളസ്ഥലം ഇഹലോകമാണ് പരലോകം പ്രതിഫലം അനുഭവിക്കാനുള്ള സ്ഥലവുമാണ്. അവിടെ നമസ്കാരം നിലനിർത്തുവാനും സക്കാത്ത് കൊടുക്കുവാനും വാങ്ങാനും പററുകയില്ല. അപ്പോൾ, സത്യവിശ്വാസികളുടെ സഹായികൾ ജീവിച്ചിരിക്കുന്ന സത്യ

വിശ്വാസികൾ തന്നെയാണെന്നും ആയിരിക്കണമെന്നും വരുന്നു. ആനിലക്ക് അവർ നബി (സ)യുടെ കാലത്തും അതിന്ശേഷവും സഹായങ്ങൾ അർപ്പിച്ചിട്ടുണ്ട്. നബി (സ)യുടെ കൂടെ യുദ്ധം ചെയ്തിട്ടുണ്ട്. നാടും വീടും ഉപേക്ഷിച്ചു നബി (സ)യോടൊപ്പം ഹിജ്റചെയ്തിട്ടുണ്ട്. സമ്പത്തും മററെല്ലാ കഴിവുകളും ചിലവഴിച്ചിട്ടുണ്ട്. ഈ നിലക്കെല്ലാം സത്യവിശ്വാസികൾ ഇസ്ലാമിന്നും സത്യവിശ്വാസികളുടെ സമൂഹത്തിന്നും ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സഹായങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. സത്യവിശ്വാസികൾ പരസ്പരം ചെയ്തുകൊണ്ടിരിക്കുന്ന ഈ സഹായത്തെ പററി അല്ലാഹു എടുത്തുപറയുകയും ചെയ്യുന്നു.

والمؤمنون والمؤمنات بعضهم اولياء بعض يأمرون بالمعروف
وينهون عن المنكر ويقيمون الصلوة ويؤتون الزكاة ويطيعون الله
ورسوله أولئك سيرحمهم الله ان الله عزيز حكيم ه (التوبة - ٧١)

''സത്യവിശ്വാസികളും വിശ്വാസിനികളും അവരിൽ ചിലർ ചിലരുടെ സഹായികളാകുന്നു. അവർ നല്ലകാര്യങ്ങൾ കല്പിക്കുകയും ചീത്തകാര്യങ്ങൾ വിരോധിക്കുകയും ചെയ്യുന്നു. നമസ്ക്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുത്തുവീട്ടുകയും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും ചെയ്യുന്നു. അവർക്ക് വഴിയെ അല്ലാഹു കാരുണ്യം ചെയ്യുന്നതാകുന്നു. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും കരുണ ചെയ്യുന്നവനുമാണ്.''

വിശ്വാസികൾ പരസ്പരം സഹായികളാണെന്ന് പറഞ്ഞശേഷം, നല്ലകാര്യങ്ങൾ ചെയ്യാൻ പരസ്പരം ഉപദേശിക്കുകയും ചീത്തകാര്യങ്ങൾ ചെയ്യുന്നതിൽ നിന്നു തടയുകയും ചെയ്യുമെന്ന് പറഞ്ഞു. ഇത് അവർ ചെയ്യുന്ന സഹായത്തിൻെറ രൂപമെന്താണെന്നും വ്യക്തമായി സൂചിപ്പിക്കുകയാണ് അതായതു, അവർചെയ്യുന്ന ഏററവും വലിയ സഹായം അതാണെന്നർത്ഥം. ''പുണ്യ കാര്യങ്ങളിലും ഭയഭക്തിയുടെ കാര്യങ്ങളിലും നിങ്ങൾ അന്യോന്യം സഹായിക്കുക, പാപത്തിലും അധിക്രമത്തിലും നിങ്ങൾ സഹായിക്കാതിരിക്കുകയും ചെയ്യുക.''

(وتعاونوا على البرّ والتقوى ولا تعاونوا على الاثم والعدوان)

എന്നു വ്യക്തമായിതന്നെ എടുത്തുപറയുകയും ചെയ്തിരിക്കുന്നു,

ഇനി ഈ വിഷയത്തിൽ പൂർവ്വ കാല പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ കൂടി കാണുക :

( انّما وليكم الله ورسوله والذين آمنوا ) اى ليس اليهود باوليائكم بل ولايتكم راجعة الى الله ورسوله والمؤمنين وقوله ( الذين يقيمون الصلوة ويؤتون الزّكاة ) اى المؤمنون المتصفون بهذه الصفات من اقام الصلوة التى هى اكبر اركان الاسلام وهى له وحده وايتاء الزّكاة التى حق المخلوقين ومساعدة المحتاجين من الضعفاء والمساكين - ( ابن كثير ٢ — ٧٠ )

''നിങ്ങളുടെ സഹായി അല്ലാഹുവും അവൻെറ റസൂലും സത്യവിശ്വാസികളുമാണെന്നതിൻെറ വിവക്ഷ, ജൂതന്മാർ നിങ്ങളുടെ യഥാർത്ഥ സഹായികളല്ല, നിങ്ങളെ സഹായിക്കുന്നത് അല്ലാഹുവും റസൂലും വിശ്വാസികളുമാണെന്നാണ്. സഹായികളായ ഈ സത്യവിശ്വാസികൾ അല്ലാഹുവിന്നു മാത്രം അവകാശപ്പെട്ടതും ഇസ്ലാമിൻെറ ഏറ്റവും വലിയ സ്തംഭവുമായ നമസ്ക്കാരം നിർവ്വഹിക്കുന്നവരും സൃഷ്ടികൾക്ക് അവകാശപ്പെട്ടതും ദരിദ്രന്മാർക്കും ബലഹീനർക്കും സഹായകവുമായ സക്കാത്ത് കൊടുത്തു വീട്ടുന്നവരുമാകുന്നു.'' (ഇബ്നുകസീർ)

ليس لكم ايها المؤمنون ناصر الاالله ورسوله والمؤمنون الذين صفتهم ما ذكر تعالى ذكره فاما اليهود والنصارى الذين امركم ان تبرؤا من ولايتهم ونهاكم ان تتخذوا منهم اولياء فليسوا لكم اولياء ولا نصراء — ( ابن جرير الطبرى )

''സത്യവിശ്വാസികളെ, അല്ലാഹുവും അവൻെറ റസൂലും അല്ലാഹു വിവരിച്ച സ്വഭാവത്തോടു കൂടിയ വിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ സഹായികൾ. യഹൂദരോ നസാറാക്കളോ നിങ്ങളുടെ സഹായികളോ ഗുണകാംക്ഷികളോ അല്ല. അവരുടെ സഹായം അവലംബിക്കുന്നതിൽനിന്നു നിങ്ങളെ അല്ലാഹു തടയുകയും അവരെ സഹായികളാക്കരുതെന്നു വിരോധിക്കുകയുംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ നിങ്ങളുടെ യഥാർത്ഥ സഹായികളോ സംരക്ഷകരോ അല്ല.'' (ഇബ്നുജരീറുത്തിബ്രി)

ജീവിച്ചിരിക്കുന്ന സത്യവിശ്വാസികളാണ്, മുഉ്മിനുകളുടെ സഹായികളെന്നും ജൂതരും കൃസ്ത്യാനികളുമല്ലെന്നുമാണ് ഈ ഖുർആൻ വചനത്തിൻെറ വിവക്ഷയെന്ന കാര്യത്തിൽ പൂർവ്വകാല ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഒരഭിപ്രായ വ്യത്യാസവുമില്ല. എന്നാൽ, ഒരു വിഭാഗം പണ്ഡിതന്മാർ, മരിച്ചവരോടു സഹായത്തിന്നു പ്രാർത്ഥിക്കുന്ന ഇസ്തിഗാസയെ ന്യായീകരിക്കുവാൻ ഈ വചനം ദുർവ്യാഖ്യാനം ചെയ്യുകയാണ്. സത്യവിശ്വാസികൾ - മരിച്ചവരും ജീവിച്ചിരിക്കുന്നവരുമെല്ലാം സഹായികളാണെന്നാണ് അവരുടെ വാദം. ഈ വാദത്തിന്നു പൂർവ്വപണ്ഡിതന്മാരിൽ ആരുടേയും അംഗീകരണമില്ല.

'ശിയാക്കൾ' ഖിലാഫത്തധികാരം അലി (റ) വിന്നും സന്താനപരമ്പരകൾക്കും മാത്രം അവകാശപ്പെട്ടതാണെന്നും സ്ഥാപിക്കുവാൻ ഈ ഖുർആൻ വചനം ദുർവ്യാഖ്യാനം ചെയ്യാറുണ്ട്.

സത്യവിശ്വാസികളുടെ 'വലിയ്യ്' അല്ലാഹുവും റസൂലും അലിയും മാത്രമാണെന്നാണ് അവർ വാദിക്കുന്നത്. വലിയ്യിന്നു 'സംരക്ഷകൻ' എന്ന അർത്ഥമാണ് അവർ നല്കുന്നത്. അനന്തരം وهم راكعون എന്നതിലെ 'വാവ്' 'ഹാലി'ൻെറതാക്കി يؤتون الزكاة യുമായി ബന്ധിപ്പിക്കുന്നു. അപ്പോൾ ''റുക്കൂഉ്'' ചെയ്തുകൊണ്ടിരിക്കെ സക്കാത്ത് നല്കുന്നവർ' എന്നു അർത്ഥം വരുന്നു. തുടർന്നു, ഈ വിശേഷണം അലി(റ)വിൽ മാത്രമേ ഉണ്ടായിട്ടുള്ളു എന്നു വരുത്താൻ ഒരു കഥയും കെട്ടിയുണ്ടാക്കുന്നു. അലി(റ) നമസ്കാരത്തിൽ റുക്കൂഇലായിരിക്കെ ഒരാൾ വന്നു അദ്ദേഹത്തോടു

മിക്ഷ യാചിച്ചു. അപ്പോൾ, റുക്കൂഇലായിരിക്കെ തന്നെ അലി(റ) അദ്ദേഹത്തിന്നു തൻെറ മോതിരം അഴിച്ചു ദാനം ചെയ്യുകയും ചെയ്തുവത്രേ. ഇങ്ങനെ യൊക്കെകൂടി അല്ലാഹുവിന്നും റസൂലിന്നും ശേഷം സത്യവിശ്വാസികളുടെ സംരക്ഷകൻ അലി(റ)വും കുടുംബവും മാത്രമാണെന്നു ഈ ആയത്ത് ദുർവ്യാഖ്യാനം ചെയ്തു ശിയാക്കൾ സ്ഥാപിക്കുന്നു. മോതിരം കൊടുത്തതു സക്കാത്തിൻെറ കണക്കിൽ തന്നെയോ, അതോ ദാനമായോ?— രണ്ടാണെങ്കിലും നമസ്കാരം നിർവ്വഹിച്ച ശേഷം കൊടുത്താൽ മതിയായിരുന്നില്ലേ? റുക്കൂഇൽതന്നെ കിട്ടണമെന്നു യാചകൻ വാശി പിടിച്ചിരുന്നോ? തുടങ്ങിയ കുറെ ചോദ്യങ്ങൾ ഇവിടെ ഉൽഭവിക്കാം. പക്ഷെ, വലിയവർ പറയുന്നതെന്തും വെട്ടിവിഴുങ്ങുന്ന അന്ധവിശ്വാസികൾക്ക് ബുദ്ധിപരമായ ചോദ്യങ്ങളും യുക്തിപൂർവ്വമായ അന്വേഷണങ്ങളും അരുതാത്ത കാര്യങ്ങളാണല്ലോ?

## ഈസാ നബിയുടെ സഹായാഭ്യർത്ഥന

يا ايها الذين آمنوا كونوا أنصار الله كما قال عيسى بن مريم للحواريين من انصارى الى الله قال الحواريون نحن انصار الله ......... الآية ( الصف )

"സത്യ വിശ്വാസികളെ, നിങ്ങൾ അല്ലാഹുവിൻെറ സഹായികൾ ആകുവിൻ; അല്ലാഹുവിലേക്ക് (പ്രബോധനം ചെയ്യുന്നതിൽ) എന്നെ സഹായിക്കുവാൻ ആരുണ്ടു എന്നു മറിയമിൻെറ മകൻ ഈസാ ചോദിച്ചത് പോലെ, (അപ്പോൾ) ഞങ്ങൾ അല്ലാഹുവിൻെറ

സഹായികളാണെന്ന് 'ഹവാരിയ്യു' കറം പറഞ്ഞു......
...'' (സ്വഫ്ഫ്)

ഈ ഖുർആൻ വചനത്തിലെ '' അല്ലാഹുവിലേക്ക് എന്നെ സഹായിക്കുവാൻ ആരുണ്ട്''' (من انصاری الی الله) എന്ന ഈസാ(അ) ൻെറ അഭ്യർത്ഥനയിൽ ഇസ്തിഗാസക്ക് തെളിവും ന്യായീകരണവുമുണ്ടെന്നു ചിലർ വാദിക്കുന്നു. ഇതു ഈസാ(അ) അല്ലാഹുവല്ലാത്തവരോടു നടത്തിയ സഹായാഭ്യർത്ഥനയാണെന്നും, അതുകൊണ്ടു അല്ലാഹുവല്ലാത്തവരോട് സഹായാഭ്യർത്ഥന (ഇസ്തിഗാസ) നടത്താമെന്നുമാണു കണ്ടുപിടുത്തം. ദീനീ പ്രവർത്തനങ്ങളിൽ, തന്നെ സഹായിക്കുവാനായി ഈസാ(അ), മരിച്ചുപോയ ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, മൂസാ(അ) മുതലായ പ്രവാചകൻമാരുടെ സഹായം ആവശ്യപ്പെട്ടിരുന്നുവത്രേ.

ഈസാ(അ) സഹായമഭ്യർത്ഥിച്ചത് മരിച്ചുപോയ പ്രവാചകൻമാരോടല്ല' ഹവാരിയ്യു' കളോടായിരുന്നുവെന്നു ആ വചനത്തിൽ തന്നെ വ്യക്തമായികാണാം. ഏതു സന്ദർഭത്തിലാണ് ഈ നിലക്ക് ഹവാരിയ്യുകളോടു ഈസാ (അ) സഹായം തേടിയിരുന്നതെന്നും സഹായഭ്യർത്ഥനയുടെ രൂപവും സ്വഭാവവും ഏതു നിലക്കായിരുന്നുവെന്നും 'സൂറത്തു ആലി ഇംറാനി'ലും അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

فلما احس عيسى منهم الكفر قال من انصارى الى الله قال
الحواريون نحن انصار الله آمنا به واشهد باننا مسلمون ۞

''ഈസാ(അ)ന്നു അവരിൽ(ഇസ്രാഈൽ സന്തതിക

ളിൽ)നിന്നു സത്യനിഷേധം അനുഭവപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിലേക്ക് (അവന്റെ മാർഗ്ഗത്തിൽ സത്യപ്രബോധനം ചെയ്യുന്ന കാര്യത്തിൽ) എന്നെ സഹായിക്കുവാൻ ആരാണുള്ളത്? (അപ്പോൾ) 'ഹവാരിയ്യു'കൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു, ഞങ്ങൾ അവനിൽ വിശ്വസിക്കുന്നു. ഞങ്ങൾ മുസ്ലിംകളാണെന്നു നീ സാക്ഷ്യം വഹിക്കുക,''

മേലുദ്ധരിച്ച രണ്ടു ഖുർആൻ വചനങ്ങളുടേയും അർത്ഥവും ആശയവും നേർക്കുനേരെ മനസ്സിലാക്കുന്ന ആർക്കും ബോധ്യപ്പെടും, ഈസാ നബി (അ) സഹായമഭ്യർത്ഥിച്ചത് ആരോടാണെന്നും ഏതു സന്ദർഭത്തിലാണെന്നും. അതു മരിച്ചുപോയ പ്രവാചകൻമാരോടുള്ള പ്രാർത്ഥനയായിരുന്നില്ല; ജീവിക്കുന്ന ഇസ്രാഈൽ സന്തതികളോടുള്ള അഭ്യർത്ഥന മാത്രമായിരുന്നു.

എന്തുകൊണ്ടെന്നാൽ,

1. ഈസാ(അ) സഹായാഭ്യർത്ഥന നടത്തിയത്, അദ്ദേഹം മത പ്രബോധനത്തിന് നിയോഗിക്കപ്പെട്ട, അദ്ദേഹത്തിനു ചുററും ജീവിക്കുന്ന ഇസ്രായീൽ സന്തതികളോടായിരുന്നു.

2. ഇസ്രായീൽ സന്തതികളിലെ ഒരു വിഭാഗമാണ്— ഹവാരിയ്യുകൾ—അതിന്നു മറുപടി പറയുന്നത്. അതായത് അല്ലാഹുവിലേക്ക് താങ്കൾ നടത്തുന്ന സത്യപ്രബോധനത്തിൽ ഞങ്ങൾ താങ്കളുടെ സഹായികളായിരുണ്ടെന്നു.

3. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്ലിം

കളാകുന്നു; അതിന്നു താങ്കൾ സാക്ഷിയാകുന്നു എന്ന അവരുടെ മറുപടി, അവർ (ഹവാരിയ്യുകൾ) മരിച്ചു പോയ അമ്പിയാക്കളോ ഔലിയാക്കളോ അല്ലെന്നും ഈസാ(അ)ൻെറ മുമ്പിൽ ജീവിച്ചിരുന്ന, അദ്ദേഹത്തിൻെറ പ്രബോധനം കേട്ടുകൊണ്ടിരുന്ന ജനതയായിരുന്നെന്നും സംശയത്തിനിടമില്ലാത്ത വിധം വ്യക്തമാക്കുന്നുണ്ട്.

ഈസാ(അ) മാത്രമല്ല; എല്ലാ പ്രവാചകൻമാരും ഈ നിലക്കുള്ള സഹായാഭ്യർത്ഥന അവരവരുടെ ജനതയോടു നടത്തിയിരുന്നു. അന്ത്യപ്രവാചകനായ മുഹമ്മദുനബി (സ)യും അക്കൂട്ടത്തിലുണ്ട്. ഈസാ(അ)ൻെറ സഹായികൾ 'ഹവാരിയ്യു'കളായിരുന്നെങ്കിൽ, മുഹമ്മദു(സ)ൻേറതു 'അൻസ്വാറു'കളായിരുന്നു. ഈ വചനം വിശദീകരിച്ചുകൊണ്ടു ഇബ്നു കസീർ(റ) പറയുന്നു:

والظاهر انه اراد من انصاری فی الدعوة الی الله كما كان النبی ﷺ يقول فی موسم الحج قبل ان يهاجر من رجل يؤوينی حتی ابلغ كلام ربی فان قريشا قد منعونی ان ابلغ كلام ربی حتی وجد الانصار فآووه ونصروه وهاجر اليهم فواسره ومنعوه من الاسود والاحمر رضی الله عنهم وارضاهم - ابن كثير ١ - ٣٦٥

''ഇതിൽ നിന്നു പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ കഴിയുന്നതിതാണ്: 'ആരാണ് എന്നെ സഹായിക്കുന്നവർ' എന്ന ഈസാ (അ)ൻെറ ചോദ്യം, അല്ലാഹുവിൻെറ സന്ദേശം പ്രബോധനം ചെയ്യുന്ന കാര്യത്തിൽ ആരാണ് എന്നെ സഹായിക്കുന്നവർ എന്നാണ്. ഏതു

പോലെയെന്നാൽ, ഹജ്ജ് കാലങ്ങളിൽ, ഹിജ്റ പോകുന്നതിന്നുമുമ്പ് മുഹമ്മദു നബി (സ)യും ചോദിച്ചിരുന്നു. അല്ലാഹുവിന്റെ വചനങ്ങൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കുന്ന കാര്യത്തിൽ എനിക്കഭയം നല്കുന്നവർ ആരെങ്കിലുമുണ്ടോഎന്ന്. എന്തുകൊണ്ടെന്നാൽ ഖുറൈശികൾ അതിൽ നിന്നു എന്നെ തടഞ്ഞുകളയുന്നു. അങ്ങനെ, നബി(സ)ക്ക് അൻസാറുകളെ ലഭിച്ചു. അവർ തിരുമേനിക്ക് അഭയവും സഹായവും നൽകി. ശേഷം, അവിടുന്നു മദീനയിലേക്ക് ഹിജ്റ പോകുകയും ചെയ്തു. അവിടെ അൻസാരികൾ എല്ലാ ശത്രുക്കളിൽ നിന്നും—കറുത്തവരിൽ നിന്നും ചുകന്നവരിൽനിന്നും തിരുമേനിയെ സംരക്ഷിക്കുകയും, അങ്ങനെ അവരെ അല്ലാഹു തൃപ്തിപ്പെടുകയും അവർക്ക് തൃപ്തിയുണ്ടാക്കുകയും ചെയ്തു.'' (ഇബ്നുകസീർ.)

ഹജ്ജ് കാലങ്ങളിൽ, ഹജ്ജിന്നു വരുന്നവരോടു ഇസ്ലാം ദീനിനെ ജനങ്ങൾക്കെത്തിച്ചു കൊടുക്കുന്ന കാര്യത്തിൽ നബി (സ) സഹായമഭ്യർത്ഥിക്കുകയും മദീനാ വാസികൾ സഹായം വാഗ്ദത്തം ചെയ്യുകയും ചെയ്തതുപോലെയുള്ള ഒരു സഹായാഭ്യർത്ഥനയാണ് ഈസാ (അ)മും നടത്തിയതെന്നാണ് ഇബ്നു കസീർ (റ) തന്റെ വ്യാഖ്യാനത്തിൽ സമർത്ഥിച്ചിരിക്കുന്നത്. അപ്പോൾ ഈ രണ്ടു സഹായാഭ്യർത്ഥനകളും മരിച്ചു പോയവരോടായിരുന്നില്ലെന്നത് സുവിതമാണല്ലോ? എങ്കിൽ, മരിച്ചവരോട് സഹായമർത്ഥിക്കുന്ന ഇസ്തിഗാസക്ക് ഈസാ നബി (അ) ന്റെ ഹവാരിയ്യുകളോടുള്ള ഈ സഹായാഭ്യർത്ഥന ഒരു തെളിവോ ന്യായീകരണമോ ആകുന്നില്ല. ആണെന്നുള്ളവാദം ദുർവ്യാനമാണ് പൂർവ്വകാല ഖുർആൻ വ്യാഖ്യാതാക്കളൊരും അഭിപ്രായപ്പെട്ടിട്ടില്ലാത്ത ദുർവ്യാഖ്യാനം.

# മുഴുവൻ കഴിവും അല്ലാഹുവിന്നു

''കഴിവുകൾ മുഴുവൻ അല്ലാഹുവിന്നു മാത്രമാകുന്നു.''

( انّ القوة لله جميعا - البقرة ١٦٥ )

മുസ്ലിംകൾ മുഴുവൻ സശിരകമ്പം സമ്മതിക്കുന്ന ഒരു തത്വവും സത്യവുമാണ് ഈ വാക്യം. തീർച്ചയായും എല്ലാ കഴിവുകളും അല്ലാഹുലിന്നു മാത്രമാകുന്നു; പക്ഷെ, ഇത് മരിച്ചവർക്കു സഹായിക്കാൻ കഴിയുമെന്നും, അവരോടു സഹായം തേടാമെന്നുമുള്ള ഇസ്തിഗാസക്ക് തെളിവോ ന്യായീകരണമോ ആകുന്നില്ല. ആകുമെന്നു വാദിക്കുന്നവർ യഥാർത്ഥത്തിൽ ഈ തത്വത്തെ ദുർവ്യാഖ്യാനം ചെയ്യുകയാണ് എങ്ങനെയെന്നാൽ,

''കഴിവുകൾ മുഴുവൻ അല്ലാഹുവിന്റേതാണ്. സൃഷ്ടികൾക്ക് യാതൊരു കഴിവുമില്ല. പിന്നെ, സൃഷ്ടികളിൽ നിന്നും വെളിപ്പെട്ടുകാണുന്ന കഴിവുകൾ യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നുണ്ടാകുന്നതാണ്. നോക്കുക; ബാങ്ക് വിളിക്കിടയിൽ حي على الصلوة (നമസ്ക്കാരത്തിന്നുവേണ്ടി വരിക) എന്നു കേൾക്കുമ്പോൾ, കേൾക്കുന്നവൻ لا حول ولا قوة الا بالله (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല) എന്നു പ്രത്യുത്തരം ചെയ്യൽ സുന്നത്താണല്ലോ? 'നമസ്ക്കാരത്തിന്നു പള്ളിയിൽ പോകാനുള്ള കഴിവുപോലും സ്വന്തമായി ആർക്കും ഇല്ല' എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

''ഇങ്ങനെ, എല്ലാ കഴിവുകളും അല്ലാഹുവിന്നു മാത്രമാണെന്നും സൃഷ്ടികളിലാർക്കും ഒരു കഴിവുമില്ലെന്നും വിശ്വസിക്കുന്നവർ, അല്ലാഹുവല്ലാത്തവരോട് സഹായം തേടുന്നതിന്റെ അർത്ഥം അവർക്ക് അല്ലാഹു നല്കുന്ന കഴിവുകൊണ്ടു സഹായിക്കണമെന്നാണ്. അല്ലാതെ ജീവിക്കുന്നവരോ മരിച്ചവരോ അവരുടെ സ്വന്തവും സ്വതന്ത്രവുമായ കഴിവുകൊണ്ടു സഹായിക്കണമെന്നല്ല. അങ്ങനെ സഹായിക്കാൻ അവർക്ക്—മരിച്ചവർക്കും ജീവിക്കുന്നവർക്കും—കഴിയുകയില്ല. അപ്പോൾ, രോഗ ശാന്തിക്കായി ഡോക്ടരുടെ സഹായം തേടുന്നതും മരിച്ചുപോയ മഹാന്മാരെ വിളിച്ചു സഹായം തേടുന്നതും തത്വത്തിൽ ഒരുപോലെയായിത്തീരുന്നു. വാഹനമോടിക്കാൻ ഡ്രൈവറുടെ സഹായം തേടുന്നതും വാഹനാപകടത്തിൽ നിന്നു രക്ഷിക്കാൻ ഔലിയാക്കളുടെ സഹായം തേടുന്നതും തുല്യമാണ്. കേസ്സിൽ വിജയിക്കാൻ വക്കീലിന്റെ സഹായം തേടുന്നതും സമമാണ്. അല്ലാഹുവല്ലാത്തവർക്കു കൊടുക്കുന്ന കഴിവിൽനിന്നാണ് സഹായം തേടുന്നത്. ഈ കഴിവു മരിച്ചവർക്കും ജീവിക്കുന്നവർക്കും ഒരുപോലെ അല്ലാഹുവാണ് നൽകുന്നത്...'' ഇങ്ങനെ വ്യാഖ്യാനിച്ചു, മരിച്ചവരോടു സഹായമഭ്യർത്ഥിക്കുന്ന ഇസ്തിഗാസയെ ജീവിക്കുന്നവരോടുള്ളസഹായ മഭ്യർത്ഥനയുമായി തുലപ്പെടുത്തി ന്യായീകരിക്കാൻ ശ്രമിക്കുന്നു.

ഈ വിശദീകരണം കേൾക്കുന്ന മുസ്ലിം ബഹുജനങ്ങൾ മനസ്സിലാക്കുന്നു. കഴിവുകൾ മുഴുവൻ അല്ലാഹുവിന്നാണെന്നു വിശ്വസിച്ചുകൊണ്ടു ആരെ വിളിച്ചു പ്രാർത്ഥിക്കുന്നതും, ആരോടു സഹായമഭ്യർത്ഥിക്കുന്നതും തൗഹീദിന്നു വിരുദ്ധമല്ല. വിരുദ്ധ

മാണെങ്കിൽ, എല്ലാ സഹായാഭ്യർത്ഥനകളും വിരുദ്ധമായിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ സ്വന്തമായി യാതൊരു കഴിവും ആർക്കുമില്ലല്ലോ?

ഈ നിലക്ക് ചിന്തിക്കുമ്പോൾ ഇതിനോടനുബന്ധിച്ചു മററു പല ആശയങ്ങളും ഉടലെടുക്കുന്നു. രോഗശമനത്തിന്നു ഡോക്ടറുടെ സഹായമാവശ്യപ്പെടുമ്പോഴും വാഹനമോടിക്കാൻ ഡ്രൈവറുടെ സഹായം സ്വീകരിക്കുമ്പോഴും, കേസ്സിൽ വിജയിക്കാൻ വക്കീലിന്റെ സഹായം തേടുമ്പോഴുമൊന്നും അവരുടെ ജാതിയോ മതമോ ആരും പരിഗണിക്കാറില്ല. അയ്യപ്പൻ ഡോക്ടറോടും കൃഷ്ണൻ ഡ്രൈവറോടും സുബ്രമണ്യൻ വക്കീലിനോടും സഹായം തേടുകയും അപ്പപ്പോൾ അല്ലാഹു അവർക്കു കൊടുക്കുന്ന കഴിവുകൊണ്ട് അവർ സഹായിക്കുകയുമാണല്ലോ ചെയ്യുന്നത്? എങ്കിൽ എന്തുകൊണ്ട്, മരിച്ചവർക്കും അപ്പപ്പോൾ അല്ലാഹു കൊടുക്കുന്ന കഴിവിൽനിന്നു സഹായം ചോദിക്കുമ്പോൾ, അവരുടെ ജാതിയും മതവുമൊക്കെ പരിഗണിക്കണം? മുഹ്‌യിദ്ദീൻ ശൈഖിനേയും ബദ്‌രീങ്ങളേയും നാഗൂർ ആണ്ടവരേയും സഹായത്തിന്നു വിളിക്കുന്നതുപോലെ തന്നെ ശബരിമല അയ്യപ്പനേയും ഗുരുവായൂരപ്പനേയും കൊടുങ്ങല്ലൂർ ഭഗവതിയേയും എന്തുകൊണ്ട് സഹായത്തിന്നു വിളിച്ചുകൂടാ? നേർച്ചകളും വഴിപാടുകളും അവർക്കുവേണ്ടിയും എന്തുകൊണ്ട് നടത്തിക്കൂടാ? (തീർച്ചയായും ഒരുവിഭാഗം മുസ്‌ലിംകൾ മരിച്ചവരോടു സഹായം ചോദിക്കുന്നതിലും ജാതിയും മതവും പരിഗണിക്കാത്ത ഒരവസ്ഥ ഇന്നു സംജാതമായിട്ടുണ്ട്. പ്രസവിക്കാത്ത സ്ത്രീകൾ പ്രസവിക്കുന്നതിനും മാറാരോഗികൾ സുഖപ്പെടുന്നതിനും, ജോലി

ലഭിക്കുന്നതിന്നും കാഴ്ചശക്തിയും സംസാരശേഷി സിദ്ധിക്കുന്നതിനും മററും മമ്പുറത്തും മുനമ്പത്തും ഭീമാ പള്ളിയിലുമൊക്കെ നേർച്ച നേരുകയും സിയാറത്തു നടത്തുകയും ചെയ്യുന്നതുപോലെതന്നെ ശബരി മലയിൽ പോയി ശരണം വിളിക്കുകയും ഗുരുവായൂരിൽ തുലാഭാരം നടത്തുകയുമൊക്കെ ചെയ്യാന്നവർ കൊല്ലംതോറും വർദ്ധിച്ചു വരികയാണ്. മരിച്ചവർക്കും ജീവിച്ചവർക്കും കഴിവു കൊടുക്കുന്നത് അല്ലാഹുവാകുന്നു. ആ കഴിവു കൊടുക്കുന്നതിൽ ജീവിച്ചിരിക്കുന്നവർക്കിടയിൽ ജാതി മതഭേദമൊന്നും അല്ലാഹു പരിഗണിക്കുന്നില്ല. അതുപോലെ മരിച്ചവർക്കിടയിലും ജാതിയും മതവും പരിഗണിക്കപ്പെടേണ്ടതില്ലല്ലോ?)

മറെറാരു തെളിവു കൂടി ഇതിനുണ്ട്;- ബദറിൽ കൊല്ലപ്പെട്ട മക്കാ മുശ്രിക്കുകളിലെ നേതാക്കൻമാർ, ഖലീബ് എന്ന പൊട്ടക്കിണററിൽ കുഴിച്ചു മൂടപ്പെട്ടു മൂന്നു ദിവസം കഴിഞ്ഞ ശേഷം നബി(സ) അവരോടു വിളിച്ചു പറഞ്ഞകാര്യങ്ങൾ ജീവിച്ചിരിക്കുന്ന സ്വഹാബത്തിനേക്കാൾ നന്നായും വ്യക്തമായും കേട്ടിട്ടുണ്ടെങ്കിൽ, മരണപ്പെട്ടവർ ഇസ്ലാമിൻെറയും മുസ്ലുംകളുടേയും കഠിന ശത്രുക്കളായാൽ പോലും ജീവിച്ചിരിക്കുന്നവരുടെ വിളിയുംഅപേക്ഷയും കേൾക്കുമെന്നതിന്നുതെളിവല്ലേ? അപ്പോൾ, ഇസ്ലാമിനോടും മുസ്ലികളോടും ശത്രുതവമുണ്ടെന്നുതെളിയിക്കപ്പെടാത്ത അയ്യപ്പനും ഗുരുവായൂരപ്പനും ഭഗവതിക്കും അല്ലാഹുവിൽനിന്നു കഴിവു ലഭിക്കാനുള്ള സാധ്യത കൂടുതലാണ്.

പ്രശ്നം ഇവിടെയും അവസാനിക്കുന്നില്ല. കല്ല് കമ്പ് കാഞ്ഞിരം മുതൽ മുള്ളു മുരടു മൂർഖൻ പാമ്പ്

വരെയുള്ള സർവ്വമാനവസ്തുക്കൾക്കും ഈ കഴിവു ണ്ടാകാം. എന്തുകൊണ്ടെന്നാൽ 'സ്വന്തമായി ഒരു കഴി വും ഒരു സൃഷ്ടിക്കുമില്ല എന്ന തത്വപ്രകാരം മനുഷ്യ രും കല്ലും മരവും കഴിവില്ലായ്മയിൽ സമമായിത്തീ രുന്നു. ആർക്കുമില്ല ഒരു കഴിവും. പിന്നെ, അല്ലാഹു ഇച്ഛരിക്കുന്നവർക്ക് അപ്പപ്പോൾ അവൻ കഴിവു നൽ കുകയാണ്. അത് ആർക്കും ഏതിനും എപ്പോഴും നൽ കാവുന്നതുമാണ്!

ഏകദൈവ വിശ്വാസികളുടെ നേതാവും അല്ലാഹു വിൻെറ മിത്രവുമായ ഇബ്രാഹിം (അ) നെ ചുട്ടുകരി ക്കാൻ ശത്രുക്കൾ കൂട്ടിയ തീകുണ്ഡത്തിലേക്ക് പല രും വിറക് നേർച്ചയാക്കിയിരുന്നുവത്രെ – അവരുടെ പലമുറാദുകളും ഫാസിലാകാൻ, തദ്ഫലമായി പല ഗർഭിണികൾക്കും സുഖപ്രസവവും ഇഷ്ടകാര്യ സി ദ്ധിയും മററും ഉണ്ടായതായി ചില ഖുർആൻ വ്യാ ഖ്യാന ഗ്രന്ഥങ്ങളിൽ കാണാം ഇതുകൂടി ചേർത്തി വാ യിക്കുമ്പോൾ മേൽപറഞ്ഞ ചിത്രം പൂർണ്ണമായിത്തീ രുന്നു.

''കഴിവു മുഴുവൻ അല്ലാഹുവിന്നു മാത്രമാണ്' എന്ന തത്വത്തിൻെറ ശരിയായ അർത്ഥവും വിവക്ഷ യും എന്താണെന്ന് നമുക്ക് വിശകലനം ചെയ്യാം.

പ്രപഞ്ചമഖിലവും സൃഷ്ടിക്കുകയും പരിപാ ലിക്കുകയും ചെയ്യുന്നതു ഏകനായ അല്ലാഹു മാത്രമാ ണ്. എല്ലാ കഴിവും അവനു തന്നെയാകുന്നു. എ ല്ലാം അറിയുന്നവനും കാണുന്നവനും കേൾക്കുന്നവ നും നിയന്ത്രിക്കുന്നവനും അവൻ തന്നെ. ان الله على كل شيء قدير (അല്ലാഹു എല്ലാററിന്നും കഴിവുള്ളവനാകുന്നു)

കണിശമായ ചില വ്യവസ്ഥകളോടും നിയന്ത്രണങ്ങളോടും കൂടിയാണ് പ്രപഞ്ചത്തെ അവൻ സൃഷ്ടിച്ചത്. അതിലെ ഓരോ വസ്തുവിന്നും അവയുടെ നിലനില്പിന്നും വളർച്ചക്കുമാവശ്യമായ എല്ലാ കാര്യങ്ങളും കാലേക്കൂട്ടി തന്നെ അവൻ ഒരുക്കിവെച്ചിരിക്കുന്നു. വിവിധ ആകൃതിയിലും പ്രകൃതിയിലുമുള്ള ജീവിജാലങ്ങൾ, അവയുടെ വിവിധങ്ങളായ ധർമ്മങ്ങളും കർമ്മങ്ങളും ചെയ്യാൻ പററിയ ശരീര ഘടനയും, അവയവങ്ങളും. ആഹാരം സമ്പാദിക്കാനുള്ള വിഭിന്ന മാർഗ്ഗങ്ങൾ, വ്യത്യസ്ഥങ്ങളായ കഴിവുകളും പ്രാപ്തികളും......എല്ലാം വളരെ മുൻകൂട്ടി തന്നെ അവൻ ആസൂത്രണം ചെയ്തുവെച്ചിരിക്കുന്നു. അന്യൂനവും അങ്ങേയററം മെച്ചപ്പെട്ടതുമത്രെ അവൻെറ സൃഷ്ടിപ്പും സംവിധാനവുമെല്ലാം (سجده) الذى احسن كل شيئ خلقه (അവൻ സൃഷ്ടിച്ച എല്ലാററിനേയും ഏററവും നല്ല നിലക്കു മെച്ചപ്പെടുത്തിയവനത്രെ അവൻ)

الّذى خلق فسوّى والذى قدّر فهدى ( الاعلى )

(സൃഷ്ടിക്കുകയും എന്നിട്ട് അത് അന്യൂനമാക്കുകയും, എല്ലാം വ്യവസ്ഥപ്പെടുത്തി മാർഗ്ഗ ദർശനം നടത്തുകയും ചെയ്തവൻ)

ربّنا الذى اعطى كل شيئ خلقه ثم هدى ( طه )

(ഞങ്ങളുടെ രക്ഷിതാവ് എല്ലാ വസ്തുക്കൾക്കും സൃഷ്ടിപ്പു നൽകുകയും അനന്തരം സൃഷ്ടിപ്പിൻെറ സ്വഭാവമനുസരിച്ച് പുലരുവാനും വളരുവാനും മാർഗ്ഗ ദർശനം നല്കുകയും ചെയ്തവനാകുന്നു.)

ഈ നിലക്ക് സൃഷ്ടികളിൽ ഓരോ വസ്തുവിന്നും അവയുടെതായ പ്രത്യേക ആകൃതികളും സ്വഭാവങ്ങളും കഴിവും ശക്തിയും പ്രവർത്തനരംഗവും സ്രഷ്ടാവായ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് ഉറുമ്പു മുതൽ ആനവരെയുള്ള ജീവജാലങ്ങൾ വ്യത്യസ്ഥങ്ങളായ പ്രകൃതി സ്വഭാവങ്ങളും കഴിവുകളും ഉൾക്കൊള്ളുകയും ചെയ്യുന്നു. അടിസ്ഥാനപരമായ ഈ വ്യത്യാസങ്ങളെ അറിഞ്ഞും വകവെച്ചു കൊടുത്തുകൊണ്ടുമാണ് ഓരോ വസ്തുവിനോടുമുള്ള എല്ലാ പെരുമാററങ്ങളും പ്രതികരണങ്ങളും രൂപപ്പെടുന്നത്. ഉറുമ്പിന്നും കുതിരയുടെ ശക്തികൊടുക്കാൻ അല്ലാഹുവിന്നു കഴിയും എന്ന വിശ്വാസത്തിൽ ആരും സവാരി ചെയ്യാൻ ഉറുമ്പിനെ സമീപിക്കാറില്ല. 'ആട്ടിനെ തടിപിടിപ്പിക്കാനും ആനയെ പാലുകറക്കാനും വളർത്താറുമില്ല. അതുപോലെ ഡ്രൈവറെ ചികിൽസിക്കാനും, ഡോക്ടറെ കേസ് വാദിക്കാനും ഏൽപിക്കാറില്ല. അഗ്നിക്ക് കരിക്കാനുള്ള കഴിവും വെള്ളത്തിന്നു ശീതീകരിക്കാനുള്ള കഴിവും അപ്പപ്പോൾ അല്ലാഹു നല്കുകയാണെന്ന ധാരണയിൽ തണുപ്പിനുവേണ്ടി അഗ്നിയേയോ ചൂടിന്നുവേണ്ടി വെള്ളത്തേയോ ഉപയോഗിച്ചു നോക്കാറില്ല. എന്തുകൊണ്ടെന്നാൽ, ഓരോന്നിന്നും അതിൻെറതായ ഗുണവും കഴിവും നൽകിയാണ് അല്ലാഹു സൃഷ്ടിച്ചത്. സൃഷ്ടിപ്പിലുള്ള ആ കഴിവും ഗുണങ്ങളും മാറി മാറി ഒരു വസ്തുവിലും പ്രത്യക്ഷപ്പെടാറില്ല. തെങ്ങിൽ തേങ്ങയും കമുങ്ങിൽ അടയ്ക്കയും, പിലാവിൽ ചക്കയും മാവിൽ മാങ്ങയും തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതു ഈ അടിസ്ഥാനത്തിലാണ്. ഈ കാര്യം വ്യക്തമാക്കുന്ന പല പ്രസ്താവനകളും പരിശുദ്ധ ഖുർആനിൽ കാണാം.

وجعل القمر فيهن نورا وجعل الشمس سراجا ( نوح )

(ആകാശങ്ങളിൽ പ്രകാശമായി ചന്ദ്രനേയും വിളക്കായി സൂര്യനേയും നിശ്ചയിച്ചിരിക്കുന്നതു അവനാകുന്നു.)

هــو الذى جعل الشمس ضياء والقمر نورا وقدّره منـازل لتعلموا عدد السنين والحساب ( يونس )

(സൂര്യനെ വെളിച്ചമായും ചന്ദ്രനെ പ്രകാശമായും നിശ്ചയിച്ചതു അവനാകുന്നു. അതിനു(ചന്ദ്രന്) പലതാവളങ്ങളും അവൻ കണക്കാക്കി. കൊല്ലങ്ങളുടെ എണ്ണവും കണക്കും നിങ്ങളറിയാൻ വേണ്ടിയാണങ്ങനെ ചെയ്തിരിക്കുന്നതു). ഇങ്ങനെ ഓരോ വസ്തുവിനും പ്രത്യേകം കഴിവുകളും പ്രവർത്തന മണ്ഡലങ്ങളും കർമ്മ ബാധ്യതകളും അവൻ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു. തദടിസ്ഥാനത്തിൽ ആ ഓരോ വസ്തുവിനേയും ഉപയോഗപ്പെടുത്തി മനുഷ്യനിവിടെ ജീവിക്കുന്നു.

هو الذى خلق لكم ما فى الارض جميعـا ( البقرة )

(ഭൂമിയിലുള്ള സർവ്വവും നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചത് അവനാകുന്നു.) രോഗശമനത്തിന്നു പലതരം, ഔഷധങ്ങളും ആഹാരത്തിന്ന് പലതരം ഭക്ഷണപദാർത്ഥങ്ങളും ദാഹശമനത്തിന്നു പാനീയങ്ങളുമല്ലാതെ മറിച്ചുള്ള ഒരു വ്യവസ്ഥിതി പ്രായോഗികമായിരിക്കയില്ല; എന്നു മാത്രവുമല്ല, അതു അങ്ങേയററം അപകരവുമായിരിക്കും.

പരമ്പരാഗതമായി, അനുഭവങ്ങളിലൂടെ മനുഷ്യന്നു ബോധ്യപ്പെട്ട ഈ സിദ്ധാന്തത്തിന്നനുസൃതമായി തന്നെയാണു പരിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും വിവരണവും. അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിലെ എല്ലാ പണ്ഡിതൻമാരും ഇക്കാര്യം ഊന്നിപറയുകയും ചെയ്യുന്നു. ''അഖായിദുന്നസഫീ'' യിലെ അടിസ്ഥാന പാഠം തന്നെ ഇതാണു:

حقائق الاشياء ثابتة والعلم بها متحقق

'' വസ്തുക്കളുടെ അടിസ്ഥാന യാഥാർത്ഥ്യങ്ങൾ സുസ്ഥിരങ്ങളും അവയെക്കുറിച്ചുള്ള അറിവു യാഥാർത്ഥ്യവുമാകുന്നു.''

അപ്പോൾ, ഓരോ വസ്തുവിന്നും അതിന്റേതായ കഴിവുകളും പ്രത്യേകതകളും അല്ലാഹു നൽകിയിട്ടുണ്ടു. ആ നിലക്ക് അവയുമായി ഇടപെടുന്നതും ഉപയോഗപ്പെടുത്തുന്നതും എല്ലാകഴിവും അല്ലാഹുവിനാണെന്ന വിശ്വാസത്തെ നിഷേധിക്കലല്ല; മറിച്ചു, സ്ഥിരപ്പെടുത്തലാണ്. എന്തെന്നാൽ, ആ വ്യവസ്ഥക്കെതിരായി പദാർത്ഥങ്ങളെ ഉപയോഗപ്പെടുത്തുന്നത് ആപൽക്കരമായിരിക്കും. ഇനി, സൃഷ്ടിപ്പിലുള്ള ഈ കഴിവുകൾക്കപ്പുറം ഏതെങ്കിലും ഒരു വസ്തുവിൽ വല്ല ദിവ്യശക്തിയുമുണ്ടെന്നു വിശ്വസിക്കുകയാണെങ്കിൽ ആ വിശ്വാസം ഇസ്ലാമിന്റെ തൗഹീദിനെ നിഷേധിക്കുകയും ശിർക്കിൽ (ബഹുദൈവ വിശ്വാസം) എത്തിക്കുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമരും ശ്രേഷ്ടരുമാണ് മനുഷ്യർ.

ولقد كرّمنا بنى آدم — ( الاسراء )

(ആദം സന്തതികളെ നാം ശ്രേഷ്ടരാക്കിയിരിക്കുന്നു) എന്നാണു അല്ലാഹു പറയുന്നത്. ശ്രേഷ്ടരായ ഈ വർഗ്ഗത്തിന്നു ചില വിശേഷ കഴിവുകളും ശക്തികളും അവൻ പ്രദാനം ചെയ്തിരിക്കുന്നു.

قل هو الذى انشأكم وجعل لكم السّمع والابصار والافئدة قليلا ما تشكرون ( الملك )

(പറയുക - നിങ്ങളെ സൃഷ്ടിച്ചവനും നിങ്ങൾക്ക് കേൾവിയും കാഴ്ചയും ഹൃദയങ്ങളും നൽകിയവനും അവനത്രേ. വളരെ കുറച്ചു മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ.)

الم نجعل له عينين، ولسانا وشفتين، وهديناه النجدين (البلد )

(അവന്നു മനുഷ്യന്ന് നാം രണ്ടു കണ്ണുകളും ഒരു നാവും രണ്ടു ചുണ്ടുകളും ഉണ്ടാക്കികൊടുത്തില്ലയോ? ഉയർന്ന് നിൽക്കുന്ന രണ്ടു മാർഗ്ഗങ്ങൾ അവനു നാം കാണിച്ചുകൊടുക്കുകയും ചെയ്തു.)

نحن خلقناهم وشددنا اسرهم ( الانسان )

(നാമാണ് അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ശക്തിപ്പെടുത്തിയതും.)

انا خلقنا الانسان من نطفة امشاج نبتليه فجعلناه سميعا بصيرا

انا هديناه السّبيل اما شاكرا واما كفورا ( الانسان )

(മിശ്രിതമായ രേതസ്കണത്തിൽ നിന്നു മനുഷ്യനെ നാം സൃഷ്ടിച്ചു. അവനെ നാം പരീക്ഷിക്കുന്നു. എന്നിട്ടവനെ നാം കേൾക്കുന്നവനും കാണുന്നവനുമാക്കി. അവനു നാം മാർഗ്ഗദർശനം ചെയ്തു. ഒന്നുകിൽ അവൻ നന്ദിയുള്ളവനായിതീരും, അല്ലെങ്കിൽ നന്ദി കെട്ടവനായിത്തീരും.) ഇങ്ങനെ എണ്ണമററ കഴിവുകളും അനുഗ്രഹങ്ങളും മനുഷ്യവർഗ്ഗത്തിന്ന് അല്ലാഹു നല്കിയിരിക്കുകയാണ്.

وان تعدوا نعمة الله لا تحصوها ( ابراهيم )

(അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ എണ്ണി തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല.) സൃഷ്ടിപ്പിൽ ലഭിക്കുന്ന ഈ കഴിവുകൾ പ്രയോഗിക്കുവാൻ മനുഷ്യൻ സ്വാതന്ത്ര്യനുമാണ്. ആ കഴിവുകൾ അവൻെറ നിയന്ത്രണത്തിലും സ്വാധീനത്തിലും സ്ഥിതിചെയ്യുന്നു. തദടിസ്ഥാനത്തിൽ അന്യോന്യം സഹായിക്കാനും സഹായിക്കാതിരിക്കാനും ഉപദ്രവിക്കാനും ഉപദ്രവിക്കാതിരിക്കാനും അവന്നുകഴിയുന്നു. അതുകൊണ്ടാണ് നല്ലകാര്യങ്ങളിൽ അന്യോന്യം സഹായിക്കുവാനും ചീത്ത കാര്യങ്ങളിൽ സഹായിക്കാതിരിക്കാനും അല്ലാഹു ആവശ്യപ്പെടുന്നത്.

وتعاونوا على البرّ والتقوى ولا تعاونوا على الاثم والعدوان ( المائدة )

(നന്മക്കും ഭക്തിക്കും വേണ്ടി നിങ്ങൾ പരസ്പരം സഹായിക്കുക; എന്നാൽ, കുററത്തിലും അധിക്രമത്തിലും പരസ്പരം സഹായിക്കുകയുമരുത്.)

മനുഷ്യന്റെ അധീനത്തിൽപെട്ട കഴിവുകളുപ യോഗിച്ചുകൊണ്ടുള്ള സഹായങ്ങളും ഉപദ്രവങ്ങളും പ്രവർത്തനങ്ങളും പ്രവർത്തനരാഹിത്യങ്ങളും മനുഷ്യ ലോകത്തു എന്നും നടന്നുവരുന്നതായി കാണുന്നു. നാനാതരം സഹായങ്ങൾക്ക് വേണ്ടി അവർ പരസ്പരം ആവശ്യപ്പെടുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ സാങ്കേതിക ഭാഷയിൽ ഇത്തരം കഴിവുകൾക്കും അവ ഉപയോഗപ്പെ ടുത്തലുകൾക്കും(الكسب والاختيار) (തെരഞ്ഞെടുക്കലും പ്ര വൃത്തിക്കലും) എന്നു പറയുന്നു. മനുഷ്യന്റെ ഈ കഴിവിൽ അവനു സ്വാധീനവും സ്വാതന്ത്ര്യവുമുണ്ടു എന്നനിലക്കാണ് നന്മചെയ്യുവാൻ അല്ലഹു അവനോ ടു കല്പിക്കുന്നതും തിന്മചെയ്യരുതെന്ന് വിരോധി ക്കുന്നതും. നന്മകൾക്ക് പ്രതിഫലവും തിൻമകൾ ക്ക് ശിക്ഷയും നല്കുന്നതും. എന്നാൽ മരണത്തോ ടെ ഈ കഴിവുകൾ നഷ്ടപ്പെടുന്നു. അഥവാ, ഈ ക ഴിവ് നഷ്ടപ്പെടലാകുന്നു മരണം. അതുകൊണ്ടു മരിച്ചവരോടു കല്പിക്കുകയോ വിരോധിക്കുകയോ ചെയ്യുന്നില്ല. മത കല്പനകൾ പാലിക്കാൻ അവർ ബാധ്യസ്ഥരാകുന്നില്ല. അന്യരെ സഹായിക്കാനോ സഹായിക്കാതിരിക്കാനോ അവർക്ക് സാധ്യമല്ല. സ ഹായത്തിന്നുള്ള വിളി അവർ കേൾക്കുകയില്ല. ദുരി തങ്ങൾ അവർ കാണുന്നില്ല. അതുകൊണ്ടു സഹായ ത്തിന്നോ രക്ഷക്കോ മററുവല്ലതിന്നോ അവരെ വിളി ക്കുന്നതു നിരർത്ഥമായിത്തീരുന്നു. ഇനി ദിവ്യമായ വല്ല ശക്തിയും അവരിലുണ്ടെന്ന വിശ്വാസത്തോടു കൂടിയാണ് വിളിക്കുന്നതെങ്കിൽ അതു വ്യക്തമായ ശിർക്കുമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ മനു ഷ്യരടക്കമുള്ള എല്ലാ സൃഷ്ടികൾക്കും നല്കപ്പെട്ടിട്ടു

ുള്ള കഴിവുകൾക്ക് ഒരു വ്യവസ്ഥയും പരിധിയുമുണ്ട്. ആ വ്യവസ്ഥക്കും പരിധിക്കുമപ്പുറം അവയെ സമീപിക്കുന്നത് ഒന്നുകിൽ നിരർത്ഥമാണ്. അല്ലെങ്കിൽ ശിർക്കിൽ ചെന്നെത്തുന്ന വഴികേടാണ്.

മനുഷ്യന്നു നല്കപ്പെട്ട കഴിവുകൾ ഏതൊക്കെയാണെന്നു ഗ്രഹിച്ചാൽ അവനുനല്കപ്പെടാത്ത കഴിവുകൾ, അഥവാ മനുഷ്യ കഴിവിന്നധീതമായ കഴിവുകൾ ഏതൊക്കെയാണെന്നു എളുപ്പം മനസ്സിലാക്കാൻ കഴിയും.

സൃഷ്ടികളിൽ ഉത്തമരും ശ്രേഷ്ടരുമാണ് മനുഷ്യരെന്ന് നാം പറഞ്ഞു. മനുഷ്യരിൽ ശ്രേഷ്ടരാണ് പ്രവാചകന്മാർ. പ്രവാചകരിൽ ഏററവും ശ്രേഷ്ടൻ അന്ത്യപ്രവാചകനായ മുഹമ്മദു നബി (സ) യുമാകുന്നു. പക്ഷെ, മനുഷ്യകഴിവിന്നധീതമായ ഒരു കഴിവ് പ്രവാചകൻമാർക്കോ മുഹമ്മദു നബി(സ)ക്കുപോലുമോ നൽകപ്പെട്ടിട്ടില്ല. ഇക്കാര്യം അസന്നിഗ്ദമായി ഖുർആൻ ആവർത്തിച്ചു പറയുന്നതു കാണാം.

قل انّما انا بشر مثلكم يوحى اليّ انما الهكم اله واحد (الكهف)

(നബീ പറയുക—ഞാൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. എനിക്ക് ബോധനം നല്കപ്പെടുന്നുണ്ട് എന്നു മാത്രം. തീർച്ചയായും നിങ്ങളുടെ ആരാധ്യൻ ഏകൻ മാത്രമാണ്.)

മനുഷ്യകഴിവിന്നധീതമായ കാര്യങ്ങൾക്കുവേണ്ടി നബി (സ) യോടാവശ്യപ്പെട്ട മുശ്രിക്കുകളോടു പറയാൻ അല്ലാഹു ഇങ്ങനെ നിർദ്ദേശിക്കുന്നു.

قل سبحان ربّي هل كنت الا بشرا رسولا ( الاسراء )

(നബീ പറയുക — എൻെറ രക്ഷിതാവ് പരിശുദ്ധ നാകുന്നു. ഞാൻ ദൈവദൂതനായ ഒരു മനുഷ്യൻ മാത്ര മാകുന്നു.) അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ സിദ്ധാന്തവും ഇതുതന്നെയാണ്. പ്രവാചകർപോലും, മനുഷ്യകഴിവിന്നധീതമായ അദൃശ്യകാര്യങ്ങൾ അറിയുമെന്നു കരുതാവതല്ല എന്നും, അദൃശ്യകാര്യങ്ങൾ അറിയാനുള്ള കഴിവു അല്ലാഹുവിന്നു മാത്രമാണെന്നും 'ശറഹുൽ അഖാഇദി'ൽ പ്രസ്താവിക്കുന്നു. (പേ : 150) അന്ത്യനാൾ എന്നാണെന്നു നബി(സ)യോടു ചോദിച്ചപ്പോൾ മറുപടി പറയാൻ അല്ലാഹു ഇങ്ങനെ നിർദ്ദേശിക്കുന്നു: ( الاعراف ) قل انّما علمها عند ربّي (പറയുക — അതുസംബന്ധിച്ചുള്ള അറിവ് എൻെറ രക്ഷിതാവിങ്കൽ മാത്രമാണ്.)

قل لا اقول لكم عندي خزائن الله ولا اعلم الغيب ولا اقول لكم انّي ملك ان اتبع الا ما يوحى الي — ( الانعام )

(പറയുക — അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ അധീനത്തിലാണെന്നു ഞാൻ നിങ്ങളോടു പറയുന്നില്ല. ഞാൻ ഒരു മലക്കാണെന്നും വാദിക്കുന്നില്ല. എനിക്ക് ബോധനം ചെയ്യപ്പെടുന്ന കാര്യങ്ങൾ അനുസരിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.)

ولو كنت اعلم الغيب لاستكثرت من الخير وما مسني السوء ان انا الا نذير وبشير لقوم يؤمنون ( الاعراف )

(അദൃശ്യകാര്യങ്ങൾ ഞാൻ അറിയുമായിരുന്നെങ്കിൽ, തീർച്ചയായും ഞാൻ നന്മകൾ വർദ്ധിപ്പിക്കുകയും തിന്മകൾ എന്നെ തീണ്ടാതിരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, ഞാൻ, വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും സത്യനിഷേധികൾക്ക് മുന്നറിയിപ്പു നൽകുന്നവനും മാത്രമാകുന്നു.)

അപ്പോൾ പ്രവാചകരിൽ ഏററവും ശ്രേഷ്ടനായ മുഹമ്മദു നബി(സ)മിന്നുപോലും മനുഷ്യാധീതമായ യാതൊരു കഴിവും സ്വന്തം അധീനത്തിലും സ്വാതന്ത്ര്യത്തിലുമുണ്ടായിരിന്നില്ലെന്നു ഇതുകൊണ്ടു വ്യക്തമാകുന്നു.

## പ്രവാചകൻമാരുടെ അമാനുഷിക കഴിവുകൾ

പ്രവാചകന്മാർ മനുഷ്യകഴിവിന്നധീതമായ പല അൽഭുത കൃത്യങ്ങളും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ, അവരുടെ കഴിവിലും അധീനത്തിലും പെട്ട കാര്യങ്ങളായിരുന്നില്ല അത്. എന്നാലും അതിന്റെ മറവിൽ ഇസ്തിഗാസയെ ന്യായീകരിക്കാൻ ചിലർ ശ്രമിക്കുന്നു! അതുകൊണ്ടു, ആ അൽഭുത കൃത്യങ്ങളെക്കുറിച്ചും അല്പമൊന്നു മനസ്സിലാക്കുന്നതു വളരെ ആവശ്യമാണ്.

ഈസാ(അ) മരിച്ചവരെ ജീവിപ്പിച്ചു; അന്ധൻമാർക്ക് കാഴ്ചശക്തി നല്കി; വെള്ളപ്പാണ്ഡുരോഗം സുഖപ്പെടുത്തി; കളിമൺ പാവകൾക്ക് ജീവൻ നല്കി. മൂസാ(അ) ഒരു കല്ലിലടിച്ചു പന്ത്രണ്ടു ഉറവുകളുണ്ടാക്കി; വടികൊണ്ടടിച്ചു ചെങ്കടൽ പിളർന്നു തണ്ണെയും

അനുയായികളെയും രക്ഷപ്പെടുത്തി. വടി പാമ്പാക്കുകയും കൈ പ്രകാശിപ്പിക്കുകയും ചെയ്തു. അതുപോലെ, കേടില്ലാത്ത കപ്പൽ പിടിച്ചെടുക്കപ്പെടുമെന്നും, സുമുഖനായ മകൻ മാതാപിതാക്കളെ വഴിതെററിക്കാനിടയാകുമെന്നും, പൊളിഞ്ഞു വീഴാറായ മതിലിന്നുള്ളിൽ അനാഥകൾക്കായി സൂക്ഷിക്കപ്പെട്ട നിധിയുണ്ടെന്നുമൊക്കെ ഖിസ്ർ(അ) മുൻകൂട്ടി മനസ്സിലാക്കി. ഇങ്ങനെയെല്ലാമുള്ള ധാരാളം അമാനുഷിക കഴിവുകളുള്ളവരാണ് അമ്പിയാക്കൾ: അവർ അദൃശ്യ കാര്യങ്ങൾ അറിഞ്ഞിരുന്നു അപ്പോൾ, അല്ലാഹുവുമായി അടുത്തവർക്ക് അമാനുഷികമായ കഴിവുണ്ടായിരുന്നുവെന്നു വ്യക്തമാക്കുന്നുണ്ട്. എങ്കിൽ അവരെ നമുക്ക് സഹായത്തിന്നും രക്ഷക്കും വിളിച്ചു പ്രാർത്ഥിക്കാം. അവർക്കു സഹായിക്കാനും രക്ഷിക്കാനും കഴിയും ...... എന്നിങ്ങനെ വ്യാഖ്യാനിച്ചു ഒരു വിഭാഗം പണ്ഡിതന്മാർ ഇസ്തിഗാസയെ ന്യായീകരിക്കാൻ ശ്രമിക്കുന്നു.

പ്രവാചകന്മാരിൽനിന്നുണ്ടായ മുഉ്ജിസത്തുകൾ മുസ്ലിംകളിൽ ആരും നിഷേധിക്കുന്നില്ല. നിഷേധിക്കാൻ സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ, മേലുദ്ധരിച്ചതും അല്ലാത്തതുമായ വളരെയധികം മുഉ്ജിസത്തുകളെക്കുറിച്ചു പരിശുദ്ധ ഖുർആനിലും പ്രബലമായ ഹദീസുകളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

പ്രവാചകന്മാർക്ക് നൽകപ്പെടുന്ന അമാനുഷിക കഴിവുകൾക്ക് 'മുഅ്ജിസത്ത്' എന്ന പ്രയോഗം ഖുർആനിലില്ല. പകരം 'അൽ ആയാത്ത്' ( الآيات ) എന്നാണ് പ്രയോഗിക്കപ്പെട്ടത്. ദൃഷ്ടാന്തങ്ങൾ, തെളിവുകൾ, ലക്ഷ്യങ്ങൾ എന്നൊക്കെയാണ് 'ആയത്തി'ന്റെ

പദാർത്ഥം. അതുവരെയും ജനങ്ങളോടൊപ്പം സാധാരണ ജീവിതം കഴിച്ചുപോന്ന ഒരു വ്യക്തി അല്ലാഹുവിന്റെ പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നതിന്നു ലക്ഷ്യവും ദൃഷ്ടാന്തവുമായിട്ടാണ് അവർക്ക് മുഉ്ജിസത്തുകൾ നല്കപ്പെടുന്നത്. താൻ ദൈവദൂതനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കയാണെന്നു പ്രവാചകനുതന്നെയും, മററുള്ളവർക്കു പൊതുവിലും ആത്മാർത്ഥമായി വിശ്വസിക്കാനും ബോധ്യപ്പെടാനും അതാവശ്യവുമാണ്. പക്ഷെ, ഇത് പ്രവാചകന്റെ മാനുഷികമായ മററു കഴിവുകൾപോലെ യഥേഷ്ടം പ്രയോഗിക്കാനോ കാണിച്ചുകൊടുക്കാനോ സാധിക്കുന്ന കഴിവുകളല്ല. ഓരോ ജനതയും അവരവരുടെ പ്രവാചകന്മാരോടു പല മുഉ്ജിസത്തുകൾക്ക് വേണ്ടിയും നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടിരുന്നു. അപ്പോഴെല്ലാം അതു തങ്ങളുടെ കഴിവിലും അധീനത്തിലും പെട്ട കാര്യമല്ലെന്നായിരുന്നു പ്രവാചകന്മാർ നല്കിയ മറുപടി.

قل انما الآيات عند الله وانما انا نذير مبين (عنكبوت ٤٩)

''പറയുക, ദൃഷ്ടാന്തങ്ങൾ മുഴുവൻ അല്ലാഹുവിന്റെ അധീനത്തിലാകുന്നു. ഞാൻ, വ്യക്തമായ മുന്നറിയിപ്പ് നല്കുന്നവൻ മാത്രമാണ്'' എന്നു പറയാൻ അല്ലാഹു നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അപ്പോൾ ഇരിക്കുക, നടക്കുക, സംസാരിക്കുക തുടങ്ങിയ പ്രവർത്തികൾപോലെ ഒരു പ്രവാചകന്നു മുഉ്ജിസത്തുകൾ കാണിക്കുക സാധ്യമല്ല. ജനങ്ങൾ അങ്ങേയററം നിർബ്ബന്ധിക്കുകയും, പ്രവാചകൻപോലും അങ്ങേയററം ആഗ്രഹിക്കുകയും ചെയ്ത സന്ദർഭങ്ങളിൽ

പോലും സ്വന്തം നിലക്ക് വല്ല മുഉ്ജിസത്തും കൊണ്ടു വരാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

وما كان لرسول ان يأتي بآية الا باذن الله لكل اجل كتاب (الرّعد)

അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ വല്ല ദൃഷ്ടാന്തവും കൊണ്ടുവരിക ഒരു പ്രവാചകനും സാധ്യമല്ല. എല്ലാ അവധിക്കും ഒരു നിശ്ചിത രേഖ യുണ്ടു'' മുഉ്ജിസത്ത് എപ്പോഠം, എവിടെ, ഏത്നി ലക്ക് കാണിക്കണമെന്നൊക്കെ തീരുമാനിക്കുന്നതു അ ല്ലാഹുവാകുന്നു. വ്യക്തവും ശക്തവുമായ ചില വ്യവസ്ഥകളും അടിസ്ഥാനങ്ങളുമനുസരിച്ചാണ് അല്ലാഹു മുഉ്ജിസത്തുകഠം വെളിപ്പെടുത്തുന്നത്. എ ന്നെല്ലാമാണ് ഈ ഖുർആൻ വചനം ചൂണ്ടിക്കാണിക്കു ന്നത്.

തങ്ങളിലൂടെ വെളിപ്പെടുന്ന ദൃഷ്ടാന്തങ്ങഠം ചി ലപ്പോഠം പ്രവാചകൻമാർതന്നെ മനസ്സിലാക്കുകയി ല്ല. കയ്യിലുണ്ടായിരുന്ന വടി നിലത്തിടാൻ അല്ലാഹു മൂസാ(അ) നോടു കൽപിച്ചു. അദ്ദേഹം വടി നില ത്തിട്ടു. അതൊരു സർപ്പമായി മാറി. അതുകണ്ടു മൂസ (അ) ഭയപ്പെടുകയും ഓടാൻ ശ്രമിക്കുകയും ചെയ്തു. (അൽഖസസ് : 31) തനിക്ക് നൽകപ്പെട്ട മുഉ്ജിസത്തി നെക്കുറിച്ചു മൂസാ(അ)നു തന്നെ യാതൊരു വിവരവു മുണ്ടായിരുന്നില്ല എന്നാണല്ലോ ഈ സംഭവം കാണിക്കു ന്നത്. അതുപോലെ, മുമ്പിൽ അലയടിക്കുന്ന ചെങ്ക ടൽ, പിമ്പിൽ ആർത്തിരമ്പുന്ന ഫറോവയും പട്ടാളവും. മദ്ധ്യത്തിൽ പരിഭ്രമചിത്തരായി മൂസാ(അ)മും അ നുയായികളും. ഈ സന്നിഗ്ദ്ധ ഘട്ടത്തിൽ തന്റെ കയ്യി

ലുള്ള വടികൊണ്ടു കടലിലടിച്ചാൽ, കടൽ പിളരുമെന്നും തനിക്കും കൂട്ടുകാർക്കും രക്ഷപ്പെടാമെന്നും ഫറോവയും സൈന്യവും മുക്കിക്കൊല്ലപ്പെടുമെന്നും മൂസാ(അ) മിന്നു അറിയാമായിരുന്നില്ല. പക്ഷെ, അല്ലാഹു കൽപിച്ചു - നിൻെറ വടികൊണ്ടു കടലിലടിക്കുക – മൂസാ (അ) അടിച്ചു. കടൽ പിളർന്നു, അവർ രക്ഷപ്പെട്ടു, ശത്രുക്കൾ നശിപ്പിക്കപ്പെടുകയും ചെയ്തു.

മുഉ്ജിസത്തുകൾ, പ്രവാചകൻമാരുടെ സ്വന്തം കഴിവിലും സ്വാധീനത്തിലും പെട്ടതായിരുന്നില്ലെന്നതിന്നു ചില ഉദാഹരണങ്ങൾ മാത്രമാണിത്. എല്ലാ മുഉ്ജിസത്തുകളുടെ സ്ഥിതിയും ഇതുതന്നെയായിരുന്നു.

''മനുഷ്യകഴിവിന്നധീതമായ കാര്യങ്ങൾ, അഥവാ അതുപോലെ മററൊന്നു കൊണ്ടുവരാൻ മനുഷ്യനെ അശക്തനാക്കുന്ന കാര്യങ്ങൾ'' എന്നാണു മുഉ്ജിസത്തിന്നു പണ്ഡിതൻമാർ നൽകുന്ന നിർവ്വചനം.

المعجزة امر خارق للعادة يعجز البشر عن ان يأتو بمثله(المنجد)

സാധാരണക്ക് വിപരീതമായ കാര്യങ്ങൾ, അതുപോലെ മററൊന്നു കൊണ്ടുവരാൻ മനുഷ്യനെ അതു അശക്തനാക്കുന്നു-ഇതാണ് മുഉ്ജിസത്ത് (മുൻജിദ്)

معجزة النبى ﷺ ما اعجز به الخصم عند التحدى والهاء للمبالغة ( قاموس )

''നബി(സ)യുടെ മുഉ്ജിസത്ത്, അതിനെ എതിരിടുന്നതിൽനിന്നും ശത്രുക്കളെ അശക്തമാക്കുന്ന കാര്യങ്ങളാണ് മുഉ്ജിസത്ത് എന്നതിലെ അവസാനത്തെ

'ഹാഉ്''(തുൻ) ആധിക്യത്തെ കുറിക്കുന്നു'' (ഖാമൂസ്)

المعجزة مأخوذة من العجز الذى هو ضد القدرة وفى التحقيق المعجز فاعل المعجز فى غيره وهو الله سبحانه وسميت دلالات صدق الانبياء واعلام الرّسل معجزة لعجز المرسل اليهم عن معارضتهم بمثلها والهاء فيها اما للمبالغة كعلامة ونسابة واما ان يكون صفة لمحذوف كاية وعلامة ذكره الطيبى (مرقات ٥ - ٤٣٩)

''കഴിവിന്നു വിപരീതമായ കഴിവുകേടിൽനിന്നുള്ളതാണ് മുഉ്ജിസത്ത്. എന്നാൽ, പ്രവാചകൻമാർക്ക് അവരുടെ സത്യസന്ധതക്ക് സാക്ഷ്യമായി നൽകപ്പെട്ട ദൃഷ്ടാന്തങ്ങൾക്ക് മുഉ്ജിസത്ത് എന്നു പേര് വരാൻ കാരണം. അതുപോലെയുള്ള മറ്റൊന്നു കൊണ്ടുവന്നു പ്രവാചകൻമാരെ പരാജയപ്പെടുത്തുന്നതിൽ നിന്നു അവരുടെ ജനങ്ങളെ അവ അശക്തമാക്കുന്നു എന്നതാണു. മുഉ്ജിസത്തിലെ അവസാനത്തെ'ഹാഉ്'' (തുൻ) 'അല്ലാമിൽ' 'അല്ലാമത്ത്'' പോലെ, 'നസ്സാബി'ൻ 'നസ്സാബത്ത്'' പോലെ ആധിക്യം കുറിക്കാനുള്ളതാകുന്നു. അല്ലെങ്കിൽ മറഞ്ഞു നിൽക്കുന്ന ' ആയത്തി ' ൻെറ വിശേഷണമാണ്. (അത്ത്വീബി, മിർഖാത്ത് 5 - 439)

അപ്പോൾ സർവ്വമനുഷ്യരെയും ഒരുപോലെ അശക്തരാക്കുന്ന ദൈവീക ദൃഷ്ടാന്തങ്ങളാണ് മുഉ്ജിസത്ത്, ആ നിലക്ക് അതിലെ 'ഹാഉ്'' ആധിക്യത്തെ കുറിക്കാനുള്ളതാണ് എന്ന അഭിപ്രായമാണ് കൂടുതൽ അഭികാമ്യം. ഖാമൂസിൽ അങ്ങനെയാണ് നിർവ്വചനം വന്നിട്ടുള്ളതും.

ഇവിടെ അല്ലാഹുവിൻെറ കഴിവും മനുഷ്യൻെറ കഴിവും ശരിക്കും വേർതിരിഞ്ഞു നില്ക്കുന്നു. മനുഷ്യൻെറ കഴിവിൽപെടാത്ത, പൂർണ്ണമായും അല്ലാഹുവിൻെറ മാത്രം കഴിവിൽപെട്ട കാര്യമാണ് മുഉ്ജിസത്ത് എന്നതിൽ പണ്ഡിതന്മാർക്കിടയിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ല. വ്യത്യസ്തമായ ഈ രണ്ടു തരം കഴിവുകളെ പൂർവ്വ പണ്ഡിതന്മാരെല്ലാം ആ നിലക്ക് തന്നെ വേർതിരിച്ചു കാണുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, പിൽക്കാലത്ത് ചില പണ്ഡിതന്മാർ, കഴിവുകൾക്കിടയിലുള്ള ഈ വ്യത്യാസം നിഷേധിക്കുകയും എല്ലാ കഴിവുകളും അല്ലാഹുവിന്നു മാത്രമേയുള്ളുവെന്നും; മററാർക്കും ഒരു കഴിവുമില്ലെന്നും സ്ഥാപിച്ചു മരിച്ചവരും ജീവിക്കുന്നവരും തുല്യരാണെന്ന് വാദിക്കുകയും അതിൻെറ മറവിൽ ഇസ്തിഗാസയെ ന്യായീകരിക്കുകയും ചെയ്യുന്നു.

തീ കത്തിക്കുവാനും കെടുത്തുവാനും പ്രവാചന്മാരടക്കം എല്ലാ മനുഷ്യർക്കും കഴിവുണ്ട്. ഇതു മനുഷ്യ കഴിവിൽപെട്ടതാണ്. എന്നാൽ ഭൗതീകമായ യാതൊരു മാദ്ധ്യമങ്ങളുമില്ലാതെ തീ തണുപ്പാക്കി മാററാനുള്ള കഴിവ് അല്ലാഹുവിന്നു മാത്രമുള്ളതാണ്. ഇബ്രാഹീം (അ)ലൂടെ വെളിപ്പെട്ട ഒരു മുഉ്ജിസത്തു അതായിരുന്നു. അതുപോലെ സമുദ്രം അധീനപ്പെടുത്തുവാനും അതിലൂടെ സഞ്ചരിക്കാനും മൽസ്യബന്ധനം നടത്താനുമൊക്കെയുള്ള കഴിവ് മനുഷ്യർക്കുണ്ട്. അവൻെറ സൃഷ്ടിപ്പിൽ നിക്ഷിപ്തമായതാണ് ആ കഴിവ്. എന്നാൽ പെട്ടെന്നൊരു നിമിഷത്തിൽ ഒരു വടികൊണ്ടടിച്ചു സമുദ്രത്തെ രണ്ടായി പിളർത്താനും മദ്ധ്യത്തിലൂടെ സഞ്ചരിച്ചു രക്ഷപ്പെടാനുമുള്ള കഴി

വ് അല്ലാഹുവിൻേറതു മാത്രമാണ്. മൂസാ (അ)ലൂടെ വെളിപ്പെട്ട ഒരു മുഉ്ജിസത്ത് അതായിരുന്നു. ആരെയും ആകർഷിക്കുന്ന, വിജ്ഞാനങ്ങളും തത്വങ്ങളും നിറഞ്ഞ ഗ്രന്ഥങ്ങൾ രചിക്കുവാൻ മനുഷ്യന്നു കഴിയും. എന്നും മനുഷ്യനതു ചെയ്തുവരികയും ചെയ്യുന്നു. അതേ അവസരം പരിശുദ്ധ ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥ രചന മനുഷ്യൻെറ കഴിവിൽ പെട്ടതല്ല കാലാകാലങ്ങളിലെ മനുഷ്യരുടെ കഴിവുകൾക്ക് മുമ്പിൽ ഒരു വെല്ലുവിളിയായി നിലനിൽക്കുന്ന പരിശുദ്ധ ഖുർആൻ അല്ലാഹുവിൻെറ കഴിവിൽ പെട്ടതും മുഹമ്മദു നബി (സ) യുടെ പ്രവാചകത്വത്തെ സാക്ഷീകരിക്കുന്ന ഏററവും വലിയ ഒരു മുഉ്ജിസത്തുമാണ്.

ഇത്രയും വിവരിച്ചതിൽ നിന്നു രണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. ഒന്ന്: മനുഷ്യരടക്കമുള്ള എല്ലാ വസ്തുക്കൾക്കും സ്വന്തം അധീനത്തിലും സ്വാതന്ത്ര്യത്തിലും ചില കഴിവുകളും ശക്തികളുമുണ്ട്. അത് യഥേഷ്ടം ഉപയോഗിക്കാൻ മനുഷ്യന്നു കഴിയും. രണ്ട്: മനുഷ്യ കഴിവിന്നധീതമായ കഴിവാണ് പ്രവാചകന്മാർ മുഖേന വെളിപ്പെടുന്ന മുഉ്ജിസത്തുകൾ. അതു അല്ലാഹുവിൻെറ മാത്രം അധീനത്തിലാണ്. സ്വന്തം നിലക്ക് വല്ല മുഉ്ജിസത്തും വെളിപ്പെടുത്താൻ ഒരു പ്രവാചകനും കഴിയുകയില്ല.

അല്ലാഹുവിൻെറ കഴിവും മനുഷ്യൻെറ കഴിവും വേർതിരിച്ചു മനസ്സിലാക്കാൻ പററുന്ന നല്ലൊരു സന്ദർഭമാണ് മൂസാ (അ)ൻേറയും ഖിസ്ർ (അ)ൻേറയും ഒന്നിച്ചുള്ള യാത്ര. 'സൂറത്തുൽ കഹ്ഫി'ൽ ഇത് വിശദമായി വിവരിക്കുന്നു. അവര രണ്ടുപേരും യാത്ര

ചെയ്തിരുന്ന കപ്പൽ വഴിക്ക്വെച്ചു ഖിസർ (അ) ദ്വാരമുണ്ടാക്കി കേടുവരുത്തി. പക്ഷെ, അതെന്തിനാണെന്ന് മൂസാ (അ)ന്ന് മനസ്സിലായില്ല അതുകൊണ്ട് ഖിസ്ർ (അ)നെ മൂസാ (അ) ചോദ്യം ചെയ്തു. സുമുഖനായ ഒരു കുട്ടിയെ ഖിസ്ർ (അ) നിർദ്ദയം കൊല ചെയ്തു. അതും എന്തിനാണെന്ന് മൂസാ (അ)മിന്ന് മനസ്സിലായില്ല. ആ ആക്രമത്തെക്കുറിച്ചും ഖിസ്ർ (അ)നെ മൂസാ (അ) കഠിനമായി വിമർശിച്ചു. വിശന്നു വലഞ്ഞ ഘട്ടത്തിൽ ആഹാരത്തിനാവശ്യപ്പെട്ടപ്പോഠം ദയ കാണിക്കാതിരുന്ന ഒരു നാട്ടുകാരുടെ മതിൽ യാതൊരു പ്രതിഫലവും വാങ്ങാതെ ഖിസ്ർ (അ) കേടുപാടു നീക്കി ബലപ്പെടുത്തി. കാര്യം മനസ്സിലാകാതെ അതെക്കുറിച്ചും മൂസാ (അ) ഖിസ്ർ (അ)നെ കുററപ്പെടുത്തി. മൂസാ (അ)ൻെറയും ഖിസ്ർ (അ)ൻെറയും ഒന്നിച്ചുള്ള യാത്രയിൽ നടന്ന പ്രധാന കാര്യങ്ങളാണ് ഇതു മൂന്നും.

നോക്കുക: യാത്രചെയ്ത രണ്ടുപേരും പ്രവാചകന്മാരാണ്. പക്ഷെ, ഒരു പ്രവാചകൻ ചെയ്യുന്ന കാര്യങ്ങഠം, അതിലടങ്ങിയ യുക്തിയും ആവശ്യവും സഹയാത്രികനായ പ്രവാചകനു മനസ്സിലാക്കാൻ കഴിയുന്നില്ല. അതിനെക്കുറിച്ചെല്ലാം കഠിനമായി ആക്ഷേപിക്കുകയും ചെയ്യുന്നു. ഇതെങ്ങനെ സംഭവിച്ചു? ഉത്തരം വളരെ വ്യക്തമാണ്. മനുഷ്യ സഹജവും സാധാരണവുമായ അറിവിൻെറയും കഴിവിൻെറയും അടിസ്ഥാനത്തിലല്ല ഖിസ്ർ (അ) കപ്പൽ പൊളിച്ചതും കുട്ടിയെ കൊന്നതും മതിൽ ബലപ്പെടുത്തിയതും. മറിച്ചു അല്ലാഹു പ്രത്യേകം നല്കിയ അറിവിൻെറ—വഹ്യിൻെറ അടിസ്ഥാനത്തിലായിരുന്നു. അതെ അവസരം, മൂസാ (അ) അതു മനസ്സിലാക്കാതി

രുന്നതും വിമർശിച്ചതും മനുഷ്യ സാധാരണമായ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിലായിരുന്നു. ഈ വിഷയത്തിൽ അല്ലാഹു മൂസാ (അ)ന്നു പ്രത്യേകം വഹ്‌യ് നല്കിയിരുന്നില്ല.

സ്വന്തമായി ഒരു കഴിവുമില്ലാത്ത കേവലം 'നിഴൽ' മാത്രമല്ല മനുഷ്യൻ, ജന്മ സിദ്ധമായ പല കഴിവുകളും അവനിലുണ്ട്. ആ കഴിവുകൾ അല്ലാഹു നൽകിയതാണെങ്കിലും അതുപയോഗിക്കാൻ അവൻ സ്വതന്ത്രനാണ്. അതുകൊണ്ട് ആ കഴിവുപയോഗിച്ചു തന്നെ സഹായിക്കാനും തനിക്ക് രക്ഷ നല്കാനും മനുഷ്യന് മനുഷ്യനോട് ചോദിക്കാം. അന്യോന്യം അപേക്ഷിക്കാം. അതിൽ തെററും ആക്ഷേപവുമില്ല. ഇതു ഖുർആനും സുന്നത്തും പൂർവ്വകാല പണ്ഡിതന്മാരും എല്ലാം അംഗീകരിക്കുന്നു. ലോകാരംഭം മുതൽ മനുഷ്യർക്കിടയിലും ജീവജാലങ്ങൾക്കിടയിൽ വരെയും ഈ നിലക്കുള്ള സഹായങ്ങളും അപേക്ഷകളും നടന്നുവരികയും ചെയ്യുന്നു.

എന്നാൽ, ജന്മസിദ്ധമായ ഈ എല്ലാ കഴിവുകളും മരണത്തോടെ അവസാനിക്കുന്നു. മരണശേഷവും ഈ കഴിവുപയോഗിച്ച് സഹായിക്കാൻ അവരോടപേക്ഷിക്കുന്നതു അങ്ങേയററം നിരർത്ഥമാണ്. ഇനി അതല്ല; മരിച്ചവർക്ക് — അമ്പിയാക്കൾക്കോ ഔലിയാക്കൾക്കോ ആർക്കാണെങ്കിലും, മരണശേഷവും അപേക്ഷകൾ കേൾക്കാനും സഹായം ചെയ്യാനുമൊക്കെ കഴിവുണ്ടെന്ന വിശ്വാസത്തോടെയാണ് അവരോട് സഹായത്തിന്നു പ്രാർത്ഥിക്കുന്നതും അപേക്ഷിക്കുന്നതുമെങ്കിൽ അതു വ്യക്തമായ ശിർക്കും മഹാ പാപവുമാകുന്നു.

പ്രവാചകന്മാർ മുഖേന വെളിപ്പെടുന്ന മുഅ്ജിസത്തുകൾ, അവരുടെ കഴിവിലും സ്വാധീനത്തിലും പെട്ട കാര്യങ്ങളല്ല. അതു പൂർണ്ണമായും അല്ലാഹുവിന്റെ കഴിവിലും അധീനത്തിലും പെട്ട കാര്യങ്ങളാണ്. തന്റെ കഴിവും ഇഷ്ടവുമനുസരിച്ച് ഒരു മുഅ്ജിസത്തു കൊണ്ടുവരാൻ ഒരു പ്രവാചകനും സാധ്യമല്ല. ഭാവിയിലുണ്ടാകാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ചു ഖിസ്ർ (അ)ന്ന് അറിയാൻ കഴിഞ്ഞതു അല്ലാഹു പ്രത്യേകമായി അറിയിച്ചു കൊടുത്തതു കൊണ്ടാണ്. മൂസാ (അ)ന്ന് അതറിയാൻ കഴിയാതിരുന്നതു അല്ലാഹു അറിയിച്ചു കൊടുക്കാതിരുന്നതു കൊണ്ടുമാണ്. അദൃശ്യ കാര്യങ്ങളറിയാനുള്ള കഴിവ് പ്രവാചകന്മാർക്ക് പോലുമില്ലെന്നു ഇതുകൊണ്ടുതന്നെ മനസ്സിലാക്കാം.

## വസ്അൽ മൻ അർസൽനാ

واسئل من ارسلنا من قبلك من رسلنا اجعلنا من دون الرحمن آلهة يعبدون . ( الز خرف ٤٥ )

"പരമകാരുണികനു പുറമെ ആരാധിക്കപ്പെടുന്ന വല്ല ദൈവങ്ങളേയും നാം ആക്കിവെച്ചിട്ടുണ്ടോ എന്ന് നിനക്ക് മുമ്പ് നാം നിയോഗിച്ച ദൂതൻമാരോട് നീ ചോദിച്ചു നോക്കുക."

മുൻകഴിഞ്ഞ എല്ലാ പ്രവാചകൻമാരും വേദഗ്രന്ഥങ്ങളും ഏകദൈവ വിശ്വാസമാണ് പ്രബോധനം ചെയ്തത്. ഒരു ദൈവ ദൂതനും ബഹുദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയോ അതു അനുവദി

ക്കുകയോ ചെയ്തിരുന്നില്ല. ഈ യാഥാർത്ഥ്യം ഒരു ചരിത്ര സത്യമായി പഠിപ്പിക്കുകയാണ് ഈ സൂക്തം. അതു സംബന്ധിച്ച് പൂർവ്വവേദഗ്രന്ഥങ്ങൾ പരിശോധിക്കുകയും പൂർവ്വ സമുദായങ്ങളോട് അന്വേഷിക്കുകയും ചെയ്യുക എന്ന അർത്ഥത്തിലാണ് ഈ പ്രയോഗം. ഈ നിലക്കുള്ള പ്രയോഗം എക്കാലത്തും സുലഭമാണ്. പരിശുദ്ധ ഖുർആനിൽ തന്നെയും ധാരാളമുണ്ട്. ഒരുദാഹരണം കാണുക.

ഭക്ഷണം തേടിവന്ന തൻെറ സഹോദരങ്ങളിൽ ഒരാളെ മോഷണക്കുററം ചുമത്തി യൂസുഫ് നബി(അ) അവിടെ (ഈജിപ്തിൽ) പിടിച്ചു നിർത്തി. മററു സഹോദരൻമാർ ഭക്ഷണവുമായി പിതാവിൻെറ അടുക്കലേക്കു തിരിച്ചു. ഈ സന്ദർഭത്തിൽ, യൂസുഫ് (അ) അവിടെ പിടിച്ചുവെച്ച സഹോദരനെക്കുറിച്ച് ഞങ്ങൾ പറയുന്നത് ശരിയാണെന്ന് പിതാവിനെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി ആ സഹോദരൻമാർ പറഞ്ഞു :

واسئل القرية التى كنا فيها

''ഞങ്ങൾ ഏതൊരു പട്ടണത്തിലായിരുന്നോ, ആ പട്ടണത്തോട് അങ്ങ് ചോദിച്ചു നോക്കുക'' ഇവിടെ പട്ടണത്തോടു ചോദിക്കുകയെന്നാൽ, പട്ടണവാസികളോടു ചോദിക്കുകയെന്നാണ് അർത്ഥമെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ചോദ്യം കേൾക്കാനും മറുപടി പറയാനും 'പട്ടണ' ത്തിന്നു കഴിയില്ലല്ലോ? സഹോദരനെ ഞങ്ങൾ ഉപദ്രവിച്ചിട്ടില്ലെന്നും, മോഷണക്കുററത്തിന്നു അവൻ പിടിക്കപ്പെടുകയാണുണ്ടായതെന്നുമുള്ള സത്യം, ആ പട്ടണവാസികളോട് അന്വേഷിച്ചാൽ അങ്ങയ്ക്ക് മനസ്സിലാകും.''

എന്നാണ് 'യഅ്ഖൂബ്' നബിയുടെ പുത്രൻമാർ സാക്ഷ്യപ്പെടുത്തുന്നത്. അതുപോലെ മുൻകഴിഞ്ഞ പ്രവാചകൻമാരോടു ചോദിക്കുകയെന്നതിന്റെ അർത്ഥം, ആ പ്രവാചകൻമാരുടെ സമുദായങ്ങളോട് അന്വേഷിക്കുകയും വേദഗ്രന്ഥങ്ങൾ പരിശോധിച്ചു നോക്കുകയും ചെയ്യുകയെന്നാണ്. അല്ലാതെ മരിച്ചു പോയ പ്രവാചകൻമാർ ജീവിച്ചിരിക്കുന്നവരുടെ വിളി കേൾക്കുകയും ഉത്തരം ചെയ്യുകയും ചെയ്യും; അതുകൊണ്ട് അവരോട് ചോദിക്കാനും അന്വേഷിക്കുവാനും മുഹമ്മദ് നബിയോട് കൽപിക്കുകയല്ല. ഈ അർത്ഥത്തിലും ആശയത്തിലും ഒരു പണ്ഡിതനും ഖുർആൻ വ്യാഖ്യാതാവും അർത്ഥം പറയുകയും ആശയം വിവരിക്കുകയും ചെയ്തിട്ടില്ല.

മരിച്ചുപോയ പ്രവാചകന്മാരോടു മുഹമ്മദ് നബി(സ)ന്നു ചോദിക്കുവാനും അവർക്കു മറുപടി പറയാനും കഴിയാത്ത സ്ഥിതിക്ക്, ഇവിടെ ചോദിക്കാൻ കല്പിച്ചതെന്തുകൊണ്ട്—? എന്നു പൂർവ്വ പണ്ഡിതന്മാർ ആലോചിച്ചു. ''മരിച്ചവർക്കു കേൾക്കാൻ കഴിയുന്നതുകൊണ്ട്'' എന്നതായിരുന്നില്ല അവർ കണ്ടുപിടിച്ച ഉത്തരം. എന്തുകൊണ്ടെന്നാൽ മരിച്ചവർക്കു ചോദ്യം കേൾക്കാനും ഉത്തരം പറയാനും കഴിയുമെന്ന ''വിശ്വാസ വിഡ്ഢിത്തം'' അവർക്കുണ്ടായിരുന്നില്ല.

''ഇബ്നുജരീറുത്ത്വബ്രീ(റ) തുടങ്ങിയ പൂർവ്വകാല ഖുർആൻ വ്യാഖ്യാതാക്കളും ഭൂരിപക്ഷം പണ്ഡിതന്മാരും ഈ സൂക്തത്തിന്നു അർത്ഥം കല്പിച്ചത് ''നിനക്കുമുമ്പ് നാമയച്ച പ്രവാചകന്മാരുടെ സമുദായങ്ങളോടു ചോദിച്ചുനോക്കുക'' എന്നാണ്. ഇതാ

ണ് പ്രസ്തുത പ്രയോഗശൈലിയുമായി നിരക്കുന്ന ഏററവും ശരിയായ വ്യാഖ്യാനം. മററു ചിലരുടെ നിഗമനം ഇതാണ്—നബി(സ)യുടെ രാപ്രയാണ (الإسراء)ത്തോടനുബന്ധിച്ചു മുൻകഴിഞ്ഞ പ്രവാചകൻമാരെ ബൈത്തുൽ മുഖദ്ദസിൽ ഒരുമിച്ചുകൂട്ടിയപ്പോൾ അവരോടു ചോദിക്കുവാനാണ് ഈ നിർദ്ദേശം.'' ഈ രണ്ടു വ്യാഖ്യാനപ്രകാരമായാലും, നബിതിരുമേനി അങ്ങനെ ചോദിക്കുകയോ മുൻ പ്രവാചകൻമാർ മറുപടി പറയുകയോ ഉണ്ടായിട്ടില്ലെന്നാണ് പണ്ഡിതാഭിപ്രായം. എന്തുകൊണ്ടെന്നാൽ ചോദിക്കുവാനുള്ള ഈ കല്പനയുടെ ഉദ്ദേശം സാധാരണ ഗതിയിലുള്ള ചോദ്യവും മറുപടിയുമല്ല മറിച്ച്, മുൻകഴിഞ്ഞ ഒരു പ്രവാചകനും ഏകദൈവ വിശ്വാസമല്ലാതെ പ്രബോധനം ചെയ്തിട്ടില്ലെന്നും ഒരു വേദഗ്രന്ഥവും ബഹുദൈവാരാധനയെ അനുകൂലിച്ചിട്ടില്ലെന്നും ചരിത്രത്തിൻെറ പിൻബലത്തിൽ സമർത്ഥിക്കുകയാണ്.

'അഹ്ലുസ്സുന്നത്തി വൽജമാഅത്ത്'' നിരാക്ഷേപം അംഗീകരിക്കുന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ രേഖപ്പെട്ട അഭിപ്രായങ്ങൾ താഴെ ഉദ്ധരിക്കുന്നു.

قال مجاهد في قراءة عبدالله بن مسعود واسئل الذين ارسلنا اليهم قبلك رسلنا ، وهكذا حكاه قتادة والضحاك والسّدى وابن مسعود رضى الله عنهم وهذا تفسير لا تلاوة والله اعلم وقال عبد الرحمن بن اسلم واسئلهم ليلة الاسراء فان الانبياء عليهم الصلوة والسلام جمعوا له واختار ابن جرير الاول والله اعلم. (ابن كثير ٤-١٣٩)

''മുജാഹിദു, ഖത്താദ:, സഹ്ഹാഖ്, സുദ്ദീ, ഇബ്നു മസ്ഊദ്(റ) മുതലായവർ ഇങ്ങനെ വ്യാഖ്യാനിക്കുന്നു — നിനക്കുമുമ്പ് നാം പ്രവാചകന്മാരെ നിയോഗിച്ച സമുദായങ്ങളോടു ചോദിക്കുക. ''എന്നാൽ അബ്ദു റഹ്മാനുബ്നു സൈദിൻെറ പക്ഷം നബിതിരുമേനിയുടെ രാപ്രയാണത്തിൽ മുൻ പ്രവാചകന്മാർ ഒരുമിച്ചു കൂട്ടപ്പെട്ടപ്പോാം അവരോടു ചോദിക്കുക എന്നാണ്. ഇതിൽ ആദ്യത്തെ അഭിപ്രായമാണ് ഇബ്നു ജരീർ(റ) ബലപ്പെടുത്തിയത്.'' (ഇബ്നു കസീർ 4-129) തഫ്സീറുൽ ഖാസിൻ ( تفسير الخازن )ൽ ഇങ്ങനെ അഭിപ്രായപ്പെടുന്നു.

فعلى هذا قال بعضهم هذه الاية نزلت ببيت المقدس ليلة اسرى بالنبى ﷺ وقال اكثر المفسرين هنا واسئل مؤمنى اهل الكتاب الذين ارسل اليهم الانبياء عليهم الصلوة والسلام هل جاءتهم الرسل الا بالتوحيد وهو قول ابن عباس (رضى) فى اكثر روايات عنه ومجاهد وقتادة والضحاك والسّدى ومقاتل ومعنى الامر بالسؤال التقرير لمشركى مكة انه لم يات رسول ولا كتاب بعبادة غيرالله تعالى . ( الخازن ٦- ١٢٧ )

''മേൽപറഞ്ഞപ്രകാരം ഈ ആയത്ത് അവതരിച്ചതു ബൈത്തുൽ മുഖദ്ദസിൽ രാപ്രയാണത്തിലാണെന്നു ചിലർ പറഞ്ഞിട്ടുണ്ട്. എന്നാൽ അധികം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നതു മുൻ പ്രവാചകന്മാർ നിയോഗിക്കപ്പെട്ട വേദഗ്രന്ഥക്കാരിലെ വിശ്വാസിക

ളോടു ചോദിക്കുക എന്നാണ്. ഏകദൈവവിശ്വാസവുമായിട്ടല്ലാതെ പ്രവാചകർ അവർക്ക് വന്നിരുന്നോ എന്ന്. ഇബ്നു അബ്ബാസ്, മുജാഹിദു ഖത്താദാ, സഹ്ഹാഖ്, സുദ്ദീ, മുഖാത്തിൽ തുടങ്ങിയവർ ഈ നിലക്കാണ് ഈ വചനം വ്യാഖ്യാനിച്ചതു. അപ്പോൾ ചോദിക്കാൻ പറഞ്ഞതിന്റെ ഉദ്ദേശം, ഒരു പ്രവാചകനോ വേദഗ്രന്ഥമോ ബഹുദൈവാരാധനയുമായി വന്നിരുന്നില്ല എന്നു നിലവിലുള്ള ബഹുദൈവാരാധകരെ ബോധ്യപ്പെടുത്തലാണ്.'' (6 - 127)

ഇതേ വ്യാഖ്യാനം തന്നെയാണ് തഫ്സീറുൽ ബഗ്വീയിലും രേഖപ്പെടുത്തിയിരിക്കുന്നത്.

وقال اكثر المفسرين واسئل مؤمنى اهل الكتاب الذين ارسلت اليهم الانبياء هل جاءتهم الرسل الا بالتوحيد ( تفسير البغوى بها مش الخازن )

കേരളത്തിൽ സർവ്വസാധാരണമായി പഠിച്ചുവരുന്ന തഫ്സീറുൽ ജലാലൈനി'യിൽ നല്കപ്പെട്ട അർത്ഥം കാണുക: അതിലും മുമ്പ് പറഞ്ഞ രണ്ടു വ്യാഖ്യാനങ്ങളും തന്നെ, രണ്ടു വ്യാഖ്യാനപ്രകാരവും നബിതിരുമേനി ആരോടും ചോദിച്ചിട്ടില്ലെന്നുകൂടി ജലാലൈനി പ്രസ്താവിക്കുന്നു:

قيل هو على ظاهره بان جمع له الرسل ليلة الاسراء وقيل المراد امم من اهل اى الكتابين ولم يسأل على واحد من القولين لانّ المراد من الامر بالسؤال التقرير لمشركى قريش انه لم يأت

رسول من الله ولا كتاب بعبادة غير الله

ഇവിടെ ارسلنا من എന്നതിൽ اسم എന്ന مضاف കൂടി സങ്കല്പിച്ചു ചേർത്താണ് ജലാലൈനിയുടെ വ്യാഖ്യാനമായ 'സ്വാവി'യിൽ ഈ വചനം വ്യാഖ്യാനിച്ചത്. അതായത്, മുൻ പ്രവാചകന്മാർ നിയോഗിക്കപ്പെട്ട സമുദായങ്ങളോടു ചോദിക്കാനാണ് കല്പിച്ചിരിക്കുന്നത്, മരണപ്പെട്ട പ്രവാചകന്മാരോടല്ല എന്ന്.

അപ്പോഴം പട്ടണത്തോടു ചോദിക്കാൻ പറഞ്ഞതു പോലെ തന്നെയുള്ള ഒരു ആലങ്കാരിക പ്രയോഗമാണ് മുൻ കഴിഞ്ഞ പ്രവാചകന്മാരോടു ചോദിക്കുകയെന്ന പ്രയോഗവും. രണ്ടു സ്ഥലത്തും ബാഹ്യമായ അർത്ഥമല്ല ഉദ്ദേശം. ഈ വചനപ്രകാരം ആരോടെങ്കിലും ചോദിക്കലും മറുപടി പറയിപ്പിക്കലുമല്ല, ചിന്തിപ്പിക്കുകയാണുദ്ദേശമെന്നു ഇമാം നസീ(റ) വ്യാഖ്യാനിക്കുന്നത് കൂടുതൽ ശ്രദ്ധേയമാണ്. ഇത്രയും പറഞ്ഞതിൽനിന്നു മേലുദ്ധരിച്ച ഖുർആൻ വചനത്തിന്റെ അർത്ഥവും താല്പര്യവുമെന്താണെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ? ഏകദൈവത്തിലുള്ള വിശ്വാസവും ഏകദൈവത്തെ മാത്രമുള്ള ആരാധനകളുമാണ് എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തത്. ഒരു വേദഗ്രന്ഥത്തിലും ബഹുദൈവാരാധനക്കനുകൂലമായ ഒരു പ്രസ്താവനയും വന്നിട്ടില്ല. ഈ സത്യം ചരിത്രത്തിൽ കണ്ടെത്താൻ കഴിയുമെന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്.

എന്നാൽ, അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുക, മരിച്ചുപോയ മഹാൻമാരോട് സഹായം

തേടുക തുടങ്ങിയ തൗഹീദിനു വിരുദ്ധമായ ഇസ്തി ഗാസക്ക് അനുകൂലമായും തെളിവായും ഒരു വിഭാഗം പണ്ഡിതന്മാർ മേൽ വചനം ദുർവ്യാഖ്യാനം ചെയ്യുന്നു. അങ്ങേഅററം ഖേദകരം എന്നല്ലാതെ മറെറന്തുപറയും?

ഈ സൂക്തത്തിൻെറ മറപിടിച്ചുള്ള അവരുടെ ദുർവ്യാഖ്യാനം ഇങ്ങനെ സംഗ്രഹിക്കാം, 'മുൻകഴിഞ്ഞ പ്രവാചകന്മാരോടു ചോദിക്കുക' യെന്നാൽ അവരെ വിളിച്ചു സഹായം തേടുക എന്നാണുദ്ദേശം. അങ്ങനെ തേടണമെന്നാണു അല്ലാഹു നബി (സ)യോടാവശ്യപ്പെടുന്നത്. അപ്പോൾ മരിച്ചുപോയ അമ്പിയാക്കളോടും ഔലിയാക്കളോടും നമുക്ക് സഹായം തേടാം. തേടാം എന്നുമാത്രമല്ല, തേടണമെന്നതു അല്ലാഹുവിൻെറ ആജ്ഞ കൂടിയാണ്. ഇതിനെതിരിലുള്ള വാദം തനികള്ളമാണു, ഖുർആനിന്നെതിരുമാണ്...... ''എന്തുമാത്രം ഭയങ്കരമാണ് അവരുടെ വായയിൽ നിന്നു പുറപ്പെടുന്ന വാക്കുകൾ? അവർ കള്ളം മാത്രമാണു പറയുന്നത്'' എന്ന ഖുർആൻ വചനം ഓർത്തുപോവുകയാണ്.

അവരുടെ വാദത്തിലടങ്ങിയ പൊള്ളത്തരം എളുപ്പം മനസ്സിലാക്കാവുന്നതാണ്. സഹായം തേടുക എന്ന അർത്ഥത്തിലല്ല; ചോദിച്ച് മനസ്സിലാക്കുക എന്ന അർത്ഥത്തിലാണ് (اسئل) എന്ന പദം പ്രയോഗിച്ചിട്ടുള്ളതു. (واسئل القرية) എന്നാൽ പട്ടണത്തെവിളിച്ച് സഹായം തേടുകയെന്നല്ല, ചോദിക്കുകയെന്നാണർത്ഥം. അതുപോലെ മുൻകഴിഞ്ഞ പ്രവാചകന്മാരോടോ, അവരുടെ സമുദായങ്ങളോടോ നബിതിരുമേനി

ഇങ്ങനെയുള്ളൊരു ചോദ്യം നടത്തിയിട്ടില്ലെന്നു വ്യാഖ്യാതക്കൾ ഉറപ്പിച്ചു പറയുമ്പോൾ, ചോദിച്ചറിയുക എന്ന അർത്ഥത്തിലല്ല,സ്ഥിരീകരണമെന്ന അർത്ഥത്തിലാണ് ഈ പ്രയോഗമെന്നും മനസ്സിലാകുന്നു.

ഇനി, നേർക്കു നേരെയുള്ള അർത്ഥ പ്രകാരം, മുൻ പ്രവാചകൻമാരോട് ചോദിക്കാനാണ് കൽപനയെങ്കിൽ അതുതന്നെയും രാപ്രയാണ സംഭവത്തിൽ, നബി തിരുമേനിക്കുണ്ടായ മുഅ്ജിസത്ത് എന്ന നിലയിൽ മുൻ പ്രവാചകൻമാരെ ഒരുമിച്ചുകൂട്ടിയ സന്ദർഭത്തിലാണ്. അല്ലാതെ, മററുകാലങ്ങളിലെല്ലാമല്ല. അങ്ങനെ 'മുഅ്ജിസത്തു' എന്ന നിലയിൽ മുൻപ്രവാചകരെയും ഔലിയാക്കളെയും നമുക്ക് മുമ്പിൽ ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അവരോടു നമുക്കും ഒന്നു ചോദിക്കാമായിരുന്നു. എന്നാൽ മുഅ്ജിസത്തുകൾ നമുക്കില്ലല്ലോ. അത് അമ്പിയാക്കൾക്കു മാത്രമുള്ള ഒന്നാണല്ലോ. ഏതായാലും മരിച്ച പ്രവാചകരോട് സഹായം ചോദിക്കാമെന്ന അർത്ഥത്തിൽ പൂർവ്വ പണ്ഡിതൻമാരാരും ഈ ഖുർആൻ വചനം വ്യഖ്യാനിച്ചിട്ടില്ലെന്നും ബഹുദൈവരാധനയുമായി ബന്ധപ്പെട്ട ഇസ്തിഗാസ ന്യായീകരിക്കുവാൻ ചില പണ്ഡിതൻമാർ നടത്തിയ ഹീനമായ ദുർവ്യാഖ്യാനം മാത്രമാണിതെന്നും മനസ്സിലാക്കാൻ പ്രയാസമില്ല കല്ലും മണ്ണും കൂടിയ പട്ടണത്തോടു ചോദിക്കുകയെന്ന ഖുർആൻ വചനത്തിൽ നിന്ന്, കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളോടും സഹായം അർത്ഥിക്കുകയെന്ന വ്യാഖ്യാനം വരെ ഈ ആയത്തിന്നുണ്ടാകുകയാണെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. അല്ലാഹു കാക്കട്ടെ. ആമീൻ.

# സമാപനം

''മരിച്ച മഹാന്മാരെ വിളിച്ചു പ്രാർത്ഥിക്കുക; സഹായത്തിന്നും രക്ഷക്കും അവരെ അവംലംബിക്കുക'' തുടങ്ങി ഇസ്തിഗാസയുടെ പേരിൽ മുസ്ലിം സമുദായത്തിനിടയിൽ കൊല്ലങ്ങളായി നടന്നു വരുന്ന പല വിശ്വാസങ്ങളും ആചാരങ്ങളും ഇസ്ലാമിൽ അനുവദനീയവും ആവശ്യവുമാണ്; പരിശുദ്ധ ഖുർആനിലും ഹദീസുകളിലും അതിന്നു മതിയായ തെളിവുകളുണ്ട്; അഹ്ലു സ്സുന്നത്തി വൽജമാ അത്തിൻെറ വിശ്വാസവും പൂർവ്വകാല പണ്ഡിതന്മാരുടെ അഭിപ്രായവും അതുതന്നെയാണ്'' എന്ന കേരള മുസ്ലിം പണ്ഡിത ഭൂരിപക്ഷത്തിൻെറ വാദത്തിന്ന് യാതൊരടിസ്ഥാനമില്ലെന്നു, സത്യാന്വേഷികൾക്കു ബോധ്യപ്പെടാൻ ഇത്രയും വിശദീകരണം തന്നെ ധാരാളം മതിയെന്ന് നാം മനസ്സിലാക്കുന്നു. പരിശുദ്ധ ഖുർആനും തിരുസുന്നത്തും, സലഫു സ്സ്വാലിഹുകളായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും ആധാരമാക്കിയാണ് നാം കാര്യങ്ങൾ വിശദീകരിച്ചിട്ടുള്ളതെന്നും വായനക്കാർ കണ്ടു. തെളിവിന്നു നാം ഉദ്ധരിച്ച പ്രമാണങ്ങളും ആശ്രയിച്ച ഗ്രന്ഥങ്ങളുമാകട്ടെ, മുസ്ലിം ലോകം മുഴുവൻ ഒരുപോലെ അംഗീകരിക്കുന്ന ആധികാരിക രേഖകളുമാണ്. അതുകൊണ്ടു ഈ കൊച്ചു പുസ്തകം, മുസ്ലിം പണ്ഡിതന്മാർക്കും സാധാരണക്കാർക്കും ഒരു പുനരാലോചനക്ക് കാരണമായിത്തീരുമെന്നു പ്രതീക്ഷാപൂർവ്വം നാം ആഗ്രഹിക്കു

ന്നു. മതത്തിൻെറ കാര്യത്തിൽ ദുർവാശിയും അഹംഭാവവും കാണിക്കുന്നതു ഖേദത്തിനിടയാക്കുമെന്നു ഈ അവസരത്തിൽ എല്ലാവരേയും ഞാൻ ഓർമ്മിപ്പിക്കുന്നു.

സത്യം കണ്ടെത്താനും അതുംകൊണ്ടു ജീവിക്കാനും കരുണാനിധിയായ അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ

O